SINCE 1976

# ഐക്യദീപം

വില ₹ 10

2019 മേയ്






# കരുതൽ

## PUSHPAGIRI PRIVILEGE CARD

### ചികിത്സകളിൽ 30% മുതൽ 100% വരെ ഇളവ്

നിങ്ങളുടെ വീടിന്റെ സമീപത്തുള്ള ജനപ്രതിനിധികളുമായോ പൊതുപ്രവർത്തകരുമായോ വികാരി അച്ചൻമാരുമായോ ബന്ധപ്പെടുക.

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77647 22





2019 മെയ്
പുസ്തകം 44 ലക്കം 04


# ഐക്യദീപം

## ഉള്ളടക്കം


**കുടുംബവും ദൈവവിളിയും** 9
മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയസ്

**ദൈവവിളിയുടെ അടയാളങ്ങളും വെല്ലുവിളികളും** 12
മോസ്റ്റ് റവ. ഡോ. വിൻസെന്റ് മാർ പൗലോസ്

**പൗരോഹിത്യം വിളിയും ശ്രേഷ്ഠതയും** 16
ഫാ. ഡോ. ജോൺ കുറ്റിയിൽ

**കുടുംബപ്രേഷിതത്വം മലങ്കര കത്തോലിക്കാസഭയിൽ** 20
റവ. ഫാ. കുര്യാക്കോസ് കുത്തനേത്ത്

**കൃപ നിറയുന്ന കുടുംബങ്ങൾ** 25
ഫാ. ഡോ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ

**സന്ന്യാസജീവിതം** 30
മദർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.

**സന്ന്യാസികൾ ദൈവം കേട്ടവരും ദൈവത്തെ കേട്ടവരും** 34
ഫാ. ജയിംസ് മാത്യു ഒ.ഐ.സി.

**അച്ചാ, ദൈവം തന്റെ ശുശ്രൂഷയ്ക്ക് ഒരുവനെ വിളിക്കുന്നുവെന്ന് അറിയുന്നതെങ്ങനെയാണ്?** 42
റവ. ഫാ. മാത്യു പഞ്ഞിക്കാട്ടിൽ



രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**
**ഫാ. എബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗീസ് ഐസക് തെക്കേടത്ത്



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com






All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com



# അരാജകത്വത്തിന്റെ വിളവെടുപ്പു നടത്തുന്നവരെ തിരിച്ചറിയണം

**ലോ**കം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. മാറുന്ന ലോകത്തിൽ ബന്ധങ്ങളും അതിവേഗം മുറിഞ്ഞുകൊണ്ടിരിക്കുന്നു. വിവാഹം, കുടുംബ ജീവിതം, ഈശ്വരവിശ്വാസം, പൗരോഹിത്യം, സന്യാസം എന്നിവയെക്കുറിച്ചൊക്കെയുള്ള ചിന്തകളും സങ്കല്പങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഗുരുത്വം നഷ്ടപ്പെടുത്തുന്ന ഒരു തലമുറയും, മാറുന്ന ലോകത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. നാലക്ഷരത്തിന്റെ വിദ്യാഭ്യാസവും, നാല് കാശും, നാലാളറിയുന്ന സ്ഥാനവും നാലുപേരുടെയിടയിൽ സ്വാധീനവും ഉണ്ടാകുമ്പോൾ മറക്കുന്ന മൂന്നക്ഷരമാണ് ഗുരുത്വം. ഇത് കുടുംബത്തിൽ മാത്രമല്ല, എല്ലാ തലങ്ങളിലുമുണ്ട്. വളർത്തി വലുതാക്കിയവരെ ചവറ്റുകുട്ടയിലും, വെളിച്ചം കയറാത്ത മൂലയിലും ഒതുക്കുന്നവർക്ക്, അവരറിയാതെ നഷ്ടപ്പെടുന്നതാണ് ഗുരുത്വം. മുൻകാലങ്ങളിൽ നല്ല കാര്യങ്ങൾക്ക് - പരീക്ഷക്ക്, ഇന്റർവ്യൂവിന്, ജോലിക്ക് - ഒക്കെ ഇറങ്ങി പുറപ്പെടുമ്പോൾ, നമ്മുടെയൊക്കെ ഭവനങ്ങളിൽ വല്ല്യപ്പച്ചന്മാരുടെയും, വല്ല്യമ്മച്ചിമാരുടെയും, മാതാപിതാക്കളുടെയും കാൽതൊട്ട് വന്ദിച്ച് അനുഗ്രഹം സ്വീകരിക്കുന്ന ഒരു പാരമ്പര്യവും ശീലവും നമുക്ക് ഉണ്ടായിരുന്നു. അത് ഗുരുത്വത്തിന്റെ ലക്ഷണമായിരുന്നു. ഇന്ന് അത് എവിടെ പോയി? ഇന്ന് വന്ദിക്കുന്നതിനു പകരം നിന്ദിക്കുന്ന രീതിയിലുള്ള മാറ്റത്തിന്റെ കാലമാണ്. സാമാന്യ മര്യാദ പോലും പുലർത്താതെയുള്ള നിന്ദനങ്ങളും അപമാനങ്ങളും ഏറി വരുന്നു. നിരപരാധികളെയും എതിരാളികളെയും വ്യക്തിഹത്യ നടത്തുന്നതിന് യാതൊരു സങ്കോചവുമില്ല.

തിരഞ്ഞെടുപ്പ് കാലമാണല്ലോ ഇത്. പ്രചാരണ വേദികളിൽ നിരന്തരം നാം കാണുന്നതും കേൾക്കുന്നതും വ്യക്തിഹത്യതന്നെ. കൈയ്യടിക്കുവേണ്ടിയും നാല് വോട്ടിനുവേണ്ടിയും അന്യന്റെ സൽപേരും, വ്യക്തിജീവിതവും ചവിട്ടിയരച്ച് ആനന്ദിക്കുന്നവർ. അപരന്റെ വേദന തനിക്കൊന്നുമല്ല എന്ന് ചിന്തിച്ച് സ്വന്തം കാര്യത്തിൽ ആനന്ദം കണ്ടെത്തുന്നവർ. ഇതാണോ യഥാർത്ഥത്തിൽ ഭാരതീയസംസ്കാരം?. തോളോടുതോൾ ചേർന്ന് വിവിധ മതസ്ഥർ ജീവിക്കുന്ന ഈ രാജ്യത്ത് വർഗ്ഗീയതയുടെയും വെറുപ്പിന്റെയും വിത്തുകൾ വിതറി അരാജകത്വത്തിന്റെ വിളവെടുപ്പു നടത്തുന്നവരെ നാം തിരിച്ചറിയണം. ഈ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യങ്ങളെയും പൈതൃകത്തെയും കരിപൂശുവാനുള്ള ശ്രമങ്ങൾ തകൃതിയായി അണിയറയിൽ നടക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിവരുന്നു. ഒരുവശത്ത് നവോത്ഥാനത്തിന്റെ പേര് പറഞ്ഞ് ചരിത്രത്തെ വളച്ചൊടിക്കുന്നു. നവോത്ഥാനത്തിന് വിത്തുപാകിയത് ക്രൈസ്തവ മിഷനറിമാരാണെന്ന ചരിത്രം തമസ്ക്കരിക്കുന്നതിൽ എന്തൊരു ആവേശവും സന്തോഷവുമാണ്. ക്രൈസ്തവ മിഷനറിമാർ സ്വന്തം നേട്ടത്തിനോ, ക്രൈസ്തവവത്ക്കരണത്തിനോ ആയിരുന്നില്ല അത് ചെയ്തത്. മറിച്ച്, നാടിന്റെ സമഗ്രവികസനമായിരുന്നു അവരുടെ ലക്ഷ്യം. രാജ്യത്ത് അസഹിഷ്ണുത വളർന്നുവരുന്നുവെന്ന് സമീപകാല സംഭവങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുന്നു. തിരഞ്ഞെടുപ്പും ഭരണകൂടങ്ങളും ഭരണസംവിധാനങ്ങളും മാറി മാറി വരും. പക്ഷേ നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ മുദ്രാവാക്യം ഉയർത്തി മുന്നോട്ടുപോകുവാൻ ഭാരതത്തിലെ ഓരോ ഭരണകൂടത്തിനും സാധിക്കണം. നൂറ്റാണ്ടുകളായി ഈ മണ്ണിൽ, ഒരേ വായുതന്നെ ശ്വസിച്ച് ജീവിക്കുന്നവരാണ് ഇവിടെയുള്ള ക്രിസ്ത്യാനിയും, ഹിന്ദുവും, മുസ്സൽമാനും. അവർക്കിടയിൽ വിഭാഗീയതയുടെയും, വർഗ്ഗീയതയുടെയും വൻമതിലുകൾ തീർത്ത്, ഹിംസയുടെയും, വെറുപ്പിന്റെയും വികാരങ്ങൾ കൊണ്ടുവരുന്നവരെ നാം തിരിച്ചറിയണം. മതേതര ഭാരതം എന്ന സ്വപ്നത്തിനും സങ്കല്പത്തിനുംവേണ്ടി നിലകൊള്ളാൻ ഓരോ ഭരണകൂടത്തിനും സാധിക്കണം. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുമ്പോൾ ഭാരതത്തിന്റെ ആത്മാവ് തേങ്ങുകയാണ്. ഇവിടെ

ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും ഒരുപോലെ സ്വൈര്യമായി ജീവിക്കുവാൻ കഴിയണം. അപരന്റെയോ, അന്യമതസ്ഥന്റെയോ പതനംകണ്ട് ആഘോഷിക്കുന്നതല്ല ഭാരതീയ സംസ്കാരം. അന്യന്റെ വേദനയെ സ്വന്തം വേദനയായി കാണുന്നതാണ് ഭാരതസംസ്കാരം. ആധാർ കാർഡില്ലെന്നപേരിൽ റേഷൻകാർഡ് കിട്ടാതെ ഒരു പെൺകുട്ടി പട്ടിണി കിടന്നതും, കടം തിരിച്ചടയ്ക്കാൻ കഴിവില്ലാതെ ജപ്തി നേരിട്ട കർഷകർ ആത്മഹത്യ ചെയ്തതും, ഓക്സിജൻ കിട്ടാതെ 200ളം കുട്ടികൾ മരിച്ചതും, സ്വന്തം മകളുടെ ശവശരീരം തോളിൽ ചുമന്ന് പോകേണ്ടിവന്ന അച്ഛനുമൊക്കെ, ഉഗാണ്ടയിലോ, എത്യോപ്യയിലോ അല്ല, നമ്മുടെ ഭാരതത്തിൽ തന്നെ. കോടികൾ കട്ടവർ സ്വിറ്റ്സർലണ്ടിലും, ഇംഗ്ലണ്ടിലുമൊക്കെ സുഖമായും ആർഭാടമായും ഒരു കൂസലുമില്ലാതെ വിഹരിക്കുമ്പോൾ, ആധാർ, ലിങ്ക് ചെയ്തില്ലെന്ന കാരണത്താൽ, പാവപ്പെട്ട ഒരുവന്റെ ആകെയുണ്ടായിരുന്ന ആയിരം രൂപ ബാലൻസിന്റെ അക്കൗണ്ട് നിർത്തലാക്കിയത് എന്തൊരു വിരോധാഭാസം. ഇതാണോ ഭാരതത്തിന്റെ തുല്യനീതിയും ജനാധിപത്യ സങ്കല്പവും?.


ഗാന്ധിജിയോട് ഒരിക്കൽ ഒരു കുട്ടി ചോദിച്ചു: ബാപ്പുജി എന്താണ് ജനാധിപത്യം? ഗാന്ധിജി പറഞ്ഞു. നിങ്ങൾ ഒരു ഓട്ടമത്സരത്തിൽ പങ്കെടുത്ത് ജയിക്കുമ്പോൾ, നിങ്ങൾ ജയിച്ചുവെന്ന് മാത്രം ഓർക്കാതെ, കൂടെ ചിലരും ആ മത്സരത്തിൽ ഓടുവാൻ ഉണ്ടായിരുന്നുവെന്ന് ഓർക്കുന്നതാണ് ജനാധിപത്യം. ഒറ്റയ്ക്ക് ഓടിയാൽ ആരും ജയിക്കില്ല. അതിനാൽ നിങ്ങൾ ജയിച്ചത് നിങ്ങൾ ജയിച്ചതുകൊണ്ട് മാത്രമല്ല, കൂടെ ഓടി തോൽക്കാനും കുറേപേർ ഉണ്ടായിരുന്നതുകൊണ്ടുകൂടിയാണ്. മനുഷ്യവംശത്തിന്റെ എല്ലാ വിജയങ്ങൾക്കു പിന്നിലും ഓടി തോറ്റവരുടെ ഒരു വലിയ നിര കൂടിയുണ്ട് എന്ന ഓർമ്മയുടെ പേരാണ് ജനാധിപത്യം. കൂടെയുള്ളവരുടെകൂടെ ഓടാൻ കാണിക്കുന്ന മനസ്സുകൂടിയാണ് ജനാധിപത്യം. ഓടിതോറ്റവർ പരാജിതരല്ല, അവരാണ് നമ്മെ വിജയിപ്പിച്ചത് എന്ന് നാം ഓർക്കണം. മറ്റുള്ളവർ വിജയിപ്പിച്ചതുകൊണ്ട് വിജയിച്ചവരാണ് നമ്മിൽ പലരും.

മറ്റുള്ളവരെ വിജയിപ്പിക്കാൻ നാം തോൽക്കുന്നത് നല്ലതാണ്. കുടുംബജീവിതത്തിൽ മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും, മക്കൾ മാതാപിതാക്കൾക്കുവേണ്ടിയും തോറ്റു കൊടുക്കുന്നത് നല്ലതാണ്. കുടുംബത്തിനുവേണ്ടി, കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ചിലതൊക്കെ വിട്ടു കൊടുക്കുന്നതും, ചിലപ്പോഴൊക്കെ നമ്മുടെ സ്വാർത്ഥതാല്പര്യങ്ങളെ പരാജയപ്പെടുത്തുന്നതും നന്മയ്ക്കായേ ഭവിക്കൂ. സഭാജീവിതത്തിലും, സന്യാസജീവിതത്തിലും, പൗരോഹിത്യജീവിതത്തിലും ഇത് വ്യത്യസ്ഥമല്ല. സഭയിൽ നിന്നുകൊണ്ടുതന്നെ അതിന്റെ അടിത്തറ മാന്തുന്നവർ, സ്വയം ജയിക്കാൻ സഭയെന്ന പൊതുസംവിധാനത്തെ ബോധപൂർവ്വം പരാജയപ്പെടുത്തുകയാണ്. സന്യാസവും പൗരോഹിത്യവും, തെരുവീഥികളിലും ചാനലുകളിലും വലിച്ചിഴച്ച് വികലമായി ചിത്രീകരിക്കുമ്പോൾ, സ്വയം ജയിക്കാനും, ലക്ഷക്കണക്കിന് വിശ്വാസികളെ തോൽപ്പിക്കുവാനും പരിശ്രമിക്കുകയാണ് അത്തരക്കാർ. ആധുനിക സമൂഹത്തിൽ ചർച്ച ചെയ്യുന്നതും, വിശകലനം ചെയ്യുന്നതുമാണോ യഥാർത്ഥത്തിൽ പൗരോഹിത്യവും, സന്യാസവും, കൂദാശകളും? പൗരോഹിത്യവും സന്യാസവും ഏറെ നിശിതമായി വിമർശിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, ഒരു യഥാർത്ഥ പുരോഹിതനും സന്യാസിയും ആരാണെന്നാണ് ഈ ലക്കം ഐക്യദീപം ചർച്ച ചെയ്യുന്നത്.

ഏതാനും നാളുകൾക്കുമുമ്പ്, മഴവിൽ മനോരമ ചാനലിൽ സംപ്രേഷണം ചെയ്ത പ്രോഗ്രാമിൽ, കുമ്പസാരത്തെ അവഹേളിച്ച്, അതൊരു കുട്ടിക്കളിയായി ചിത്രീകരിച്ച്, വികലവും മ്ലേച്ഛവുമായി അവതരിപ്പിക്കുന്നതിൽ ഏറെ സന്തോഷവും ആഹ്ളാദവും അനുഭവിച്ചവരാണ് ചാനൽ പ്രവർത്തകർ. വിശ്വാസസമൂഹം വിശുദ്ധിയോടും ആദരവോടും കൂടെ കാണുന്ന, കുമ്പസാരമെന്ന കൂദാശയെ ഗെയിം നടത്തി സന്തോഷിക്കുവാൻ ഇറങ്ങിയവർ, യഥാർത്ഥത്തിൽ കുമ്പസാരം എന്തെന്നുപോലും അറിയാത്തവരാണ്. സഭയിലെ ഒറ്റപ്പെട്ട വിവാദങ്ങളോടൊപ്പം ഇല്ലാത്തതുകൂടി ചേർത്തുവച്ച് പൊലിപ്പിച്ച് മാസങ്ങളോളം ആഘോഷിക്കുന്നവർ സന്തോഷിക്കുകയാണ്. പലപ്പോഴും, സഭാവിരുദ്ധരും നിരീശ്വരവാദികളുമായ നാല് പേരോടൊപ്പം, സഭയുടെ നിലപാട് പറയാൻ പേരിനുമാത്രം ഒരാളെ വച്ച് ചർച്ച നടത്തിയിട്ട്, നാല് പേർ വലിയവായിൽ ഉച്ചത്തിൽ ആക്രോശിച്ച് പറയുന്നതാണ് യഥാർത്ഥത്തിൽ ശരിയെന്ന് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുമ്പോൾ അവർ സന്തോഷിക്കുകയാണ്. ഇതാണോ യഥാർത്ഥത്തിലുള്ള മാധ്യമപ്രവർത്തനവും മാധ്യമസംസ്കാരവും?. മാധ്യമങ്ങൾ മനുഷ്യനെ നന്മയിലേക്കും ഈശ്വരവിശ്വാസത്തിലേക്കും മൂല്യബോധത്തിലേക്കും നയിക്കുവാൻ കടപ്പെട്ടവരാണ്. അതിനുപകരം തിന്മയിലേക്ക് ബോധപൂർവ്വം നയിക്കുന്നുവോ?. ധാർമികതയിലും സംസ്കാരത്തിലും പാരമ്പര്യങ്ങളിലും മൂല്യബോധത്തിലും ഉറച്ചുനിന്ന് നടത്തുന്ന മാധ്യമപ്രവർത്തനങ്ങളാണ്, ഒരു സമൂഹത്തിന് യഥാർത്ഥത്തിൽ ശരിയായ ദിശാബോധം നല്കുന്നത്. തിരുത്തലുകളാകാം - പക്ഷെ നശിപ്പിക്കുകയല്ല മാധ്യമങ്ങളുടെ ചുമതല. തെറ്റുകൾ ചൂണ്ടിക്കാണിക്കാം - പക്ഷെ വിധി പ്രഖ്യാപിക്കലല്ല ചെയ്യേണ്ടത്. സത്യവും നീതിയും വിട്ടുള്ളത് എന്ത് മാധ്യമപ്രവർത്തനം?. ആരെയെങ്കിലും നശിപ്പിച്ചേ അടങ്ങൂ വെന്ന ശാഠ്യം, മാന്യതയ്ക്കോ, സംസ്കാരത്തിനോ, മാധ്യമ ധാർമ്മികതയ്ക്കോ, രാഷ്ട്രീയ പ്രവർത്തനത്തിനോ ചേരുന്നതല്ല.

**ചീഫ് എഡിറ്റർ**
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

# തിരിച്ചറിയേണ്ട ദൈവികപദ്ധതി

**പീ**ഡനങ്ങളുടെ നാളുകൾക്കപ്പുറം ദൈവം ഒരുക്കിയ സുന്ദര സന്തോഷമുണ്ട്; മടുപ്പിക്കുന്ന ജീവിത ദുഃഖങ്ങളുടെ അങ്ങേ അറ്റത്തു ദൈവം ഒരുക്കിയ ഒരു നിധിയുണ്ട്; നിസ്സഹായാവസ്ഥയുടെയും തോൽവിയുടെയും മറുകരയിൽ ദൈവം പദ്ധതിയിട്ട ആത്യന്തിക സമാധാനമുണ്ട്. ഉറ്റവരും ഉടയവരും അകന്നുപോകുന്ന നേരത്ത്, കൂടെയിരിക്കുന്ന ദൈവം ഒരുക്കിയ തന്റെ സാന്നിദ്ധ്യം ഉണ്ട്; കല്ലറകളുടെ അടഞ്ഞ വാതിലുകൾ തുറക്കില്ല എന്നു കരുതുമ്പോൾ ദൈവം പ്രവർത്തിക്കുന്ന അത്ഭുതമുണ്ട്. അതാണ് ഉയിർപ്പ്. സമസ്യകളുടെ നടുവിൽ വെമ്പൽപ്പെടുന്ന മനുഷ്യനെ ആശ്രയിക്കുവാനുള്ള അനുഗ്രഹദണ്ഡ് ഉയിർപ്പാണ്. ഉയിർപ്പില്ലെങ്കിൽ എല്ലാം വ്യർത്ഥം. ഉയിർപ്പോടുകൂടി എല്ലാം അർത്ഥപൂരിതമാകുന്നു. എല്ലാറ്റിനും ഒരു ഉത്തരമുണ്ടെന്ന തോന്നലാണ് ഉയിർപ്പ്. കഴിഞ്ഞുപോയവ വ്യർത്ഥമായിരുന്നില്ല എന്ന ഓർമ്മപ്പെടുത്തലും. ഒരുവനെ സംബന്ധിച്ചുള്ള ദൈവിക പദ്ധതികൾ നിരന്തരം വിജയിക്കുന്നു. അവയ്ക്കു തെറ്റുണ്ടാകുന്നില്ല, കാരണം ആ പദ്ധതി ദൈവത്തിന്റെ പദ്ധതിയാണ്. യേശുവിന്റെ ക്രൂശുമരണം, കുരിശിൽ പിടഞ്ഞു മരിക്കുമ്പോൾ ആരെ തന്റെ ജീവൻ ഭരമേൽപ്പിച്ചോ, ആ യേശുനാഥന്റെ പിതാവിന്റേതാണ്. ഒരു പക്ഷെ പുത്രനുപോലും ചില നിമിഷത്തിൽ സംശയം തോന്നിപ്പോയ ദൈവപദ്ധതി. അതെ, ആ വിശുദ്ധ പദ്ധതിയാണ് രക്ഷയായി മാറിയത്. മരണത്തിനും പിശാചിനും അടിമയാകുവാൻ സ്വയം വിട്ടുകൊടുത്ത മനുഷ്യന്റെ തകർച്ചയ്ക്ക് വീണ്ടെടുപ്പായത്, ഉടയവന്റെ ആദ്യജാതന്റെ മരണവും ഉയിർപ്പുമായിരുന്നു. നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ഈ സ്വർഗ്ഗീയ പൊരുൾ മനസിലാക്കുമ്പോൾ മാത്രമെ നമുക്ക് ജീവനുള്ളൂ; ജീവിതമുള്ളൂ.

ഉയർപ്പിന്റെ പൊരുൾ മനസിലാകുമ്പോൾ നാം സമാധാനമുള്ളവരാകും. പരിസരങ്ങൾ ആരവം കൂട്ടിയാലും ഭയപ്പെടാതെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വളരാൻ കഴിയും. ശത്രുവായിട്ടാരുമില്ലെന്ന് നമുക്ക് മനസ്സിലാകും. ഈ യാത്രയുടെ ലക്ഷ്യം അതാണ്. അല്ലെങ്കിൽ യാത്രതന്നെ അതാണെന്നു പറയുന്നതാണ് കൂടുതൽ ശരി. വേർതിരിച്ചതും വെട്ടിമാറ്റിയതും ഒന്നും തന്നില്ല എന്നു മാത്രമല്ല, കൂടുതൽ ശക്തിയോടെ വീണ്ടും കാണപ്പെടുന്നു എന്ന അത്ഭുതം. ഉയിർപ്പുപോലെ ഇത്ര ശോഭാമയമായി മറ്റെന്താണുള്ളത്. അതിന്റെ നീരൊഴുക്ക് തടസ്സമില്ലാതെ ഇന്നും പ്രവഹിക്കുന്നു. പോകുന്ന തീരങ്ങളെ എല്ലാം ജീവസുറ്റതാക്കുന്നു. ആഴത്തിൽ വേരൂന്നാൻ ഇടം കൊടുക്കുന്നു. ഒന്നും തടസമല്ല. അത് സ്വഛമായി ഒഴുകുന്നു. വഴിയിലെ വലിയ പാറക്കെട്ടുകളെ പൊളിച്ചടുക്കുവാൻ പാടുപെടാതെ വഴിമാറി ഒഴുകുന്നു. അതായത് സത്യത്തിനുനേരെ പുറം തിരിഞ്ഞിരിക്കുന്ന പാറപോലെ കഠിനഹൃദയരെ അവരുടെ ഭാഗധേയത്തിനു വിടുന്ന ഒഴുക്ക്.

പ്രിയരെ നാം ഈ വലിയ അത്ഭുതമാണ് ഈസ്റ്ററിൽ ആഘോഷിച്ചത്. ദൈവമക്കൾക്കു തരുന്ന ഈ വലിയ പ്രത്യാശ നമ്മെ അജയ്യരാക്കുന്നു. ഇതു ജീവിക്കുവാനുള്ള രഹസ്യമാണ്.



ഇതിന്റെ പ്രകാശത്തിൽ നമ്മുടെ ജീവിതങ്ങളെ വിലയിരുത്തുവാൻ നമുക്കു കഴിയുമോ? എന്നും നാം ഈസ്റ്ററിന്റെ സന്തോഷത്തിലാണ്. ''ഇസ്രായേലിനു ഞാൻ തുഷാരബിന്ദുപോലെയായിരിക്കും, ലില്ലിപോലെ അവൻ പുഷ്പിക്കും, ഇലവുപോലെ അവൻ വേരുറപ്പിക്കും, അതിന്റെ ശാഖകൾ പടർന്നു പന്തലിക്കും. അവന് ഒലിവിന്റെ മനോഹാരിതയും ലബനോന്റെ പരിമളവും ഉണ്ടായിരിക്കും. അവർ തിരിച്ചുവന്ന് എന്റെ തണലിൽ വസിക്കും. പൂന്തോട്ടംപോലെ അവർ പുഷ്പിക്കും'' (ഹോസിയാ. 14: 5-7). ആയതിനാൽ ഈ മനോഭാവത്തിലും ആത്മികചൈതന്യത്തിലും ഈസ്റ്ററിനെ തുടർന്നുള്ള നാളുകൾ തീരട്ടെ! ഈ പെരുന്നാളിന്റെ ഗൗരവം കണക്കിലെടുത്താണ് ഈ ലക്കത്തിലും ഞാൻ ഉയിർപ്പിനെക്കുറിച്ച് സൂചിപ്പിക്കുന്നത്.

**2. തെരഞ്ഞെടുപ്പ്:** ഈ ലക്കം നിങ്ങളുടെ കൈകളിൽ എത്തുമ്പോഴേക്കും പല സ്ഥലങ്ങളിലും ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കും. ഏങ്കിലും ചരിത്രത്തിന്റെ ഭാഗമാകുന്ന നമ്മുടെ ഈ ശുശ്രൂഷയിൽ ഇത്ര ഗൗരവമായ സംഭവം പരാമർശിക്കപ്പെടാതെ പോകരുതല്ലോ. ജനാധിപത്യത്തിന്റെ കാവൽഭടന്മാർ, മൂല്യബോധമുള്ള, ചരിത്രം അറിയുന്ന, രാജ്യസ്നേഹമുള്ള ജനങ്ങളുടെ ശ്രദ്ധയും ജാഗരണവുമാണ്. 90 കോടി ജനങ്ങൾ 10 ലക്ഷം ബൂത്തുകളിലൂടെ തങ്ങളുടെ സമ്മതിദാനാവകാശം രേഖപ്പെടുത്തി ഈ നാടിന്റെ ഭാവി നിശ്ചയിക്കുന്ന ഗൗരവമേറിയ സമയം. തമാശിനും, സ്വാർത്ഥതയ്ക്കും കുട്ടിക്കളിക്കുമുള്ള സമയമല്ല ഇത്. ശക്തിപ്രകടനങ്ങളും വഴിനീളെയുള്ള ബാനറുകളും പോസ്റ്ററുകളും കാതടപ്പിക്കുന്ന ഉച്ചഭാഷണിയും മറ്റും കാലയവനികൾക്കുള്ളിൽ മറയേണ്ട സമയമായി. ഈ മുടക്കുന്ന പണം പ്രളയക്കെടുതിയിലെ എല്ലാം നഷ്ടപ്പെട്ടവർക്കായി മാറ്റിവച്ച് പ്രചാരണമില്ലാതെ നിലവിലുള്ള സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങളിലൂടെ നടത്താൻ പറ്റില്ലേ? തെരഞ്ഞെടുത്തവരെ തോളിലേറ്റിയല്ല, അവർ ജനങ്ങളെ തോളിലേൽക്കുന്ന നാളിൽ മാത്രമെ ജനാധിപത്യം വിജയിക്കൂ. സങ്കുചിതമായ ചിന്തകളിലൂടെ മതസ്പർദ്ധ വളർത്തി ഈ നാടിനെന്തു വളർച്ചയുണ്ടാക്കാനാവും. മതം ആവശ്യമാണ്. പക്ഷെ മനുഷ്യന്റെ അടിസ്ഥാന കാര്യങ്ങൾക്കാണ് ഏറ്റം വലിയ പ്രാധാന്യം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, പ്രത്യേകിച്ചും ശുദ്ധവായു, ശുദ്ധജലം തുടങ്ങിയവ. നാടിന്റെ വികസനം ലക്ഷ്യം വയ്ക്കാതെ കുറെപ്പേരുടെ മാത്രം താത്പര്യങ്ങൾ സംരക്ഷിച്ചു മുന്നോട്ടുപോകുന്നതിന് നാം വലിയ വില കൊടുക്കേണ്ടിവരും. ഈ

രാജ്യംപോലെ സുന്ദരമായ ഒരു ഭൂമി. ഇതിന്റെ ശ്രേഷ്ഠ പൈതൃകമാകുന്ന സമ്പത്ത്. ഇവ പരിരക്ഷിച്ച് ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ മാനവികതയിലും സംസ്കാരത്തിലും വികസനത്തിലും ശോഭിക്കുന്ന ഒരു ഭാരതം, മറ്റു രാഷ്ട്രങ്ങൾക്കു മാതൃകയാകേണ്ട ഭാരതം, ലോകമനസാക്ഷിയെ നയിക്കേണ്ട ഭാരതം.... എന്നീ സ്വപ്ന ങ്ങളെ മുന്നിൽ കണ്ട് ഈ മഹാസംഭവത്തെ നെഞ്ചിലേറ്റി സമ്മർദ്ദങ്ങൾക്കോ, പണത്തിനോ, ഭീഷണിക്കോ, മദ്യത്തിനോ സ്വാധീനപ്പെടാതെ ജനാധിപത്യത്തിന്റെ ഈ സവിശേഷ പ്രക്രിയയിൽ ഭാഗഭാക്കുകളാകാം. നമ്മുടെ നാടിനെ ദൈവം അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കാം.

**3. കുട്ടികൾ:** സ്കൂൾവർഷം അവസാനിച്ച് വേനലവധിക്ക് കുട്ടികൾ ഉഷാറാകുന്ന സന്ദർഭം. സാധാരണയിൽനിന്നും ഭിന്നമായ ദിവസക്രമങ്ങൾ. പൊതുവെ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം മനസിൽ നിറയുന്ന അനുഭവം. തീർച്ചയായും കൂടുതൽ വിശ്രമവും ഉല്ലാസവും കളിയും വിനോദയാത്രകളും ബന്ധുക്കളുടെ വീടുകൾ സന്ദർശിക്കുന്നതുമൊക്കെ പ്രധാനപ്പെട്ടതു തന്നെ. അതോടൊപ്പം - പ്രാർത്ഥന, നല്ല പുസ്തകങ്ങളുടെ വായന; പഠനത്തിൽ പ്രയാസമെന്നു തോന്നുന്ന വിഷയങ്ങളിലുള്ള ശ്രദ്ധ, ചില നന്മപ്രവൃത്തികൾ - ചെയ്യുന്നതുമൊക്കെ മറന്നു പോകരുത്. കുട്ടികൾ നഷ്ടപ്പെട്ടുപോകുന്ന ഒരുപാടു സാഹചര്യങ്ങൾ ഈ സമയത്തുണ്ടെന്ന് മാതാപിതാക്കളും മുതിർന്നവരും കുട്ടികളും മനസിലാക്കണം. ദുഷ്ക്കണ്ണുകളോടെ നമ്മുടെ കുട്ടികളെ കാണുന്ന രാക്ഷസന്മാർ പലപ്പോഴും നമ്മുടെ വീട്ടിൽത്തന്നെയുണ്ട്. കുഞ്ഞുങ്ങളുടെ നിഷ്കളങ്കത, ചില പാരിതോഷികങ്ങൾ നൽകി ദുരുപയോഗിച്ച് അവരെ എന്നന്നേക്കുമായി ചണ്ടികളാക്കുന്ന ഈ കൂട്ടരെ തിരിച്ചറിയാൻ, മാതാപിതാക്കൾ കുട്ടികൾക്കൊപ്പം സമയം ചെലവഴിക്കണം. ഈ പ്രായത്തിൽ ഏൽക്കുന്ന ആഘാതങ്ങളിൽനിന്നും കരകയറുവാൻ സാദ്ധ്യമല്ല എന്നു നാം മനസിലാക്കണം. ഈ അടുത്ത കാലത്ത്, കിടക്കയിൽ മുള്ളി എന്നതിന്റെ പേരിൽ അമ്മയുടെ കാമുകൻ ഒരു പിഞ്ചുകുഞ്ഞിനെ ദാരുണമായി എറിഞ്ഞുടച്ചതും, പിന്നീട് ആ കുഞ്ഞ് മരിച്ചതും ഇളയ കുട്ടിയെ ഹീനമായി ആക്രമിച്ചതുമെല്ലാം ഒരു അമ്മയുടെ മുമ്പിൽ തന്നെ. നാം എങ്ങനെ ഇവയെ കാണണം. ദൈവത്തിന്റെ അമൂല്യമായ ഈ നന്മകളെ വളർത്തി നമ്മുടെ ജീവിതം സുന്ദരമാക്കണം. ഓരോ കുഞ്ഞും ദൈവം ആഗ്രഹിക്കുന്ന ഉയരങ്ങളിലേക്ക് എത്തുവാൻ ആദ്യം മാതാപിതാക്കളും, പിന്നീട് സമൂഹം മുഴുവനും ശ്രദ്ധിക്കണം. വിശ്വാസപരിശീലനമേഖലയിൽ കുട്ടികളെ വേണ്ടതുപോലെ പ്രോത്സാഹിപ്പിച്ച് അവരെ ദൈവികരായി വളർത്തുവാൻ മാതാപിതാക്കൾ പൂർവ്വാധികം ശ്രദ്ധിക്കണം. പൊതുസമൂഹത്തിലും സാമൂഹ്യമാദ്ധ്യമങ്ങളിലും കണ്ടുവരുന്ന ദൈവനിഷേധങ്ങളും, ആത്മിക പ്രസ്ഥാനങ്ങളെയും വ്യക്തികളെയും താറടിക്കുന്ന പ്രവണതയും സമൂഹത്തിൽ വർദ്ധിച്ചു വരുന്നു. എന്തിനും ഏതിനും പൊട്ടിത്തെറിക്കുന്ന തലമുറയായി നാം തീർന്നിരിക്കുന്നു. മറ്റുള്ളവരെ മനസിലാക്കാനുള്ള ക്ഷമയും ആർജ്ജവവും കൈമോശം വന്നിരിക്കുന്നു. ഇങ്ങനെയുള്ള ജീവനില്ലാത്ത, ധാർമ്മികമല്ലാത്ത കുറെ മനുഷ്യകോലങ്ങൾ മാത്രമായി നാം അവശേഷിക്കുന്നുവോ?

വിശ്വാസത്തിന്റെ ആഴം അളക്കപ്പെടുന്നത് ദൈനംദിനജീവിതത്തിൽ വ്യക്തികളും കുടുംബങ്ങളും എടുക്കുന്ന ത്യാഗത്തിന്റെ തോതനുസരിച്ചാണ്. വൈദിക-സന്യാസ വിളികൾ പരിപോഷിപ്പിക്കപ്പെടേണ്ട ഒരു കാലമാണിത്. നമ്മുടെ പൊതുസമൂഹം ദൈവനിഷേധത്തിലും ഭൗതീക അതിപ്രസരത്തിലും മുന്നേറുമ്പോൾ, വിശ്വാസികൾ പൊതുവെ ഉൾവലിയുകയും, എതിരാളികൾ സർവ്വതും സമൂലം നശിപ്പിക്കുകയും ചെയ്യും. ഈ തേരോട്ടത്തിൽ പിടിച്ചു നിൽക്കുക വ്യക്തിപരമായ വിശ്വാസ തീഷ്ണതകൊണ്ടും, കാണപ്പെടുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും വിശ്വാസം പ്രഘോഷിക്കുകയും ചെയ്യുന്നതിലൂടെയാണ്. ഒഴുക്കിനെതിരെ നീന്തുവാൻ ശ്രമിക്കുക എന്നതാണ് നമ്മുടെ ദൗത്യം. മാർ ഈവാനിയോസ് പിതാവ് ഇക്കാര്യത്തിൽ നമുക്കു ശക്തമായ മാതൃകയാണ്. എല്ലാവരും പിന്മാറിയപ്പോഴും സത്യത്തിനുവേണ്ടി മുന്നോട്ടുവച്ച കാൽ തിരികെയെടുത്തില്ല. ഒരുപാട് ത്യാഗം അതിനു വേണ്ടിവന്നു. പക്ഷെ കാലം അതു ശരിയായിരുന്നു എന്ന് തെളിയിച്ചു. നമ്മുടെ കുഞ്ഞുങ്ങളെ ദൈവവിളിയിലേക്ക് പ്രോത്സാഹിപ്പിക്കണം. ദൈവത്തിനു വേണ്ടി ജോലി ചെയ്യുന്നതിലപ്പുറമായി മറ്റെന്താണ് കമനീയമായിട്ടുള്ളത്. ലോകവും അതിന്റെ ഇമ്പങ്ങളും നല്ലതായി തോന്നുന്നത് കുഴപ്പമില്ല, പക്ഷെ അത് ഭ്രമമാകുമ്പോൾ പിന്നെ ജീവൻ കാണില്ല.

പ്രിയ മാതാപിതാക്കളേ, അദ്ധ്യാപകരേ, അജപാലകരേ, നിങ്ങൾ കർത്താവിങ്കലേയ്ക്ക് കുട്ടികളെ കൊണ്ടുവരുക, അവിടുന്ന് അവരെ തൊടട്ടെ, തെരഞ്ഞെടുക്കട്ടെ, അയയ്ക്കട്ടെ! കുട്ടികളേ, നിങ്ങൾ ദൈവത്തിന്റെ വിളിക്കു കാതോർക്കുവിൻ; 'ഇതാ ഞാൻ' എന്നു മറുപടി പറയുക. ഈ ലോകത്തിൽ നമുക്കു യേശുവിനു സാക്ഷികളാകാം. സ്നേഹംകൊണ്ട് സർവ്വതിനെയും പൊതിയാം.

●



# കുടുംബവും ദൈവവിളിയും



**മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയസ് മെത്രാപ്പോലിത്താ**
**(ദൈവവിളിക്കായുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ)**

**ദൈ**വം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. പുരുഷനും സ്ത്രീയുമായി അവർക്കു ജന്മം നൽകി. കുടുംബ രൂപീകരണത്തിലേക്കാണ് ആദ്യ മനുഷ്യൻ വിളിക്കപ്പെട്ടത്. ഈ കുടുംബമാണ് മനുഷ്യസമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അടിസ്ഥാന ഘടകമായിത്തീരുന്നത്. പരിശുദ്ധ ത്രിത്വമാണ് കുടുംബത്തിന്റെ സമ്പൂർണ്ണ മാതൃക. കുടുംബദർശനം പൂർത്തീകരിക്കപ്പെടുന്നത് പുതിയനിയമത്തിലാണ്. വിവാഹം ഒരു കൂദാശയായി ഉയർത്തപ്പെട്ടു. കുടുംബമാണ് ലോകത്തിന്റെ ഗതി നിർണ്ണയിക്കുന്നത്.

**യേശുവിന്റെ കുടുംബം**

നസ്രത്തിലെ കുടുംബം എല്ലാ കുടുംബങ്ങൾക്കും ഉദാത്ത മാതൃകയാണ്. സ്നേഹവും വിശ്വാസവും സമർപ്പണവും ആഘോഷിച്ച ഭവനം. യേശു പിറന്ന ബേത്‌ലഹേം പുൽക്കൂട് എല്ലാ പരിമിതികൾക്കും മദ്ധ്യേ ഒരു കുടുംബമായി രൂപാന്തരപ്പെട്ടത് പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും ആ പരിമിതികളിലും ദൈവഹിതത്തിന് തങ്ങളെത്തന്നെ കീഴ്പ്പെടുത്തി സമർപ്പിച്ചതുകൊണ്ടാണ്. അതോടൊപ്പം ഒരു കുടുംബമായി തീർന്ന പുൽക്കൂട് ഒരു ആരാധനാലയമായി രൂപാന്തരപ്പെടുകയും ചെയ്തു. പുൽക്കൂട്ടിൽ എത്തിയ ആട്ടിയന്മാരും ജ്ഞാനികളും യേശുക്രിസ്തുവിനെ കുമ്പിട്ടാരാധിക്കുകയാണ്. മറിയവും യൗസേപ്പും ആരാധനയുടെ മനോഭാവത്തിലാണ് അവിടെയായിരിക്കുന്നത്. മാലാഖമാരുടെ സാന്നിധ്യം ഈ ആലയത്തിന്റെ പരിശുദ്ധി കുറേക്കൂടി സമ്പൂർണ്ണമാക്കി. ഓരോ കുടുംബവും യഥാർത്ഥത്തിൽ ദൈവാലയം തന്നെയാണ്.

**വിശ്വാസ രൂപീകരണത്തിന്റെ പാഠശാല**

യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ജീവിതമായിരുന്നു ആ മാതാപിതാക്കളുടേത്. ഓരോ

ക്രൈസ്തവ കുടുംബത്തിന്റെയും മാതൃക ഈ കുടുംബമാണ്. സഭയുടെ ചെറിയ പതിപ്പായ കുടുംബങ്ങൾ ഗാർഹികസഭയെന്നു വിശേഷിപ്പിക്കപ്പെടുന്നു. ഈ ഗാർഹികസഭയാണ് കുട്ടികളുടെ വിശ്വാസ രൂപീകരണത്തിന്റെ പാഠശാല. മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടതും അവരെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതും മാതാപിതാക്കൾതന്നെ. കുടുംബത്തിൽ പുലർത്തപ്പെടുന്ന മുൻഗണനകളും വിശ്വാസത്തെ പോഷിപ്പിക്കുന്നതിനാവശ്യമായ അന്തരീക്ഷവും സർവ്വോപരി മാതാപിതാക്കളുടെ വിശ്വാസസാക്ഷ്യവും കുട്ടികളുടെ രൂപീകരണത്തിൽ നിർണായകമാകുന്നു.

**ഗാർഹികസഭ ദൈവവിളിയുടെ ഉറവിടം**

ദൈവവിളി ദൈവത്തിന്റെ കരുണാർദ്രമായ ക്ഷണമാണ്. ആ വിളി തിരിച്ചറിഞ്ഞ് പ്രത്യുത്തരം നൽകാൻ വിളി ലഭിക്കുന്നവന് ഉത്തരവാദിത്വമുണ്ട്. ദൈവം വിതയ്ക്കുന്ന വിളിയുടെ വിത്തുകൾ മുളച്ചു വളരേണ്ട തോട്ടങ്ങളാണ് കുടുംബങ്ങൾ. വിത്തു വിതച്ചാൽമാത്രം പോരാ, അത് മുളച്ച് വളരാൻ അനുയോജ്യമായ മണ്ണും അന്തരീക്ഷവും ആവശ്യമാണ്. ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ തക്കവണ്ണം മക്കളെ രൂപപ്പെടുത്തേണ്ടത് കുടുംബങ്ങളിലാണ്. ദൈവവിളിക്ക് ഹൃദയപൂർവ്വം പ്രത്യുത്തരം നൽകാൻ മക്കളെ ഒരുക്കണം. അതിനു സഹായകമായ വിശ്വാസജീവിത പശ്ചാത്തലം കുടുംബത്തിൽ സൃഷ്ടിക്കണം. ഇതിൽ മാതാപിതാക്കളുടെ പങ്ക് എടുത്തു പറയേണ്ടതില്ലല്ലോ. ക്രിസ്തീയമൂല്യങ്ങളും സുകൃതങ്ങളും വേരുറയ്ക്കുന്ന കുടുംബാന്തരീക്ഷത്തിൽനിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. സ്നേഹവും വിശ്വാസവും നീതിയും സമാധാനവും അനുസരണവും പ്രാർത്ഥനാജീവിതവും പോഷിപ്പിക്കപ്പെടുന്ന അന്തരീക്ഷത്തിൽ മാത്രമെ എല്ലാറ്റിനും ഉപരിയായി ദൈവഹിതത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുന്നതിന് ഹൃദയങ്ങളെ സജ്ജമാക്കുവാൻ കഴിയൂ.

മക്കളെ ദൈവഹിതം സ്വീകരിക്കുവാൻ ഒരുക്കുകയും അതിൽ വളരാൻ അവരെ ബലപ്പെടുത്തുകയും ചെയ്യുക എന്നത് മാതാപിതാക്കളുടെ പ്രത്യേക നിയോഗമാണ്. വിളി സ്വീകരിച്ച മക്കൾ അതിൽ നിലനിൽക്കാനും വളരാനും മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും നിരന്തരം പ്രോത്സാഹിപ്പിക്കണം. അവർക്കാവശ്യമായ മാനസികവും വൈകാരികവുമായ ശക്തി പകർന്നു കൊടുക്കുകയും ചെയ്യണം.

**ദൈവവിളി പിറക്കാത്ത കുടുംബാന്തരീക്ഷം**

കെട്ടുറപ്പുള്ള കുടുംബാന്തരീക്ഷം ദൈവവിളിയ്ക്ക് അനിവാര്യമാണ്. കലങ്ങി മറിഞ്ഞ കുടുംബാന്തരീക്ഷവും ശിഥിലമായ കുടുംബബന്ധങ്ങളും നല്ല ദൈവവിളികൾ മൊട്ടിട്ടു വളരാൻ തടസ്സമാണ്. ഇത്തരം അന്തരീക്ഷത്തിൽനിന്ന് വൈദിക-സന്യാസ അന്തസ്സിലേക്ക് കടന്നു വരുന്നവരുടെ മാനസികവും വൈകാരികവുമായ പക്വതയില്ലായ്മ അവരുടെ എല്ലാ പ്രവർത്തനങ്ങളെയും ബാധിക്കും. ഇന്ന് സാർവ്വത്രികമായിക്കൊണ്ടിരിക്കുന്ന അണുകുടുംബസംസ്കാരം നമ്മുടെ കുടുംബങ്ങളെ ദൈവവിളികളുടെ ശ്മശാനങ്ങളാക്കിത്തീർക്കുന്നു.

ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനത്തിൽ നമ്മുടെ കുടുംബങ്ങൾ വല്ലാത്ത കെണിയിലാണ് അകപ്പെട്ടു കൊണ്ടിരിക്കുന്നത്. പണമാണ് സർവ്വസവും, പണസമ്പാദനത്തിന് ഏതു വഴിയും സ്വീകരിക്കാം. എല്ലാ തീരുമാനങ്ങളുടേയും പിന്നിൽ നിർണ്ണായകമാകുന്നത് പണസമ്പാദനമാണ്. ദ്രവ്യാസക്തിയും പരിഷ്കാരഭ്രമവും സുഖലോലുപതയോടുള്ള താൽപര്യവും ലൈംഗികതയെപ്പറ്റിയുള്ള വികലമായ ആശയങ്ങളും മദ്യത്തോടും മയക്കുമരുന്നിനോടുമുള്ള ആസക്തിയും നമ്മുടെ കുടുംബാന്തരീക്ഷത്തെ മലീമസമാക്കുന്നു. ഈ കുടുംബാന്തരീക്ഷം പൗരോഹിത്യ-സന്യാസ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയില്ല. എല്ലാം പരിത്യജിച്ച് ദാരിദ്ര്യാരൂപി പുലർത്തി ബ്രഹ്മചാരികളായി യേശുവിനു പിന്നാലെ ഇറങ്ങിത്തിരിക്കുക നിഷേധാത്മക സംസ്കാരത്തിൽ വളരുന്ന ഇന്നത്തെ തലമുറയ്ക്ക് അനാകർഷകമാകുന്നു.

**ദൈവവിളികൾ പോഷിപ്പിക്കുവാൻ**

പൗരോഹിത്യ-സന്യാസജീവിതം സാഹസികത ആവശ്യപ്പെടുന്ന ജീവിതമാണെന്നു യുവതലമുറയ്ക്ക് ബോധ്യമുണ്ടാകണം. അതിനുവേണ്ടി ജീവിതം മുതൽ മുടക്കുന്നത് ഒരു ലഹരിയായി അവർക്ക് അനുഭവപ്പെടണം. വിശുദ്ധ ഫ്രാൻസിസ് അസീസ്സിയ്ക്കു മുമ്പിൽ വെല്ലുവിളി ഉയർത്തിയ ദൈവത്തിന്റെ വചനം നമ്മുടെ യുവതിയുവാക്കൾക്കു മുമ്പിൽ വെല്ലുവിളിയുയർത്താൻ ഇടയാകണം. തിരുവചനാധിഷ്ഠിതമായ ആത്മീയത നമ്മുടെ കുടുംബങ്ങളിൽ പടുത്തുയർത്തിയാൽ നിസ്വാർത്ഥ സ്നേഹത്തിന്റെയും സേവനത്തിന്റെയും ലാളിത്യത്തിന്റെയും മാർഗ്ഗത്തിലൂടെ ജീവിതം സമർപ്പിക്കുവാൻ അതു പ്രേരകമാകും. രണ്ടാമതായി, നിഷ്ഠയോടെ നമ്മുടെ കുടുംബങ്ങളിൽ കുടുംബപ്രാർത്ഥന നടത്തുന്ന പാരമ്പര്യം തിരികെ കൊണ്ടുവരണം. പ്രാർത്ഥനയ്ക്കുവേണ്ടി നിശ്ചയിച്ച സമയം വിനോദപരിപാടികൾ കൈയ്യടക്കാതിരിക്കാൻ ശ്രദ്ധിക്കണം. പ്രാർത്ഥനയെ തുടർന്ന് ഉല്ലാസാന്തരീക്ഷത്തിൽ അത്താഴം പങ്കുവയ്ക്കുന്ന പതിവ് മുടങ്ങാതെ ശ്രദ്ധിക്കണം. ഒരർത്ഥത്തിൽ അതു കുടുംബപ്രാർത്ഥനയുടെ തുടർച്ച തന്നെയാണ്. മൂന്നാമതായി, കൂദാശാജീവിതത്തിൽ കുടുംബം പുലർത്തുന്ന ശ്രദ്ധ ദൈവവിളിയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. അനുദിന ദിവ്യബലിയിൽ കുടുംബത്തിൽനിന്ന് ഒരാളെങ്കിലും സംബന്ധിക്കുന്നതിലൂടെ കുടുംബത്തെ മുഴുവനും ഓരോ ദിവസവും ത്രോണോസിൽ അർപ്പിക്കാനാകുന്നു.

നാലാമതായി, വൈദിക-സന്യാസജീവിതത്തോടുള്ള ആദരവും സ്നേഹവും വർദ്ധിപ്പിക്കുന്നതിന് സഹായകമായ സംസാരങ്ങളും സമീപനങ്ങളുമാണ് നമ്മുടെ ഭവനങ്ങളിൽ ഉണ്ടാകേണ്ടത്. അവർക്കുവേണ്ടി കുടുംബമായി പ്രാർത്ഥിക്കുകയും വേണം. കുടുംബത്തിൽ ദൈവവിളി വളരാൻ ഇതു സഹായകമാകും. വൈദികരേയും സന്യസ്തരേയുംപറ്റിയുള്ള ആക്ഷേപാർഹമായ വിമർശനങ്ങളും സംഭാഷണങ്ങളും കുടുംബാന്തരീക്ഷത്തിലെ അഭിഷേകംതന്നെ നഷ്ടപ്പെടുത്താൻ ഇടയാക്കും. അഞ്ചാമതായി, വലിയ കുടുംബങ്ങൾ അനുഗ്രഹമാണെന്ന് നമ്മുടെ ദമ്പതികൾ മനസ്സിലാക്കണം. ദൈവികപദ്ധതിയിൽ വിവിധ രംഗങ്ങളിൽ വലിയവരായിതീരേണ്ട, എത്രയോ ജന്മങ്ങളാണ് ദമ്പതികളുടെ നിഷേധാത്മകമായ നിലപാടുകളിലൂടെ പിറക്കാതെ പോകുന്നത്. തെറ്റായ ധാരണകളുടെയും ഭയത്തിന്റെയും പശ്ചാത്തലത്തിൽ കുഞ്ഞുങ്ങളെ സ്വീകരിക്കാൻ മടിക്കുന്ന ദമ്പതികൾ മക്കളുടെ സമ്പന്നതയും അതു നൽകുന്ന ആത്മസംതൃപ്തിയും തിരിച്ചറിയാത്തവരാണ്. ആറാമതായി, നമ്മുടെ കുഞ്ഞുങ്ങൾ സങ്കീർണ്ണവും നിഷേധാത്മകവുമായ ഒരു സംസ്കാരത്തിലാണ് വളർന്നു വരുന്നത്. പ്രലോഭനങ്ങളുടെ പ്രളയം അവരെ വല്ലാതെ വലയ്ക്കുന്നു. അപക്വമായ മാധ്യമ ഉപയോഗം വലിയ കെണിയാകുന്നു. ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ട്വീറ്റർ ആപ്ലിക്കേഷനുകൾ തുടങ്ങിയവ എല്ലാ ഭൂഖണ്ഡങ്ങളേയും സമസ്ത മേഖലകളേയും അവരുടെ കൺമുമ്പിൽ എത്തിക്കുമ്പോൾ പക്വതയിൽ എത്താത്ത കുരുന്നുകൾ പരിഭ്രമിക്കും; വഴിതെറ്റും, വാടിക്കരിഞ്ഞുപോകും. അതുകൊണ്ട് മാതാപിതാക്കൾ പക്വതയോട് അവരെ പിൻതുടരേണ്ടതുണ്ട്. ഈ കുരുന്നുകളെ വിശ്വാസത്തിലെടുത്തുകൊണ്ടും ഹൃദയത്തോടു ചേർത്തുവച്ചു കൊണ്ടുമാണ്, പിൻതുടരേണ്ടത്.

**വൈദിക–സന്യസ്ത ദൈവവിളികൾ കുറയുന്നു എന്നത് സഭ ഇന്ന് അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളിയാണ്. ആത്യന്തികമായി അതു സഭയെ മാത്രമല്ല ബാധിക്കുന്നത് ലോകത്തെ മുഴുവനുമാണ്. വൈദികർ ബലിയർപ്പിക്കുന്നത് ലോകം മുഴുവനും വേണ്ടിയാണ്. സന്യസ്തർ അവരുടെ ശുശ്രൂഷകൾ സമർപ്പിക്കുന്നത് നാനാജാതി മതസ്ഥരായ പൊതുസമൂഹത്തെ മുൻനിർത്തിയാണ്. കൂദാശാനുഷ്ഠാനങ്ങളും ദൈവരാജ്യശുശ്രൂഷകളും പരിമിതപ്പെടുന്നതിലൂടെ സാത്താൻ കരുത്താർജ്ജിക്കും. കൂടുതൽ പ്രബലനായി അവൻ ലോകത്തെ ഛിന്നഭിന്നമാക്കും. അതുകൊണ്ടുത്തന്നെ പൗരോഹിത്യ–സന്യാസ ദൈവവിളികൾ പോഷിപ്പിക്കുവാൻ ബോധപൂർവ്വകമായ പരിശ്രമം ഉണ്ടാകണം; ദൈവസന്നിധിയിൽ നിലവിളികൾ ഉയർത്തണം.**


വൈദിക-സന്യസ്ത ദൈവവിളികൾ കുറയുന്നു എന്നത് സഭ ഇന്ന് അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളിയാണ്. ആത്യന്തികമായി അതു സഭയെ മാത്രമല്ല ബാധിക്കുന്നത് ലോകത്തെ മുഴുവനുമാണ്. വൈദികർ ബലിയർപ്പിക്കുന്നത് ലോകം മുഴുവനുംവേണ്ടിയാണ്. സന്യസ്തർ അവരുടെ ശുശ്രൂഷകൾ സമർപ്പിക്കുന്നത് നാനാജാതിമതസ്ഥരായ പൊതുസമൂഹത്തെ മുൻനിർത്തിയാണ്. കൂദാശാനുഷ്ഠാനങ്ങളും ദൈവരാജ്യശുശ്രൂഷകളും പരിമിതപ്പെടുന്നതിലൂടെ സാത്താൻ കരുത്താർജ്ജിക്കും. കൂടുതൽ പ്രബലനായി അവൻ ലോകത്തെ ഛിന്നഭിന്നമാക്കും. അതുകൊണ്ടുത്തന്നെ പൗരോഹിത്യ-സന്യാസ ദൈവവിളികൾ പോഷിപ്പിക്കുവാൻ ബോധപൂർവ്വകമായ പരിശ്രമം ഉണ്ടാകണം; ദൈവസന്നിധിയിൽ നിലവിളികൾ ഉയർത്തണം.

**ദൈവവിളിയുടെ അടയാളങ്ങൾ**

ഒന്നുകൂടി ഓർമ്മിപ്പിക്കട്ടെ ദൈവവിളിയ്ക്കുവേണ്ടി ഒരുക്കുന്ന നമ്മുടെ മക്കളെ പക്വതയും വിവേകവും ഉള്ളവരായി പരിശീലിപ്പിച്ചെടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. താഴെ പറയുന്ന കാര്യങ്ങൾ അവരിൽ ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

1. വീടിനേയും വീട്ടുകാരേയും ഉപേക്ഷിച്ച് കർത്താവിന്റെ വേല ചെയ്യാനുള്ള ഉറച്ച തീരുമാനം.
2. നിത്യപുരോഹിതനായ യേശുവുമായുള്ള വ്യക്തിപരമായ ബന്ധവും പൗരോഹിത്യ ജീവിതത്തോടുള്ള ആദരവും ഉണ്ടാകണം.
3. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ദാഹമുണ്ടായിരിക്കണം.
4. എല്ലാവരും സഹോദരങ്ങളാണ് എന്ന ബോധ്യത്തോടെ വേദനയും കഷ്ടതയും അനുഭവിക്കുന്നവരിൽ ക്രിസ്തുവിനെ കണ്ട് അവർക്കുവേണ്ടി സേവനം ചെയ്തു ജീവിക്കുവാനുള്ള അഭിലാഷവും സന്നദ്ധതയും ആവശ്യമാണ്.
5. പ്രേഷിതപ്രവർത്തനത്തിനുള്ള തീക്ഷ്ണമായ ആഗ്രഹമുണ്ടായിരിക്കണം.
6. സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും സഭയുടെ ഭാഗമായി തീരാനുള്ള സമർപ്പണവും ആവശ്യമാണ്.
7. ശുദ്ധ നിയോഗവും വൈകാരികമായ പക്വതയും അനിവാര്യമാണ്.
8. സഭയെ അറിഞ്ഞു സ്നേഹിക്കുവാൻ തയ്യാറാകണം.
9. പരിശുദ്ധ മറിയത്തോട് ആഴമായ ബന്ധം പുലർത്തുകയും നിരന്തര സഹായം തേടുകയും വേണം.
10. തിരഞ്ഞെടുക്കുന്ന ജീവിതാന്തസ്സ് അനുസരിച്ച് ജീവിക്കുവാനും പ്രവർത്തിക്കാനുംവേണ്ട ശാരീരികമായ ആരോഗ്യവും ബൗദ്ധികവും മാനസികവുമായ കഴിവും വേണം.





**മോസ്റ്റ് റവ. ഡോ. വിൻസെന്റ്
മാർ പൗലോസ് മെത്രാപ്പോലിത്താ
(സെമിനാരി പരിശീലനത്തിനുവേണ്ടിയുള്ള
സിനഡൽ കമ്മീഷൻ ചെയർമാൻ)**

# ദൈവവിളിയുടെ അടയാളങ്ങളും വെല്ലുവിളികളും

**അ**നാദിയിൽ വെളിപ്പെടാതിരുന്ന ദൈവസ്നേഹം, സൃഷ്ടി എന്ന അടയാളത്തിലൂടെ വെളിപ്പെട്ടു. സൃഷ്ടിയുടെ മകുടമായി, മാലാഖമാരേക്കാൾ അല്പംമാത്രം താഴ്ന്ന നിലയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻതന്നെ ദൈവസ്നേഹത്തിന്റെ അടയാളമായിരുന്നു. ആദത്തിന് തന്റെ അസ്തിത്വത്തിലേയ്ക്ക് ലഭിച്ച വിളി ആദ്യത്തെ ദൈവവിളി ആയിരുന്നു. ഇതര സൃഷ്ടികളെ പേരുചൊല്ലി വിളിക്കുവാൻ മനുഷ്യനെ ഭരമേൽപ്പിച്ചുകൊണ്ട് ജീവനുള്ള എല്ലാറ്റിനോടുമുള്ള ആദത്തിന്റെ ബന്ധത്തെ ദൈവം ഉറപ്പിച്ചു. സർവ്വലൗകിക സഹോദര്യമായി മനുഷ്യേതര സൃഷ്ടികളെ മനുഷ്യനിലൂടെ വിളിച്ച ദൈവം മനുഷ്യനെ നേരിട്ടു വിളിക്കുന്നു. ആഴമായ ബന്ധത്തിൽനിന്നാണ് പേരുചൊല്ലിയുള്ള വിളി ആരംഭിക്കുന്നത്. ചരിത്രാതീത കാലംമുതൽ അസ്തിത്വത്തിലേയ്ക്കുള്ള വിളിയായി, വിളിക്കുള്ളിലെ വിളിയായി, ചരിത്രത്തിലൂടെ ദൈവം മനുഷ്യനെ പേരുചൊല്ലി വിളിച്ചുകൊണ്ടിരിക്കുന്നു. ''ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചു നീ എന്റേതാണ്'' (ഏശ 43:1) എന്ന് പറഞ്ഞുകൊണ്ട് ദൈവം തനിക്ക് ഇഷ്ടപ്പെട്ടവരെ പ്രത്യേകമായി വിളിക്കുന്നു. ക്രിസ്തീയ ദൈവവിളിയ്ക്കായി, പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും ഇന്നും, വ്യക്തികളും, സഭയും, സമൂഹവും പരിശുദ്ധാത്മാവിലൂടെ ദൈവവിളിയിലുള്ള ദൈവാവിഷ്കരണം തിരിച്ചറിയുന്നു (discernment); ശ്രദ്ധാ

പൂർവ്വം ഹൃദയത്തിന്റെ ചലനങ്ങൾക്ക് കാതോർക്കുന്നവർക്ക്, മനസ്സാക്ഷിയിലൂടെയോ, നേരിട്ടോ ദൈവവിളിയെ വിവേചിച്ചറിയുവാൻ സാധിക്കുന്നു.

എല്ലാ ദൈവവിളികളും (കുടുംബ, പൗരോഹിത്യ, സന്യാസദൈവവിളികൾ) ശ്രേഷ്ഠം തന്നെ. അതിൽ ക്രിസ്തുതന്നെ തെരഞ്ഞെടുത്ത ജീവിതശൈലിയെ വരിക്കുകയാണ് പൗരോഹിത്യ-സന്യാസദൈവവിളിയിലൂടെ. അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കുമെന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തത്പരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്ന് ചിന്തിച്ച് ലൗകീക കാര്യങ്ങളിൽ തത്പരനാകുന്നു, അവന്റെ താത്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു... എന്ന് വി. പൗലോസ് ശ്ലീഹാവഴിയായി പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നുണ്ട് (1 കൊറി 7:28-35). സ്വന്തം ദൈവവിളി ഏതാണ് എന്ന് വിവേചിച്ചറിയുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും ഏതാണ് എന്ന് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് തന്നെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ വഴിയിലേയ്ക്കുള്ള ഹൃദയത്തിന്റെ സ്പന്ദനം സ്വയം വായിച്ചെടുക്കുവാൻ കഴിയും. ദൈവവിളിയുടെ വിവിധ ലക്ഷണങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഒരു വ്യക്തിക്കും സമൂഹത്തിനും, ഒരാളെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുവാൻ സാധിക്കുന്നു. ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികളിൽ അടച്ചിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു എന്ന് ഏശയ്യാ വിലപിക്കുന്നതുപോലെ ദൈവവിളിയുടെ ശക്തമായ ആകർഷണവലയത്തെ ഉള്ളിൽ എരിയുന്ന ഒരു അഗ്നിപോലെ ഒരു വ്യക്തിയ്ക്ക് തൊട്ടറിയുവാൻ സാധിക്കുന്നു.

**1. ക്രിസ്തുവുമായി ആഴമായ അടുപ്പത്തിനുള്ള അഭിനിവേശം :**

യേശു തന്റെ ഹൃദയത്തിനിണങ്ങിയവരെ പേരുചൊല്ലി വിളിക്കുന്നു. വി. മർക്കോസ് 3:13-ൽ, ''തനിക്കിഷ്ടമുള്ളവരെ തന്റെ അടുത്തേയ്ക്ക് വിളിച്ചു; അവർ അവന്റെ സമീപത്തേയ്ക്ക് ചെന്നു'' എന്ന് നാം കാണുന്നു. തന്നെ ഇഷ്ടപ്പെട്ട് വിളിക്കുന്ന ദൈവവുമായുള്ള സഖിത്വത്തിനായുള്ള (intimacy) തീവ്രമായ അഭിവാഞ്ഛ, ദൈവവിളിയുടെ പ്രത്യേക അടയാളമാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്ന് മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം തന്നെ മന്ത്രിക്കുന്നുണ്ട്. ഏകനായ മനുഷ്യന്റെ മുന്നിൽ രണ്ട് സാധ്യതകൾ കാണുന്നു. (i) ദൈവവുമായി ഐക്യത്തിൽ ആകുക (Communion). (ii) മറ്റൊരു വ്യക്തിയുമായി ഒന്നാകുക (Theology of the Body, Pope John Paul II). ഈ രണ്ട് സാധ്യതകളും ഇന്നും ഏവർക്കും തുറക്കപ്പെട്ടിരിക്കുന്ന പാതകൾ തന്നെയാണ്. ഏതെങ്കിലും ഒരു സാധ്യത തെരഞ്ഞെടുത്ത വ്യക്തിയുടെ ജീവിതത്തിന്റെ ഏകീകരണം (orientation) എപ്പോഴും തെരഞ്ഞെടുക്കപ്പെട്ട ജീവിത അവസ്ഥയിലേയ്ക്കായിരിക്കും. ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുന്ന ജീവിതം തെരഞ്ഞെടുക്കുന്ന വ്യക്തിക്ക്, അതിനായുള്ള ദൈവവിളി ലഭിച്ച വ്യക്തിക്ക്, ദൈവത്തോടും ദൈവിക കാര്യങ്ങളോടും (കൂദാശകൾ, വചനം, പ്രാർത്ഥന, ധ്യാനം etc) ആഴമായ അഭിനിവേശം ഉണ്ടായിരിക്കും. സ്നേഹഭാജനം ദൈവമായിരിക്കുമ്പോൾ, തനിക്കുള്ളതെല്ലാം വിറ്റ് രത്നങ്ങളടങ്ങിയ വയൽ വാങ്ങിയ വ്യാപാരിയെപ്പോലെ, ദൈവത്തെ സ്വന്തമാക്കുവാൻ, മറ്റെല്ലാം വില്ക്കുവാൻപോലും തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് സാധിക്കുന്നു. നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവത്തിനുവേണ്ടിയുള്ള ദാഹം അവനിൽ ദർശിക്കുവാൻ സാധിക്കുന്നു (ജ്ഞ. 42:1). 'ദൈവമേ നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവിനു വിശ്രമമില്ല' എന്ന് പറഞ്ഞ വി. അഗസ്തീനോസ്, മണവാളനെ തേടുന്ന മണവാട്ടിയുടെ ഭാവത്തോടെ ദൈവത്തെ തേടുന്ന ആത്മാവിന്റെ സ്പന്ദനങ്ങൾ സ്നേഹഗീത (Spiritual Canticle) യിൽ വരച്ചുകാട്ടിയ വി. യോഹന്നാൻ ക്രൂസ് തുടങ്ങിയ വിശുദ്ധരുടെ അനുഭവങ്ങളിൽ ദൈവത്തിനായുള്ള അഭിനിവേശത്തിന്റെ പാരമ്യം ദർശിക്കുവാൻ സാധിക്കും.

**ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ജീവിതം**

'സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്ത് അനുകരിക്കലാണ് സന്യാസജീവിതം' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. ദൈവവിളി ലഭിച്ച വ്യക്തിക്ക് ക്രിസ്തുവിനോടുള്ള സ്നേഹബന്ധത്തിൽ ആഴപ്പെടുന്നതിനനുസരിച്ച് ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുള്ള തീവ്രമായ ആഗ്രഹം ഉടലെടുക്കുന്നു. ക്രിസ്തുശിഷ്യൻ ആയിരിക്കുന്നതിൽ അഭിമാനിക്കുകയും, ക്രിസ്തു നടന്ന പാതയിലൂടെ നടക്കുവാൻ ആരംഭിക്കുകയും ചെയ്യുന്നു. കുരിശെടുക്കാതെ തന്റെ പിന്നാലെ വരുന്നവന് ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ലെന്നറിഞ്ഞ് കുരിശെടുക്കുവാനും സന്നദ്ധനാകുന്നു (ലൂക്കാ 14:27). ക്രിസ്തുശിഷ്യൻ ആയിരിക്കുവാൻവേണ്ട എല്ലാ നിലപാടുകളും സ്വീകരിക്കാനുള്ള മനസ്സാന്നിദ്ധ്യം ദൈവവിളിയുടെ മറ്റൊരു അടയാളമാണ്. ക്രിസ്തുശിഷ്യനായിരിക്കുക എന്നതൊഴികെ, മറ്റെല്ലാം അപ്രധാനങ്ങളായി കരുതുകയും, അവയെ ഉപേക്ഷിക്കുകയും ചെയ്യുവാനുള്ള ആത്മശക്തി പ്രാപിക്കുന്നു.

**വിശുദ്ധിക്കായുള്ള ആന്തരിക ദാഹം**

വിശുദ്ധിയാണ് സഭയുടെ ഏറ്റവും ആകർഷ

കമായ മുഖം എന്ന് പ. ഫ്രാൻസിസ് മാർപ്പാപ്പ പഠിപ്പിക്കുന്നു (Rejoice and be Glad). ജീവിതത്തിലെ വിശുദ്ധിയുടെ അടയാളങ്ങൾ, പ്രതിഷ്ഠിത ദൈവ വിളിയുടെ തീവ്രമായ മറ്റൊരു അടയാളമാണ്. ക്രിസ്തുവിന് പ്രതിഷ്ഠിതരാകാൻ വിളിക്കപ്പെട്ടവർ ആനന്ദപൂർവ്വം തങ്ങളുടെ പ്രതിബദ്ധതയിൽ ജീവിച്ചുകൊണ്ട് വിശുദ്ധരാകാൻ വിളിക്കപ്പെടുന്നു. ജീവിതകാലം മുഴുവൻ നീളുന്ന നിദാന്തമായ ഒരു പരിശ്രമമാണ് ഇത്. കർദ്ദിനാൾ ഫ്രാൻങ്കോയ്സിന്റെ തടവറയിലെ തീരുമാനം അദ്ദേഹം ഇങ്ങനെ വെളിപ്പെടുത്തുന്നുണ്ട്. ''സ്വതന്ത്രനാകുന്ന ദിവസം കാത്ത് ഞാൻ സമയം പാഴാക്കില്ല, എല്ലാ ദിവസവും എനിക്ക് കിട്ടുന്ന അവസരം ഞാൻ നഷ്ടമാക്കില്ല, സാധാരണ പ്രവർത്തികൾ അസാധാരണവിധത്തിൽ ഞാൻ പൂർത്തിയാക്കും എന്ന്''. അങ്ങനെ വർത്തമാനകാലത്തെ, സ്നേഹംകൊണ്ടും വിശുദ്ധികൊണ്ടും നിറയ്ക്കാനുള്ള പരിശ്രമം ദൈവവിളിയുടെ ആകർഷണീയമായ മറ്റൊരു അടയാളമാണ്. ജീവിതത്തിലെ ഒരേ ഒരു ദുരന്തം, ഒരു വിശുദ്ധനാകാത്തതാണ് എന്ന് വി. ലിയോൺ ബ്ലോയി ഓർമ്മിപ്പിക്കുന്നു.

**ദൈവശുശ്രൂഷയ്ക്കും ദൈവജനസേവനത്തിനുമായുള്ള അത്യുത്സാഹം**

'ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു' എന്ന് വി. പൗലോസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ, ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിന്റെ തീവ്രതയിൽ, വിശുദ്ധിയുടെ പാതയിൽ മുന്നേറുന്ന ഒരു ക്രിസ്തുശിഷ്യന്റെ ജീവിതശൈലി ക്രിസ്തുവിന്റേതായി മാറുന്നു; ദൈവജന ശുശ്രൂഷ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്കും വേലിയിറമ്പുകളിലേയ്ക്കും ഇറങ്ങിച്ചെന്ന്, ദൈവം നൽകുന്ന സമാധാനവും സുരക്ഷിതത്വവും അനുഭവവേദ്യമാകുംവിധം അവരെ ശുശ്രൂഷിക്കുവാനുള്ള ഉൾപ്രേരണയാണ്. ശാരീരികവും ആത്മീയവുമായ വിശപ്പടക്കുക എന്നത് അവരുടെ ജീവിതത്തിന്റെ നിയോഗമായി മാറുന്നു. ക്രിസ്തുവിനെ കണ്ടെത്തിയതുമുതൽ പാദങ്ങൾക്ക് വിശ്രമമറിയാതെ ആദിമസഭയിലെ ആദ്യത്തെ മിഷനറിയായ മഗ്ദലനാ മറിയവും, കൽക്കത്തയിലെ മദർ തെരേസായെപ്പോലുള്ള അനേകം വ്യക്തികളും ദൈവവിളിയുടെ ശുശ്രൂഷാപരമായ അടയാളത്തിന്റെ ശക്തമായ ഉദാഹരണങ്ങളാണ്.

ദൈവവിളിയുടെ ലക്ഷണങ്ങളിൽ സുപ്രധാനങ്ങളായ ഈ അടയാളങ്ങൾ ഒരിക്കൽ ജീവിതത്തിൽ പ്രത്യക്ഷപ്പെട്ട് മാഞ്ഞുപോകുന്നവയല്ല. ആജീവനാന്തം നീളുന്ന ആത്മീയയാത്രയുടെ പാതയിൽ വഴിവിളക്കുകൾ എന്നതുപോലെ നിരന്തരം ജ്വലിച്ചു നില്ക്കുന്നവയാണ്. ഈ അടയാളങ്ങളെ പരിശുദ്ധാത്മാവിലൂടെ വിവേചിച്ചറിയുവാൻ കഴിയുന്നു. ദൈവവുമായുള്ള ഓരോ കണ്ടുമുട്ടലുകളും (വി.കുർബാന, കുമ്പസാരം, മറ്റു കൂദാശകൾ, പ്രാർത്ഥന, വചനവായന, ധ്യാനം, ഭക്താഭ്യാസങ്ങൾ etc) ഈ വിവേചിച്ചറിയലിന് ഒരു വ്യക്തിയെ സഹായിക്കുന്നു.

**അടയാളങ്ങളും വെല്ലുവിളികളും**

പൗരോഹിത്യ-സന്യസ്ത ജീവിതത്തിന്റെ അപചയങ്ങൾ പലയിടങ്ങളിലും പല വ്യക്തികളിലും പ്രത്യക്ഷപ്പെടുമ്പോൾ, ദൈവവിളി എന്ന ദൈവികരഹസ്യത്തെ ചോദ്യം ചെയ്യുമ്പോൾ, അതിനെ ലൗകികവത്ക്കരിക്കുവാൻ തത്രപ്പെടുമ്പോൾ, തരംതാഴ്ത്താൻ ശ്രമിക്കുമ്പോൾ, ജീവനിലേയ്ക്ക് നയിക്കുന്ന ചൂണ്ടുപലകകൾ എന്തേ നിശ്ചലമാകുന്നു എന്നും, എതിർദിശയിലേയ്ക്ക് നിപതിക്കുന്നു എന്നും ആത്മശോധന ചെയ്യേണ്ടതുണ്ട്.

**രൂപീകൃതമല്ലാത്ത മനസ്സാക്ഷിയുടെ ഉടമകൾ**

മനസാക്ഷി എന്നത് ദൈവത്തോടും മനുഷ്യരോടുമുള്ള ഐക്യത്തിലും, അടുപ്പത്തിലും ജീവിക്കുവാൻ ഇടയാകേണ്ട പുണ്യസ്ഥലമാണ് (previlaged virtual place of special intimacy with God and man) എന്ന് വൊക്കേഷണൽ ഡിസേൺമെന്റ് എന്ന സിനഡൽ പ്രബോധനം നമ്മെ ഓർമ്മിപ്പിക്കുന്നു. മനസ്സാക്ഷിയുടെ രൂപീകരണം ജീവിതം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു പ്രക്രിയയാണ്. അത് ക്രിസ്തുവിനെ, തന്റെ ശൈലിയിലേക്കും പ്രവർത്തനങ്ങളിലേക്കും നയിച്ച കാഴ്ചപ്പാടുകളെയും തെരഞ്ഞെടുപ്പുകളെയും സ്വജീവിതത്തിലേയ്ക്ക് സ്വാംശീകരിക്കലാണ്. ശരിയായ രീതിയിൽ മനസ്സാക്ഷിയെ രൂപീകരിക്കാത്ത വ്യക്തിയുടെ കാഴ്ചപ്പാടുകൾ വികലമായിരിക്കും. നല്ലത് ചെയ്യുവാനും പ്രവർത്തിക്കുവാനുമുള്ള പ്രാപ്തി കുറവായിരിക്കുകയും ചെയ്യും. ചെറിയ നന്മകൾകൊണ്ട് തൃപ്തിപ്പെട്ട് വലിയ നന്മ എന്താണെന്ന് അവർ അറിയാതെ പോകുന്നു. സനാതന സന്യാസങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താൻ കഴിവില്ലാത്തവരായി മാറുന്നു. ആപേക്ഷികസത്യങ്ങൾ വ്യക്തിപരമായി രൂപീകരിച്ച്, തെറ്റും ശരിയും വികലമായ മനസ്സാക്ഷികൊണ്ട് വിലയിരുത്തി, അപകടകരമായ സ്വാതന്ത്ര്യത്തിലൂടെ സഞ്ചരിക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ, ദൈവവിളിയുടെ മാറ്റ് മങ്ങിപ്പോകുന്ന അടയാളങ്ങളും എതിർസാക്ഷ്യങ്ങളും ഈ കാലഘട്ടത്തിന്റെയും വെല്ലുവിളികളാണ്.

**2. ക്രൈസ്തവവത്ക്കരിക്കപ്പെടാത്ത കുടുംബങ്ങൾ**

''പ്രതിമകളെ ശ്രദ്ധിച്ച് വാർത്തെടുക്കുന്നതുപോലെ ശ്രദ്ധിച്ചുവേണം മക്കളെ വാർത്തെടുക്കുവാൻ'' എന്ന് മാർ ക്രിസോസ്റ്റം ഉപദേശിക്കുന്നുണ്ട്.

ക്രിസ്തുവിനെ മാറ്റിനിർത്തിയുള്ള ക്രിസ്തീയ കുടുംബങ്ങളുടെ എണ്ണം ഇന്ന് ഏറിവരികയാണ്. നാമമാത്ര ക്രിസ്ത്യാനികൾ ഇന്ന്



സഭയുടെതന്നെ മുഖത്തെ വിരൂപമാക്കുന്നുണ്ട്. ദൈവവുമായി കണ്ടുമുട്ടുവാനുള്ള എല്ലാ വഴികളും, ലോകത്തെ കണ്ടുമുട്ടുന്നതിന്റെ വ്യഗ്രതയിൽ അടഞ്ഞുപോകുമ്പോൾ, അണഞ്ഞുപോയ വിളക്കുകൾപോലെ, വരപ്രസാദങ്ങൾ വറ്റിപ്പോയ കുടുംബങ്ങൾ ഈ കാലഘട്ടത്തിന്റെ ദുരന്തമാണ്. ആത്മീയ വരൾച്ചയിലേക്ക് കുടുംബങ്ങൾ നീങ്ങുമ്പോൾ, അവിടെനിന്ന് ജന്മം കൊള്ളുന്ന പുതിയ തലമുറയുടെ ഭാവിതന്നെ അപകടത്തിലാവുന്ന ഒരു സാഹചര്യം നമ്മുടെ മുൻപിൽ ഉണ്ട്. ധാർമ്മികതയുടെ അതിർവരമ്പുകളെല്ലാം ലംഘിച്ച് കടന്നുപോകുന്ന കുടുംബങ്ങളിൽ മനസ്സാക്ഷിയുടെ നിയന്ത്രണങ്ങൾ നിശബ്ദമാവുകയാണ്. അവിടെ മനസ്സാക്ഷിയുടെ രൂപീകരണത്തിനോ, പുണ്യജീവിതത്തിനോ അർത്ഥം കണ്ടെത്താനാകുന്നില്ല.

കുടുംബത്തിലെ ആദ്ധ്യാത്മികതയുടെ അപചയം ഇന്ന് എല്ലാ തലങ്ങളിലും പ്രത്യക്ഷമാകുന്നുണ്ട്. നല്ല കുടുംബങ്ങളിൽനിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുക. സാമാന്യം ഭേദപ്പെട്ട കുടുംബങ്ങളിൽനിന്ന് ദൈവവിളി സ്വീകരിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ കാഴ്ചപ്പാടുകളും ലക്ഷ്യവും തമ്മിൽ നിരന്തരമായ സംഘട്ടനം ഉണ്ടാകുന്നു. കുടുംബത്തിൽനിന്ന് ലഭിക്കാത്ത, പരിചയിക്കാത്ത വൈദിക, സന്യാസ ജീവിതശൈലികളെ ജീവിതത്തിലേക്ക് പകർത്താനുള്ള പരിശ്രമത്തിൽ, അർത്ഥി പരാജയത്തെ നേരിട്ട് നിസ്സഹായരായി നില്ക്കുവാനും, ഒരുതരം വിട്ടുവീഴ്ചയായി (adjustment) ക്രൈസ്തവ ശിഷ്യത്വം അധഃപതിക്കുവാനുമുള്ള സാധ്യതകളുണ്ടാകും.

**ഉപസംഹാരം**

കലുഷിതമായ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിലാണ് നാം. വിശുദ്ധമായ സാക്ഷ്യങ്ങളിലൂടെ നല്ല വൈദികരെ രൂപപ്പെടുത്തുന്ന കുടുംബങ്ങൾ ക്രൈസ്തവസഭയിൽ ഇന്നും അന്യം നിന്നുപോയിട്ടില്ല. ദൈവത്തിന്റെ വിളിക്ക് കാതോർത്ത് വിശുദ്ധിയുടെ പാതയിലൂടെ സഞ്ചരിക്കുന്ന കുടുംബങ്ങളിൽനിന്ന് ഉന്നതമായ പൗരോഹിത്യ-സന്യാസ ദൈവവിളികൾ ലഭിച്ചവർ, ഇന്നും സഭയുടെ പരിശുദ്ധിയുടെ മുഖത്തെ പ്രതിഫലിപ്പിക്കുന്നു. ആയുസ്സും ആരോഗ്യവും ജീവനും ജീവിതവും ദൈവമഹത്വത്തിനായി മനുഷ്യവിശുദ്ധീകരണത്തിനായി സമർപ്പിച്ച്, ദൈവികതയുടെ പ്രോജ്ജ്വലങ്ങളായ അടയാളങ്ങളായി കടന്നുപോയ വൈദികരെയും സമർപ്പിതരെയും നന്ദിയോടെ അനുസ്മരിക്കുന്നു. ഇന്നും കത്തുന്ന തീപ്പന്തങ്ങളായി ദൈവരാജ്യത്തിനായി ജീവിതമർപ്പിക്കുന്നവരുടെ ജീവിതത്തിൽനിന്ന് പ്രവഹിക്കുന്ന, പ്രകാശവഴികളിലൂടെ യാത്ര ചെയ്തുകൊണ്ട് ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട വ്യക്തിയിലൂടെ ദൈവത്തിന്റെ പരിശുദ്ധിയുടെ അടയാളങ്ങൾ സഭയിൽ ഉടനീളം പ്രോജ്ജ്വലിച്ചു നിൽക്കുവാൻ ഇടയാക്കണമേ എന്ന് പ്രാർത്ഥിക്കാം.



**ഫാ. ഡോ. ജോൺ കുറ്റിയിൽ**
**(റെക്ടർ, സെന്റ് അലോഷ്യസ് മൈനർ സെമിനാരി, തിരുവനന്തപുരം)**

**ക്രൈ**സ്തവ പൗരോഹിത്യം മറ്റെല്ലാ മതങ്ങളുടെ പൗരോഹിത്യത്തിൽനിന്നും അടിസ്ഥാനപരമായി വ്യത്യസ്തമാണ്, കാരണം അത് ക്രിസ്തുവിന്റെ പൗരോഹിത്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ക്രൈസ്തവ പൗരോഹിത്യത്തെ മനസ്സിലാക്കണമെങ്കിൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തെ മനസ്സിലാക്കണം. സഭയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനെ ദൈവജനത്തിന് തന്റെ ജീവിതത്തിലൂടെ അനുഭവവേദ്യമാക്കുകയും സംലഭ്യമാക്കുകയും ചെയ്യുന്ന വ്യക്തിയാണ് പുരോഹിതൻ. പിതാവായ ദൈവത്തെ സ്നേഹപിതാവായ ലോകത്തിന് പരിചയപ്പെടുത്തിയത് ക്രിസ്തുവാണ്, കാരണം ക്രിസ്തു പിതാവിന്റെ മഹത്വത്തിന്റെ തേജസും സത്തയുടെ മുദ്രയുമാണ് (ഹെബ്രാ.1:3). ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയാണ് ഓരോ പുരോഹിതന്റേതും.

**ക്രിസ്തു എന്ന മഹാപുരോഹിതൻ**

പൗരോഹിത്യം ക്രിസ്തുവിന്റെ മനുഷ്യത്വത്തിൻമേൽ പിതാവായ ദൈവം വർഷിച്ച വലിയ ദാനമാണ്. വചനം മാംസമായ നിമിഷം ക്രിസ്തു നിത്യപുരോഹിതനായും ഏകമദ്ധ്യസ്ഥനായും അഭിഷേകം ചെയ്യപ്പെട്ടു. പുതിയനിയമ പൗരോഹിത്യത്തിന്റെ അടിസ്ഥാനവും സ്രോതസും ക്രിസ്തുവിന്റെ പൗരോഹിത്യമാണ്. ജനത്തിന്റെ നിയോഗങ്ങൾക്കായി അവർ കൊണ്ടുവരുന്ന ബലിവസ്തുക്കളുടെ അർപ്പകൻ മാത്രമാണ് പഴയനിയമ പുരോഹിതൻ. എന്നാൽ പഴയനിയമ

# പൗരോഹിത്യം: വിളിയും ശ്രേഷ്ഠതയും



പൗരോഹിത്യത്തിൽനിന്നും വ്യത്യസ്തമായി, ബലിയർപ്പകനും ബലിവസ്തുവും ഒന്നാകുന്ന പൗരോഹിത്യമാണ് ക്രിസ്തുവിന്റേത്. അതുവഴി പിതാവായ ദൈവത്തിന് സമ്പൂർണ്ണവും സനാതന വുമായ ഒരു പരിഹാരബലി മനുഷ്യരുടെ രക്ഷ യ്ക്കായി അർപ്പിക്കപ്പെട്ടു. തന്നെത്തന്നെ ബലി യായി അർപ്പിച്ച കാൽവരിയിൽ മാത്രമല്ല ക്രിസ്തു വിന്റെ പൗരോഹിത്യം ദർശിക്കാനാവുക, മറിച്ച് ക്രിസ്തുവിന്റെ മുഴുവൻ വ്യക്തിത്വത്തിലും പുരോഹിതസ്വഭാവം മുദ്രിതമാണ്.

മനുഷ്യാവതാരം എന്ന മഹാരഹസ്യത്താ ലാണ് ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിക്കുന്നത്. ''അവൻ ലോകത്തിലേക്ക് പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലി കളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജ മാക്കിയിരിക്കുന്നു.... ഞാൻ പറഞ്ഞു: ദൈവമേ അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു'' (ഹെബ്രാ. 10:5-7). ദൈവത്വം മനു ഷ്യത്വവുമായി സംയോജിച്ച നിമിഷമാണ് ക്രിസ്തുവിന്റെ പൗരോഹിത്യാഭിഷേകം സാദ്ധ്യ മായത്. ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തിക ളുടെ മുഴുവൻ കൃപാസ്രോതസ് മനുഷ്യാവതാരം എന്ന പൗരോഹിത്യാഭിഷേകം ആയതുപോലെ, ഒരു വ്യക്തി സ്വീകരിക്കുന്ന പൗരോഹിത്യാഭി ഷേകം അവന്റെ എല്ലാ ദൈവീക ശുശ്രൂഷകളു ടെയും കൃപാസ്രോതസാകുന്നു.

ക്രിസ്തു തന്നെത്തന്നെ ബലിമൃഗമാക്കിയ പുരോഹിതനാണ്. ക്രിസ്തുവിന്റെ മഹത്വീകരണ ത്തിനു കാരണമായതും ബലിവസ്തുവാകാനുള്ള ആത്മസമർപ്പണമാണ്. ക്രിസ്തുവിന്റെ പൗരോ ഹിത്യത്തിലുള്ള മനുഷ്യസാദ്ധ്യമായ ഏറ്റവും പര മമായ ഉൾച്ചേരൽ പൗരോഹിത്യാഭിഷേകം എന്ന കൂദാശയിലാണ് സാദ്ധ്യമാകുക. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുക എന്നാൽ സ്വയം ബലിവസ്തുവും ബലിയർപ്പകനും ആകുക എന്നുതന്നെ. അർപ്പകൻ മാത്രമാകുന്ന പഴയനി യമ പൗരോഹിത്വത്തിൽ ദൈവം സംപ്രീതനാകു ന്നില്ല. ''കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്? മുട്ടാടു കളെകൊണ്ടുള്ള ദഹനബലികളും കൊഴുത്ത മൃഗങ്ങളുടെ മേദസും എനിക്കു മതിയായി'' (ഏശ.1:11). ഇത് അപൂർണ്ണമായ പൗരോഹിത്യ മാണ്. ക്രിസ്തു വന്നത് ഒന്നും അസാധുവാക്കാ നല്ല പൂർത്തിയാക്കുവാനാണ് (മത്താ.5:17). അപൂർണ്ണമായ പഴയനിയമ പൗരോഹിത്യത്തെ പൂർണ്ണതയുള്ളതാക്കുവാൻ ആത്മബലിയർപ്പണ മാണ് ആവശ്യം. അന്ത്യത്താഴമേശയിൽ അപ്പവും വീഞ്ഞും ഉയർത്തി കൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യന്മാർക്ക് വിളമ്പിയപ്പോൾ, ക്രിസ്തു



ബലിയർപ്പകനായ പുരോഹിതനായി മാറി. പിറ്റേന്ന് ഒരുക്കപ്പെടുന്നത് ഒട്ടും ക്രമീകൃതമല്ലാത്ത ബലിവേദിയാണ്. രാത്രിയിലുള്ള നിയമവിരുദ്ധമായ വിചാരണകൾ, മുൻകൂട്ടി വിധി നിശ്ചയിച്ചശേഷമുള്ള പ്രഹസന വിസ്താരങ്ങൾ, കുറ്റക്കാരനല്ല എന്നു തെളിഞ്ഞിട്ടും നൽകപ്പെടുന്ന ശിക്ഷകൾ, അനീതികൾ അടിസ്ഥാനമിടുന്ന വിധിവാചകങ്ങൾ, ചേർത്തുപിടിച്ചവരുടെ ഉപേക്ഷിക്കലുകൾ, തള്ളിപ്പറച്ചിലുകൾ, പ്രതികരിക്കാനാവുമായിരുന്നിട്ടും നിശബ്ദമായി ഏറ്റുവാങ്ങിയ പരിഹാസങ്ങൾ എന്നിവ അരങ്ങുതകർക്കുന്ന ബലിവേദിയിലാണ് ക്രിസ്തു ബലിവസ്തുവായി ആത്മബലി പൂർത്തിയാക്കുക. വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും അനുഷ്ഠിക്കേണ്ട ഈ ആത്മബലിയെപ്പറ്റിയാണ്. ''നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ'' (റോമ12:1). ക്രിസ്തുവിനെപ്പോലെ പുരോഹിതനാകാൻ വിളിക്കപ്പെടുന്ന ഒരാൾ ശരീരത്തിൽ അർപ്പിക്കേണ്ട ഈ ബലിക്കായി സ്വയം വിട്ടുകൊടുക്കുമ്പോഴാണ് ക്രിസ്തു സ്ഥാപിച്ച പൗരോഹിത്യം പൂർണ്ണമാവുക. ബലിയർപ്പകൻ ആയി മാത്രം ജീവിക്കുന്ന പൗരോഹിത്യം ക്രിസ്തുവിന്റെ പൗരോഹിത്യമല്ല. അവിടെ സഹനമില്ല, സമർപ്പണമില്ല. സ്വയം ശൂന്യവൽക്കരണമാണ് പൗരോഹിത്യ ഫലസമൃദ്ധിയുടെ അടിസ്ഥാനം. സ്വയം ശൂന്യവൽക്കരിച്ച ക്രിസ്തു മഹത്വത്തിൽ ഉയർത്തപ്പെട്ടു (ഫിലി.2:7 –11). ബലിയർപ്പിക്കുന്നത് ഭൗതികഫലങ്ങളാണ്, ലഭിക്കുന്നത് ആത്മീക ഫലങ്ങൾ. ''വിതയ്ക്കപ്പെടുന്നത് ഭൗതികശരീരം പുനർജീവിക്കുന്നത് ആത്മീകശരീരം''(കോറി.15:44). ഏൽപ്പിക്കപ്പെടുന്ന അജഗണത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുന്ന പുരോഹിതൻ അവർക്ക് ആത്മീയ ഫലങ്ങൾ വാങ്ങിക്കൊടുക്കുന്ന ക്രിസ്തുവിന്റ യഥാർത്ഥ പുരോഹിതനാണ്. ജീവിതംതന്നെ ബലിയാക്കുവാനുള്ള വിളിയാണ് പുരോഹിതന്റേത്. മലങ്കര കുർബാനയിലെ സെദറാ പ്രാർത്ഥനയിൽ നാം ഇങ്ങനെ അപേക്ഷിക്കുന്നു. ''ഞങ്ങൾതന്നെ നിനക്ക് സ്വീകാര്യബലിയായി തീരുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ''. കൗദാശികമായ ഈ ബലിയർപ്പണം പൂർണ്ണമാകുന്നത് പുരോഹിതൻ തന്റെ അജഗണത്തിനായി മുറിക്കപ്പെടുമ്പോഴാണ്.

**പൗരോഹിത്യത്തിലേക്കുള്ള വിളി**

നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ.15:16). ഒരു പുരോഹിതനും തന്റെ വിളിയെ തന്റേതന്നെ തെരഞ്ഞെടുപ്പായി കാണാനാകില്ല. ''അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല'' (ഹെബ്രാ.5:4). സ്വയം ആർക്കും ഈ സ്ഥാനത്തേക്ക് ഉയർത്താനാകില്ല. ക്രിസ്തുതന്നെയും പൗരോഹിത്യം സ്വീകരിച്ചത് അവനെ അയച്ച പിതാവിൽനിന്നാണ്. ''ക്രിസ്തുവും പ്രധാന പുരോഹിതനാകുന്നതിന് തന്നെത്തന്നെ മഹത്വപ്പെടുത്തിയില്ല. നീ എന്റെ പ്രിയപുത്രനാണ് ഇന്നു ഞാൻ നിനക്ക് ജന്മമേകി എന്ന് അവനോടു പറഞ്ഞവൻതന്നെയാണ് അവനെ മഹത്വപ്പെടുത്തിയത്'' (ഹെബ്രാ.5:5). ഏതൊരു പുരോഹിതനും ദൈവത്താൽ വിളിക്കപ്പെട്ടവനാണ്. വിളിക്കപ്പെടാത്തവന് പൗരോഹിത്യം സ്വീകരിക്കാൻ അധികാരമില്ല. മാനുഷികമായ മാനദണ്ഡങ്ങളല്ല ഈ വിളിക്കാധാരം. ''മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാവത്തിലും'' (1 സാമു.16:7). ദൈവം തനിക്ക് ഇഷ്ടമുള്ളവരെ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുന്നു (മർക്കോ.3:13). വി. പൗലോസ് ശ്ലീഹാ ഈ തെരഞ്ഞെടുപ്പിനെപ്പറ്റി പറയുന്നു: ''ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു'' (ഗലാ.1:16). ഒരു പുരോഹിതാർത്ഥിയെപ്പറ്റിയുള്ള ദൈവഹിതം പൂർണ്ണമായും ദൈവത്തിൽ മറഞ്ഞിരിക്കുന്നതും, ഈ രഹസ്യത്തെപ്പറ്റി ചില സൂചനകളിലൂടെ അർത്ഥിക്ക് വെളിപ്പെട്ടു കിട്ടുന്നതുമാണ്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും വൈദികർക്കും, സന്യസ്ഥർക്കും, ദൈവജനത്തിനും കടമയുണ്ട്. വൈദിക പരിശീലനത്തിലേക്ക് ഈ സൂചനകളുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്നതും, പരിശീലന കാലയളവിൽ ഈ ദൈവവിളിയെ വിവേകത്തോടും ദൈവാത്മപ്രേരിതമായും വിവേചിച്ചറിയുന്നതും, നിർണ്ണയിക്കുന്നതും, കൈവയ്പിലൂടെ അഭിഷേചിക്കുന്നതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരാണ്. ദൈവികമായ വിളിയില്ലാതെ അഭിഷേകം സ്വീകരിക്കുക എന്നത് അത്യന്തം ഗൗരവമായ തിന്മയാണ്.

പൗരോഹിത്യാഭിഷേകത്തിലൂടെ ക്രിസ്തു തന്റെ പുരോഹിതർക്ക് അധികാരവും ശക്തിയും നൽകി (ലൂക്ക.9:1). അവരിലൂടെ അവൻ പ്രവർത്തിക്കുന്നു (മത്താ.28:20) എന്നതാണ് പൗരോഹിത്യവിളിയുടെ പ്രത്യേകത. മായാത്ത മുദ്രയാലുള്ള പൗരോഹിത്യ അഭിഷേകംവഴി, ക്രിസ്തു ഒരു വ്യക്തിയുടെ വ്യക്തിത്വം ഏറ്റെടുക്കുകയാണ്. പുരോഹിതനാകുന്ന വ്യക്തി ''ഞാൻ'' എന്ന ഭാവത്തെ ബലികഴിച്ച് ക്രിസ്തുവിന്റെ ഭാവങ്ങളെ ധരിച്ച് ക്രിസ്തുവിന്റെ വ്യക്തിത്വത്തോട് അനുരൂപപ്പെട്ട് ഒന്നായി തീരുന്നു. യോഹന്നാൻ സ്നാപകന്റെ മനോഭാവമാണ് ഇവി

ടെയാവശ്യം. ''അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണം'' (യോഹ. 3:30). ഒരു പുരോഹിതനിലെ ''ഞാൻ ഭാവം'' ഇല്ലാതാകുന്ന അളവിൽ അവനിൽ ''ക്രിസ്തുഭാവം'' വളരുന്നു. സമഗ്രമായ ഒരു രൂപാന്തരീകരണത്തിലേക്കുള്ള വിളിയാണിത്.

**പൗരോഹിത്യ വിശുദ്ധിയുടെ മാതൃക**

''നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവർത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1പത്രോ.1:15). ഓരോ മനുഷ്യന്റെയും മഹത്വം അവൻ പിന്തുടരുന്ന ഉത്കൃഷ്ഠ ലക്ഷ്യങ്ങളെയും മാതൃകകളെയും ആശ്രയിച്ചിരിക്കും. ഓരോ പുരോഹിതനും ദൈവം നൽകിയ അതുല്യവും അനന്യവുമായ മാതൃകയാണ് നിത്യപുരോഹിതനായ ക്രിസ്തു. വി. സിപ്രിയാൻ പറയുന്നതുപോലെ ''ക്രിസ്തു എന്തായിരുന്നോ അതാണ് ക്രിസ്ത്യാനി ആയിത്തീരേണ്ടത്''. ''ക്രിസ്തുവിനോട് ഐക്യപ്പെടാൻ സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (ഗലാ.3:28). ക്രിസ്തുവിനെ ധരിക്കുകയെന്നാൽ അവനെപ്പോലെയായിത്തീരുക എന്നർത്ഥം. പുരോഹിതന്റെ പരമപ്രധാനമായ മൂന്ന് ദൗത്യങ്ങളിലൊന്നാണ് വിശുദ്ധീകരിക്കുക. സ്വയം വിശുദ്ധീകരിക്കുന്ന പുരോഹിതന്റെ ശുശ്രൂഷകൾ കൂടുതൽ ഫലദായകമാകും. വിശുദ്ധിയുടെ ആനന്ദത്തിൽ ജീവിക്കുന്ന പുരോഹിതന് ദൈവജനത്തെ ദൈവസ്നേഹത്തിലേക്കും ദൈവികജ്ഞാനത്തിലേക്കും കൂട്ടിക്കൊണ്ടുവരാനാകും. വി. തോമസ് അക്വീനാസ് പറയുന്നു: ''പൗരോഹിത്യം സ്വീകരിക്കുന്ന ഒരു വ്യക്തി അൾത്താരയിലർപ്പിക്കുന്ന വി. കുർബാനയർപ്പണത്തിലൂടെ ദൈവത്തിന് യോഗ്യമായ കാഴ്ചകൾ സമർപ്പിക്കാൻ പ്രാപ്തമാക്കപ്പെടുന്നു. മഹനീയമായ ഈ ശുശ്രൂഷയ്ക്ക് നിയോഗം ലഭിച്ചവർ എന്ന നിലയിൽ സാമാന്യജീവിതംകൊണ്ട് തൃപ്തിപ്പെടരുത് മറിച്ച് ശ്രേഷ്ഠമായ പുണ്യജീവിതത്തിനായി യത്നിക്കണം'' (Summa, Supplem. q. 35, a.I, act.3). വൈദിക പട്ടാഭിഷേകവേളയിൽ മേൽപ്പട്ടക്കാരൻ പുരോഹിതാർത്ഥികൾക്ക് നൽകുന്ന സാരോപദേശത്തിൽ സംക്ഷിപ്തമായി ഒരു പുരോഹിതൻ അനുഷ്ഠിക്കേണ്ട വിശുദ്ധ ജീവിതത്തെപ്പറ്റി വിവരിക്കുന്നുണ്ട്. ''ദിവ്യങ്ങളായ വിശുദ്ധ കൂദാശകളെ ശുശ്രൂഷിക്കുന്നവർക്ക് യോഗ്യമായ പുരോഹിത നടപടികളിൽ വിശുദ്ധിയോടും നിഷ്കൻമഷമാം വണ്ണവും നീ വ്യാപരിക്കണം'' എന്നിങ്ങനെ പൗരോഹിത്യ വിശുദ്ധിക്ക് ആവശ്യമായതും നിരക്കാത്തതുമായ കാര്യങ്ങളെപ്പറ്റി ഉപദേശിക്കുന്നുണ്ട്. ''വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കില്ല''(ഹെബ്രാ.12:14) എന്ന് പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

**ഉപസംഹാരം**

ദൈവത്തിനും ദൈവജനത്തിനുമിടയിൽ നിന്നുകൊണ്ട് ബലിയും യാഗങ്ങളും ദൈവജനത്തിനുവേണ്ടി അർപ്പിക്കുകയും, ദൈവത്തിൽ നിന്ന് കൃപാദാനങ്ങളും കരുണയും, ക്ഷമയും മനുഷ്യർക്കു നൽകുവാൻ ദൈവം പുരോഹിതനെ ഉപകരണമാക്കുന്നു. ലോകം സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാ സ്വർഗ്ഗീയ നന്മകളും ദൈവം ഭൂമിക്ക് സമ്മാനിക്കുക യേശുക്രിസ്തുവിലൂടെയാണ് (എഫേ.1:3). ക്രിസ്തുവിന്റെ അധികാരവും ശക്തിയും പൗരോഹിത്യാഭിഷേകത്തിലൂടെ സ്വീകരിച്ച്, ക്രിസ്തുവിന്റെ നാമത്തിൽ, പുരോഹിതരാണ് ഈ സ്വർഗ്ഗീയ കൃപാവരങ്ങൾ മനുഷ്യർക്ക് നൽകാൻ വിളിക്കപ്പെട്ടിരിക്കുക. അർപ്പകനും ബലിവസ്തുവുമായ ക്രിസ്തുവിന് അനുരൂപനായികൊണ്ടാണ് ഒരു പുരോഹിതൻ ഇതിനായി പരിശ്രമിക്കുക. ●





# കുടുംബപ്രേഷിതത്വം
## മലങ്കര കത്തോലിക്കാസഭയിൽ



**റവ. ഫാ. കുര്യാക്കോസ് കുത്തനേത്ത്**
**(കുടുംബപ്രേഷിതത്വത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ സെക്രട്ടറി)**

**ക്രൈ**സ്തവ കുടുംബം എന്ന് പറയുമ്പോൾ ബാഹ്യമായ സാമൂഹിക സാംസ്കാരിക പാരമ്പര്യങ്ങളുടെയും, ആചാരാനുഷ്ഠാനങ്ങളുടെയും പേരിലുള്ള ഒരു തരംതിരിവല്ല, മറിച്ച് അനന്യമായ ഒരു ശ്രേഷ്ഠത അതിനുണ്ട്. പല കാര്യങ്ങളിലും മറ്റ് വിഭാഗങ്ങളിലെ കുടുംബങ്ങളോട് സമാനത പുലർത്തുന്നുവെങ്കിലും, ക്രൈസ്തവ കുടുംബത്തെ ശ്രേഷ്ഠമാക്കുന്നത് അതിന്റെ ക്രൈസ്തവത്വം തന്നെയാണ്: അത് ക്രിസ്തുവിലധിഷ്ഠിതമായ ആന്തരിക ചൈതന്യമാണ്. ദൈവഭക്തി, പരസ്പരസ്നേഹം, ഐക്യം, സേവനം എന്നീ ജീവിതദർശനങ്ങൾ ആദ്യം വളരേണ്ടതും ഫലമണിയേണ്ടതും കുടുംബങ്ങളിലാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്നു വിശേഷിപ്പിക്കുന്നത് (തിരുസഭ 11). കുടുംബത്തിൽ മാതാപിതാക്കളാണ് കുട്ടികളോട് ആദ്യം വിശ്വാസം പ്രസംഗിക്കേണ്ടത്. ആധുനിക കാലഘട്ടത്തിലെ കുടുംബപശ്ചാത്തലം അമ്പത് കൊല്ലംമുമ്പുള്ള കുടുംബപശ്ചാത്തലത്തിൽനിന്നും തീർത്തും വ്യത്യസ്ഥമാണ്. നാം കാലങ്ങളായി കാത്തുസൂക്ഷിക്കുന്ന കുടുംബ മൂല്യങ്ങളേയും, കാഴ്ചപ്പാടുകളേയും തച്ചുടക്കുന്ന അനേകം പ്രവണതകൾ ചുറ്റിലും ദിനംപ്രതി വളർന്നു വരുന്നത്, നമ്മുടെ പാവനമായ കുടുംബസങ്കൽപ്പങ്ങളെ തകർക്കുന്നതും ഇല്ലായ്മ ചെയ്യുന്നതുമാണ്. കൺസ്യൂമറിസത്തിന്റെയും മൂല്യശോഷണത്തിന്റെയും വലയത്തിൽ വീണുപോകുന്ന കുടുംബജീവിതത്തിന്റെ തകർച്ച ഇന്നത്തെ കാലഘട്ടത്തിൽ സഭയെ വല്ലാതെ വേദനിപ്പിക്കുന്നു. വിപണിയും, ഉപയോഗവും സൃഷ്ടിക്കുന്ന സംസ്കാരം സ്വാർത്ഥതയുടേതാണ്. മാതാപിതാക്കന്മാരും, മുത്തശ്ശി, മുത്തച്ഛന്മാരും അതിനു ചേരാത്തതുകൊണ്ട് വീട്ടുപടിക്ക് പുറത്താക്കപ്പെട്ടാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

ചില അടിസ്ഥാന മൂല്യങ്ങളുടെ ഭയാനകമായ അധഃപതനം ഇന്നു നമ്മുടെ കുടുംബങ്ങളിൽ ദർശിക്കാവുന്നതാണ്. ദമ്പതികൾ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള തെറ്റായ സങ്കൽപ്പം, വിവാഹമോചനത്തിന്റെ വർദ്ധിച്ചുവരുന്ന എണ്ണം, സ്ത്രീപീഡനം, ഭ്രൂണഹത്യ, വന്ധീകരണം, ധനത്തിനുവേണ്ടിയുള്ള നെട്ടോട്ടം മുതലായവ നമ്മുടെ കുടുംബങ്ങളിൽ ഏറി വരുന്നു. ഈ കാലഘട്ടത്തിൽ സഭയുടെ കുടുംബപ്രേഷിതശുശ്രൂഷ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ സഭയിലെ കുടുംബപ്രേഷിതദൗത്യം ഏറ്റവും പ്രാധാന്യം അർഹിക്കണം.

**കുടുംബം ഒരു ദൈവവിളി**

സാമൂഹ്യശാസ്ത്രപരമായും, ജീവശാസ്ത്രപരമായും പല അഭിമുഖ്യങ്ങളും കുടുംബജീവിതത്തിൽ ഉണ്ടെങ്കിലും സർവ്വോപരി കുടുംബജീവിതം ദൈവവിളിയാണ്. ദൈവവിളി എന്നു പറയുമ്പോൾ സാധാരണയായി നമ്മുടെ മനസ്സിലേക്ക് വരുന്നത് പൗരോഹിത്യത്തിലേക്കോ, സന്യാസത്തിലേക്കോ ഉള്ള വിളി എന്നാണ്. പൗരോഹിത്യവും സന്യാസവുംപോലെതന്നെ അതിശ്രേഷ്ഠമായ ഒരു ദൈവവിളിയായാണ് സഭ ഇന്നു കുടുംബജീവിതത്തെ കാണുന്നത്. കുടുംബജീവിതം ഒരു ദൈവവിളി ആയതുകൊണ്ട് അതിനോട് ക്രിയാത്മകമായി പ്രത്യുത്തരം നല്കേണ്ടത് ദമ്പതിമാരുടെ കടമയാണ്. തുടക്കംമുതലേ വിശ്വാസത്തിലും സ്നേഹബന്ധങ്ങളുടെ വളർച്ചയ്ക്കുമുതകുന്ന തരത്തിൽ കുടുംബങ്ങൾ രൂപപ്പെടുത്തണം. ദൈവത്തിന്റെ ശ്രേഷ്ഠമായ വിളിയിലൂടെ ഏകശരീരമായി ത്തീർന്ന ദമ്പതിമാർ ശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിനോട് ചേർന്ന് ജീവിക്കണം. തങ്ങളുടെ സ്നേഹത്തിന്റെ ഫലമായി ജന്മം നല്കുന്ന കുഞ്ഞുങ്ങളെ കുടുംബജീവിതത്തിന്റെ മൂല്യങ്ങൾ മനസ്സിലാക്കി വളരാനിട നല്കണം. എല്ലാറ്റിലുമുപരി ദൈവത്തെയും അവിടുത്തെ പ്രമാണങ്ങളെയും മുൻനിർത്തി ജീവിക്കുന്നതിനും, സഭയുടെ ആരാധനയോട് ചേർന്ന് വളരുന്നതിനും കുട്ടികളെ ഒരുക്കണം.

**കുടുംബം വി.ബൈബിളിൽ**

***പഴയനിയമം***

പഴയനിയമത്തിൽ പ്രത്യേകിച്ച് സൃഷ്ടിയുടെ വിവരണത്തിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള സ്ഥിരവും അഭേദ്യവുമായ വ്യക്തിബന്ധത്തിൽ ദൈവംതന്നെ കുടുംബം സ്ഥാപിച്ചു. ദൈവത്തിന്റെ മഹത്തായ സൃഷ്ടികർമ്മത്തിലധിഷ്ഠിതമാണ് ക്രിസ്തീയകുടുംബമെന്നത് ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടിയെക്കുറിച്ചുള്ള മൂന്നു വിവരണങ്ങളിൽനിന്നും വ്യക്തമാകുന്നു (ഉൽ 1:27–28, 2:15–24, 5:1–2). സൃഷ്ടികർമ്മത്തിന്റെ പൂർണ്ണതയെന്നോളം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു, പുരുഷനും സ്ത്രീയുമായി അവിടുന്ന് സൃഷ്ടിച്ചു, തന്റെ ഉന്നത കരവേലയെ കണ്ട് അവിടുന്ന് സന്തോഷിച്ചു. സ്ത്രീപുരുഷ വ്യത്യാസത്തോടെ ആദിയിൽ ദൈവം സൃഷ്ടിച്ച മനുഷ്യൻ, ദൈവികപദ്ധതിയനുസരിച്ച് മനുഷ്യജീവിതത്തിന്റെ അർത്ഥവും പൂർണ്ണതയും കണ്ടെത്തുന്നത് പുരുഷന്റെയും സ്ത്രീയുടേയും പരസ്പര ഐക്യത്തിലാണ്. സൃഷ്ടിയുടെ മകുടമായി മനുഷ്യനെ പുരുഷനും സ്ത്രീയുമായി ദൈവം സൃഷ്ടിച്ചു, അവരെ അവിടുന്ന് സ്നേഹബന്ധത്തിൽ യോജിപ്പിച്ച് ആദിമകുടുംബത്തിന് രൂപം നൽകി. അങ്ങനെ മനുഷ്യൻ മാത്രമല്ല, അവനിലൂടെ രൂപം കൊണ്ട കുടുംബവും, അവന്റെ ഛായയും സാദൃശ്യവും ആണ്. അതുകൊണ്ട് മനുഷ്യന്റെ ദൈവഛായ പ്രധാനമായും പ്രതിഫലിക്കേണ്ടത് കുടുംബത്തിലൂടെയാണ്.

ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടി ബന്ധത്തിന്റെ മാതൃകയിൽ സ്ത്രീയും പുരുഷനും തമ്മിൽ ഒന്നുചേർന്ന് പടുത്തുയർത്തുന്ന സ്നേഹകർമ്മമാണ് കുടുംബജീവിതം അല്ലെങ്കിൽ വിവാഹജീവിതം. ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയെ പ്രവാചകന്മാരുടെ പുസ്തകത്തിൽ നിരവധി തവണ വിവാഹത്തിന്റെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കുന്നത്. പഴയനിയമത്തിലെ ശക്തമായ പ്രവാചക വചനങ്ങൾ ഇതിന് ഉദാഹരണമാണ് (ജെറമിയ 3:1–25, മലാക്കി 2:15–16, ആമോസ് 2:7, 4:1–2).

***പുതിയനിയമം***

വിവാഹജീവിതത്തിന്റെയും അതിൽനിന്നും ഉടലെടുക്കുന്ന കുടുംബജീവിതത്തിന്റെയും പരിപാവനതയും വിശ്വസ്തതയും പുതിയനിയമത്തിൽ വളരെ വ്യക്തമായി വിവരിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകമാണ് കുടുംബം. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ, ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കാൻ ബാധ്യസ്ഥരാണ്. വിവാഹകൂദാശയിലൂടെ രൂപം പ്രാപിക്കുന്ന കുടുംബം പുതിയനിയമത്തിന്റെ കാഴ്ചപ്പാടിൽ കേവലം ഒരു ഉടമ്പടിയല്ല, പ്രത്യുത വിശുദ്ധമായ ഒരു കൂദാശയാണ്, ഇതിലൂടെ ദമ്പതിമാർ ഒന്നായിത്തീരുന്നു. വി. മത്തായി ശ്ലീഹായുടെ വിവരണം ഇത് വ്യക്തമാക്കുന്നു.''അതിനാൽ ഇനിമേൽ അവർ രണ്ടല്ല, ഒരു ശരീരമായിരിക്കും. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ'' (മത്താ 19:16). വിശുദ്ധ പൗലോസ് ക്രിസ്തുവിനോടും, സഭയോടും ഉള്ള ബന്ധത്തെ ഉപമിച്ചുകൊണ്ടാണ് കുടുംബത്തെ വിവരിക്കുന്നത്. (എഫേ 5:31–32) ഭാര്യയും ഭർത്താവും പരസ്പരം വിശുദ്ധീകരണത്തിലൂടെ നല്ലൊരു കുടുംബം സംജാതമാക്കുന്നു. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ പരസ്പരം സ്നേഹത്തിലും വിധേയത്വത്തിലും അധിഷ്ഠിതമാണെന്ന് വി.പൗലോസ് പഠിപ്പിക്കുന്നു. (എഫേ 5:22–24) വിധേയത്വം ഒരു വിധത്തിലും അടിമകൾക്ക് ഉള്ള വിധേയത്വമല്ല, മറിച്ച് പരസ്പരം സ്നേഹത്തിൽനിന്നും സംജാതമാകുന്നതാണ്. ക്രിസ്തുവിന്റെ അനുസരണവും വിധേയത്വവുമാണ് ഇതിനു മാതൃക (ഫിലി 2:5–8). ചുരുക്കത്തിൽ മനുഷ്യനെ ദമ്പതികളായി സൃഷ്ടിക്കുകയും അവരുടെ പാരസ്പര്യത്തിൽ സൃഷ്ടിയുടെ തുടർച്ച ഉറപ്പിക്കുകയും ചെയ്ത ദൈവമാണ് കുടുംബത്തിന്റെ സ്ഥാപകൻ. അത് മനുഷ്യന്റെ സ്വന്തം താത്പര്യവും തീരുമാനവുമനുസരിച്ച് രൂപപ്പെട്ടതല്ല. ജീവിതാവസാനംവരെ ഒരു പുരുഷനും സ്ത്രീയുമായുള്ള സ്നേഹബന്ധത്തിന്റെ ഉടമ്പടി ആയതുകൊണ്ടാണ് വിവാഹമോചനം പാടില്ല എന്നു പുതിയനിയമം പഠിപ്പിക്കുന്നത്.

**കുടുംബം സഭാപ്രബോധനങ്ങളിൽ**

ആധുനികകുടുംബം ഈ നൂറ്റാണ്ടിൽ അനേകം പ്രതിസന്ധികളും വെല്ലുവിളികളും അഭിമുഖീകരിക്കുന്നുണ്ട്. സഭ എല്ലാക്കാലത്തും ഈ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് പഠിക്കുകയും, നിരന്തരം ക്രിസ്തീയമൂല്യങ്ങൾ കാക്കാൻ വിശ്വാസികളെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. സഭ ദൈവവചനത്തിന്റെ ദീപ്തിയാൽ പ്രശോഭിതയായി കുടുംബത്തെ പ്രഥമ സ്വാഭാവികസമൂഹമായും, ജന്മസിദ്ധമായ അവകാശത്തിൽനിന്നുമുള്ള ഒന്നായും പരിഗണിക്കുകയും, സാമൂഹികജീവിതത്തിന്റെ മധ്യത്തിൽ സ്ഥാപിക്കുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ 'കുടുംബം ആധുനിക യുഗത്തിൽ' എന്ന പ്രമാണരേഖയിൽ ഈ സ്ഥാപനത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനം കാണാവുന്നതാണ് (GS 47:52). വിവാഹത്തെ ജീവന്റെയും സ്നേഹത്തിന്റെയും സംസർഗമെന്ന് ഇതിൽ നിർവചിക്കുന്നു. കുടുംബത്തിന്റെ കേന്ദ്രമായ സ്നേഹം പരസ്പരമുള്ള ആത്മദാനത്തിലൂടെ സംജാതമാകുന്നു. സഭ എക്കാലത്തും കുടുംബത്തിന്റെ മാഹാത്മ്യം ഉയർത്തി കാട്ടുകയും അതിൽ ജീവിക്കാൻ എല്ലാവരേയും ക്ഷണിക്കുകയും ചെയ്യുന്നു. പന്ത്രണ്ടാം പീയൂസ് മാർപാപ്പാ നവവധുവരന്മാർക്കായി നടത്തിയ പ്രഭാഷണത്തിലും, പോൾ ആറാമൻ മാർപാപ്പായുടെ മനുഷ്യജീവൻ (Humanae Vitae) എന്ന ചാക്രികലേഖനത്തിലും, കുടുംബത്തിന്റെ മാഹാത്മ്യം വിവരിക്കുന്നു. വി.ജോൺ പോൾ രണ്ടാമൻ പാപ്പായുടെ 'കുടുംബം എന്ന കൂട്ടായ്മ' (ഫാമിലിയാരിസ് കൊൺസോർസ്യോ) എന്ന അപ്പസ്തോലിക ലേഖനം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തെ അതിന്റെ സമഗ്രതയിൽ വിശദീകരിക്കുന്നു. ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ 'സ്നേഹത്തിന്റെ കൂദാശ' എന്ന തിരുവെഴുത്തിന്റെ 27 മുതൽ 29 വരെയുള്ള ഖണ്ഡികയിൽ കുടുംബജീവിതത്തിൽ വി. കുർബാനയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നു. ഈ പ്രബോധനങ്ങളുടെയെല്ലാം അനുകാലിക പുനർവായനയാണ് ഫ്രാൻസിസ് മാർപാപ്പായുടെ വിശ്വാസത്തിന്റെ വെളിച്ചം (ലൂമെൻ ഫിദേയി, 2013) എന്ന ചാക്രികലേഖനം. വിശ്വാസജീവിതവും കുടുംബജീവിതവുമായുള്ള അഭേദ്യമായ ബന്ധം ഇതു വിവരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പായുടെ 'സ്നേഹത്തിന്റെ സന്തോഷം' (അമോരിസ് ലെത്തിസ്യാ, 2016) എന്ന അപ്പസ്തോലികാഹ്വാനം കുടുംബങ്ങളെ അനുധാവനം ചെയ്യുന്ന അജപാലകർക്ക് ഉണ്ടാകേണ്ട കരുണാർദ്രമായ മനോഭാവത്തെ വിവരിക്കുന്നു. കുടുംബം സംബന്ധിച്ച സുവിശേഷപ്രഘോഷണം സഭയുടെ എക്കാലത്തെയും ദൗത്യത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. കുടുംബത്തിന്റെ ശ്രേഷ്ഠത സഭയുടെ പഠനങ്ങളിൽ എന്നും ഉയർത്തിക്കാട്ടുകയും അതിൽ ജീവിക്കാൻ ദമ്പതികളെ ക്ഷണിക്കുകയും ചെയ്യുന്നു.

**കുടുംബങ്ങളുടെ കരുതൽ സഭയുടെ അടിസ്ഥാന ശുശ്രൂഷ**

ക്രിസ്തുവിന്റെ രക്ഷാകരദൗത്യം തുടർന്നു പോരുന്ന സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്ന പ്രാഥമികസമൂഹമാണ് കുടുംബം. സഭയുടെ ഒരു ലഘുരൂപമായ കുടുംബത്തിൽ അതിന്റെ എല്ലാ ദൗത്യവും സംക്ഷിപ്തമായി അടങ്ങിയിരിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ കുടുംബങ്ങളെ കരുണയോടെ ശുശ്രൂഷിക്കുകയും, കരുതുകയും ചെയ്യുന്നത് സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്. ക്രിസ്തുവിന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും മാതൃകയാണ് സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷയുടെ മാതൃക. ഉത്തമമായ ഒരു കുടുംബത്തിന്റെ മാതൃക നസ്രത്തിലെ തിരുക്കുടുംബത്തിൽ നമുക്ക് ദർശിക്കാൻ സാധിക്കും. യേശുക്രിസ്തുതന്നെയാണ് നമ്മുടെ കുടുംബപ്രേഷിത ശുശ്രൂഷകളിൽ നമ്മുടെ മാതൃകയും വഴികാട്ടിയും. കാനായിലെ കല്യാണവീട്ടിൽ ആ കുടുംബത്തെ പ്രതിസന്ധിയിൽനിന്നും അപമാനത്തിൽനിന്നും രക്ഷിക്കുന്ന ക്രിസ്തു, സഭയുടെ ഏറ്റവും വലിയ പ്രേഷിതശുശ്രൂഷയുടെ ഉദാത്ത മുഖമാണ്. ലാസറിന്റെ കുടുംബത്തെ ആശ്വസിപ്പിക്കുന്ന ക്രിസ്തു, സഭയുടെ കരുണയുടെ മുഖം നമ്മെ ഓർമിപ്പിക്കുന്നു. പത്രോസിന്റെ ഭവനം സന്ദർശിച്ച് രോഗിയെ സുഖപ്പെടുത്തുന്ന, വിധവയായ സ്ത്രീയുടെ സങ്കടത്തിൽ മനസ്സലിയുന്ന, തെറ്റിപോയവരോട് കരുണ കാണിക്കുന്ന, അവഗണിക്കപ്പെട്ട കുടുംബങ്ങളിൽ കയറിചെല്ലുന്ന ക്രിസ്തു, സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷയുടെ പുതിയ മാനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

**മലങ്കര കത്തോലിക്കാസഭയുടെ കുടുംബപ്രേഷിത ദൗത്യം**

കുടുംബങ്ങളുടെ ആത്മീയ നവോത്ഥാനമാണ് യഥാർത്ഥ സുവിശേഷത്തിലേക്കുള്ള വഴി എന്ന വലിയ ദർശനം ഉൾക്കൊണ്ട വ്യക്തിയായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി. ഇത്തരം നവോത്ഥാനത്തിന്റെ ഉറവിടങ്ങളായിട്ടാണ് അദ്ദേഹം ആശ്രമങ്ങൾ ആരംഭിച്ചത്. 'കുടുംബങ്ങൾക്കൊരു കത്ത്' എന്ന ലഘുരചനയിൽ ത്യാഗനിർഭരമായ പ്രാർത്ഥനയിലും, പരസ്പര

**ഇന്നത്തെ കാലഘട്ടത്തിൽ കുടുംബങ്ങളെ കരുണയോടെ ശുശ്രൂഷിക്കുകയും, കരുതുകയും ചെയ്യുന്നത് സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ്. ക്രിസ്തുവിന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും മാതൃകയാണ് സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷയുടെ മാതൃക. ഉത്തമമായ ഒരു കുടുംബത്തിന്റെ മാതൃക നസ്രത്തിലെ തിരുക്കുടുംബത്തിൽ നമുക്ക് ദർശിക്കാൻ സാധിക്കും. യേശുക്രിസ്തുതന്നെയാണ് നമ്മുടെ കുടുംബപ്രേഷിത ശുശ്രൂഷകളിൽ നമ്മുടെ മാതൃകയും വഴികാട്ടിയും.**

സ്നേഹത്തിലും ഉപവിപ്രവർത്തനത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കാൻ പിതാവ് ദമ്പതികളെ ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥന, ഉപവി, അദ്ധ്വാനം, കുട്ടികളുടെ സ്വഭാവരൂപീകരണം എന്നിവയിൽ അധിഷ്ഠിതമായ ഒരു കുടുംബജീവിതക്രമം മാർ ഗ്രീഗോറിയോസ് പിതാവിന്റെ അജപാലന ശുശ്രൂഷയിൽ ശ്രദ്ധേയമാണ്. 'കുടുംബം ഒരു വിശ്വാസ കൂട്ടായ്മ' എന്ന ആശയമായിരുന്നു സിറിൾ മാർ ബസേലിയോസ് കാതോലിക്കാബാവാ നൽകിയത്. കുടുംബ കേന്ദ്രീകൃതമായ ഒരു സഭാദർശനത്തിനാണ് അത്യഭിവന്ദ്യ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവായും പ്രാധാന്യം നൽകി വരുന്നത്. ചുരുക്കത്തിൽ സഭയുടെ പ്രേക്ഷികദൗത്യത്തിൽ എന്നും കുടുംബത്തിന് വലിയ പ്രാധാന്യം നൽകിയിരിക്കുന്നു.

**കുടുംബകേന്ദ്രീകൃത ആദ്ധ്യാത്മികത പ്രോത്സാഹിപ്പിക്കുക**

കുടുംബ കേന്ദ്രീകൃതമായ ഒരു ആദ്ധ്യാത്മികത ശക്തിപ്പെടുത്തുക എന്നത് ആധുനികലോകത്തിൽ മലങ്കരസഭയുടെ വലിയ പ്രേഷിതദൗത്യമാണ്. മാർത്തോമാ ക്രിസ്ത്യാനികളുടെ കാലം മുതൽ മലങ്കര കുടുംബങ്ങളുടെ ശക്തി ഈ ആദ്ധ്യാത്മികതയായിരുന്നു. നിർഭാഗ്യവശാൽ ഇന്ന് അതിന് കാര്യമായ ലാഘവത്വം കടന്നു കൂടിയിട്ടുണ്ട്. നമ്മുടെ പുരാതന കുടുംബങ്ങളുടെ ശക്തിയും, വ്യത്യസ്ഥതയും നമ്മുടെ കുടുംബ പ്രാർത്ഥനകൾ ആയിരുന്നു. പ്രഭാതത്തിൽ ഉണരുമ്പോൾ ദൈവമേ എന്നു വിളിച്ച് എല്ലാം തൃക്കരങ്ങളിൽ സമർപ്പിക്കുന്ന പതിവ്, സന്ധ്യയ്ക്ക് ദൈവാലയമണി മുഴങ്ങുമ്പോൾ ഭവനത്തിൽ തിരി തെളിയിക്കുകയും മാതാപിതാക്കളും, മക്കളും ഒന്നിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്ന രീതി, രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പ് അന്നത്തെ ഭാരമെല്ലാം തമ്പുരാന്റെ കയ്യിൽ സമർപ്പിക്കുന്ന പതിവ്. ഇതെല്ലാം കുടുംബത്തിന്റെ ശക്തിയായിരുന്നു. പ്രഭാത-പ്രദോഷങ്ങളിൽ ദൈവത്തിനു മുൻഗണന നൽകി പ്രാർത്ഥിക്കുന്ന കുടുംബങ്ങളിൽനിന്നും വരുന്ന കുട്ടികൾ ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാൻ കരുത്ത് ഉള്ളവരായിരിക്കും ''ആറ്റം ബോംബിനെ ഞാൻ പ്രാർത്ഥനകൊണ്ട് നേരിടും'' എന്നു പറഞ്ഞ ഗാന്ധിജിക്ക്, പ്രാർത്ഥന ജീവിതത്തിന്റെ ശക്തിയായിരുന്നു. ലോകത്തിൽ നന്മ ചെയ്തുപോയ മഹാമതികളെല്ലാം ആഴത്തിൽ പ്രാർത്ഥിക്കുന്നവരും, ഈശ്വരബന്ധം ഉള്ളവരും ആയിരുന്നു. ഇവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് പേരുകേട്ട കോളേജുകളോ, സ്കൂളുകളോ അല്ല, കുടുംബമാകുന്ന പ്രഥമ പാഠശാലയാണ്.

ഞായറാഴ്ചയാചരണം ദൈവിക കൽപനപ്രകാരം മനുഷ്യന്റെ വിശുദ്ധിക്കും വളർച്ചയ്ക്കും വേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിനങ്ങളാണ്. അവയെ പരിശുദ്ധമായും കുടുംബജീവിതത്തിന്റെ പ്രധാന ശക്തിസ്രോതസായും പരിഗണിക്കുകയും ആചരിക്കുകയും ചെയ്യണം. ആ ദിവസത്തിന്റെ വിശുദ്ധീകരണം കുടുംബബന്ധങ്ങളെ ഉറപ്പിക്കാനും ശക്തമാക്കാനും സഹായിക്കും. ശനിയാഴ്ചകളിൽ ദൈവാലയത്തിലെ സന്ധ്യനമസ്കാരങ്ങളിൽ പങ്കെടുത്ത് വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങുക, ആത്മശോധന ചെയ്ത് കുമ്പസാരത്തിന് ഒരുങ്ങുക, പ്രഭാതപ്രാർത്ഥനയിലും വിശുദ്ധ കുർബാനയിലും ആദിമുതൽതന്നെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക, ദൈവാലയ ശുശ്രൂഷകളിൽ ഏതെങ്കിലും സവിശേഷമായ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രചോദിപ്പിക്കുക, ഇടവകതലത്തിലുള്ള വായനകളിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുക്കാൻ സജ്ജരാക്കുക. ഇതിലൂടെ ഞായറാഴ്ചയാചരണം കൂടുതൽ അർത്ഥവത്തും സജീവവുമാകും. ഞായറാഴ്ച ആചരണത്തിൽ സജീവമാകുന്ന കുടുംബങ്ങൾ കൃപയിൽ ബലപ്പെട്ട് സ്നേഹത്തിൽ വളരും.

**കുടുംബപ്രേഷിത ശുശ്രൂഷകൾ ബലപ്പെടുത്തുക**

കുടുംബപ്രേഷിത ശുശ്രൂഷകൾ ഇന്നിന്റെ ആവശ്യം അനുസരിച്ച് രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അതാവശ്യമാണ്. പലപ്പോഴും ഈ മേഖലയിൽ ഉള്ള നമ്മുടെ ശുശ്രൂഷ കേവലം വിവാഹ ഒരുക്ക സെമിനാറുകളിൽ ചുരുങ്ങി പോകാറുണ്ട്. വിവാഹപ്രായത്തിൽ എത്തുന്ന യുവതിയുവാക്കന്മാർക്കുവേണ്ടി ഇടവകതലത്തിൽ കർമ്മപരിപാടികൾ, സെമിനാറുകൾ, ധ്യാനങ്ങൾ മുതലായവ ക്രമീകരിക്കണം. അങ്ങനെ സ്വതന്ത്ര തിരഞ്ഞെടുപ്പ്വഴിയാണ് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നത് എന്ന ബോധ്യം ഇരുവർക്കും ഉണ്ടാകാൻ സഹായിക്കുന്നു. അങ്ങനെ കുടുംബജീവിതത്തിന്റെ പരസ്പര സമർപ്പണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ സാധിക്കും. വിവാഹം എന്ന കൂദാശയ്ക്ക് സഭ നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് ബോധവന്മാരാക്കുക, അതിലൂടെ ഇടവകസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ജീവിതത്തിൽ പങ്കുകാരാകാൻ യുവാക്കൾ പ്രാപ്തരാകും.

വിവാഹശേഷം യുവദമ്പതികൾക്കുവേണ്ടി തുടർപരിശീലന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിലൂടെ ക്രൈസ്തവ മൂല്യങ്ങൾക്ക് അനുസൃതമായ കുടുംബജീവിതം തുടർന്നും നയിച്ചുകൊണ്ടുപോകാൻ അവരെ ശക്തരാക്കുന്നു. മാതൃകാ കുടുംബജീവിതം നയിക്കുന്ന ദമ്പതിമാരെ പ്രോത്സാഹിപ്പിക്കുക, അവരെ സഭയുടെ പൊതുപരിപാടികളിൽ ആദരിക്കുക. ഇതുവഴി ക്രിസ്തുവിൽ വിശ്വസിക്കുകയും, അവിടുത്തെ വചനമനുസരിച്ച് ജീവിക്കുകയും ചെയ്യുന്നത് ശരിയും സത്യസന്ധവുമായ ഒന്നു മാത്രമല്ലെന്നും, അത് സൗന്ദര്യപൂർണ്ണമായ ഒന്നാണെന്നും, പ്രയാസങ്ങൾക്കിടയിലും ജീവിതം പുതിയ പ്രകാശവും അഗാധമായ സന്തോഷവുംകൊണ്ട് നിറയ്ക്കാൻ കഴിവുള്ളതാണെന്നും അത് വ്യക്തമാക്കുന്നു. ഇത് ദമ്പതി

കൾക്കിടയിൽ ആത്മവിശ്വാസം വളർത്താൻ സാധിക്കും.

**ജീവനെ പ്രോത്സാഹിപ്പിക്കുക**

ആധുനികകാലത്ത് സഭ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രതിസന്ധിയാണ് 'അണുകുടുംബം' എന്ന സങ്കൽപം. മലങ്കരസഭയിലും ഇന്നത്തെ കുടുംബങ്ങളിൽ ഇത് ശക്തമാണ്. സൗകര്യങ്ങളുടേയും അസൗകര്യങ്ങളുടേയും പേരിൽ നമ്മുടെ പല കുടുംബങ്ങളിൽനിന്നും മാതാപിതാക്കൾ പടിയിറങ്ങുന്നു, കൂടാതെ 'ഒരു കുട്ടി' എന്ന സങ്കൽപത്തിലേക്ക് കുടുംബം ചുരുങ്ങുന്നു. ഇത് കുടുംബത്തിൽ രൂപപ്പെടേണ്ട സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും മൂല്യങ്ങളിൽ നിന്നും സ്വാർത്ഥതയുടെ വലയത്തിൽ എത്തിച്ചേരുന്നു. വലിയ കുടുംബം സന്തുഷ്ട കുടുംബം എന്ന സങ്കൽപത്തെ സഭ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട സഹായങ്ങൾ എല്ലാ മേഖലകളിലും നല്കുകയും വേണം. അതുപോലെതന്നെ ഗർഭഛിദ്രം സാധാരണമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള അവബോധം ദമ്പതികളിൽ വളർത്തണം.

**കുടുംബവിശുദ്ധി രക്ഷയുടെ മാർഗ്ഗം**

സഭ ഏറ്റവും അധികം വിമർശനത്തിനു വിധേയമാകുന്ന മേഖലയാണല്ലോ ലൈംഗിക ധാർമ്മികതയെക്കുറിച്ചുള്ള പഠനങ്ങളുടേത്. ഭ്രൂണഹത്യ, കൃത്രിമ ജനനനിയന്ത്രണം, വിവാഹത്തിനുമുമ്പുള്ള ലൈംഗികബന്ധം, എന്നിവയ്ക്കെതിരെ സഭ എന്നും നിലകൊണ്ടിരുന്നു. സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി ദൈവം നൽകിയ ശക്തിയാണ് ലൈംഗികതയെങ്കിൽ ജീവോല്പാദനം മാത്രമല്ല, മറിച്ച് ഭാര്യഭർത്താക്കന്മാരെ സ്നേഹത്തിൽ കോർത്തിണക്കുന്നതുമാണത്. ദമ്പതികൾ തമ്മിൽ ശാശ്വതവും സ്നേഹാധിഷ്ഠിതവുമായ ഒരുമയാണ് ഈ ദാനത്തിന്റെ പിന്നിൽ സൃഷ്ടാവിന്റെ ലക്ഷ്യം. അതുകൊണ്ടാണ് അതിനെതിരായുള്ള പ്രവർത്തികൾ തെറ്റാണെന്ന് സഭ പഠിപ്പിക്കുന്നത്.

**കുടുംബബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുക**

സന്തുഷ്ടമായ ഒരു കുടുംബത്തിനു പിന്നിൽ ഊഷ്മളമായ ബന്ധങ്ങളുടെ അടിസ്ഥാനം ഉണ്ടായിരിക്കും. അർത്ഥവത്തും ആത്മാർത്ഥവുമായ ബന്ധങ്ങളിലൂടെ ഭാര്യഭർത്തൃബന്ധം ദൃഢവും ആഴവുമുള്ളതുമായിത്തീരും. വിവാഹത്തിലൂടെ രണ്ടു വ്യക്തികൾ മാത്രമല്ല അടുക്കുന്നത്, മറിച്ച് രണ്ടു കുടുംബങ്ങൾ തമ്മിലാണ്. ഇതിലൂടെ പുരുഷന് തന്റെ അപ്പനും അമ്മയ്ക്കും സമാനമായി, ഭാര്യയുടെ അപ്പനും അമ്മയും മാറുന്നു. അതുപോലെതന്നെ സ്ത്രീക്കും തന്റെ അപ്പനും അമ്മയുംപോലെ, പ്രാധാന്യം ഉള്ളതായിരിക്കും ഭർത്താവിന്റെ അപ്പനും അമ്മയും. വിവാഹംവഴി ലഭിക്കുന്ന മറ്റു ബന്ധങ്ങളും ഉണ്ട്. സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, അയൽവാസികളുമായുള്ള ബന്ധം, ഫ്രാൻസിസ് മാർപാപ്പാ അമോരിസ് ലെത്തിസ്യയിൽ പറയുന്നതുപോലെ കുടുംബം, കുടുംബങ്ങളുടെ കുടുംബമായി മാറുന്നു. ഈ അർത്ഥത്തിൽ വിവാഹബന്ധം ബന്ധങ്ങളുടെ കൂട്ടായ്മയാണ്. ആ ബന്ധങ്ങളെ ബന്ധങ്ങളുടെ ഉത്സവമാക്കുന്നതാണ് ദമ്പതികളുടെ വിജയം. ഇതിന് അനുകൂലമായ മനോഭാവം പ്രധാനമാണ്. കൂടാതെ വൈകാരികതയുണ്ട്, കാഴ്ചപ്പാടുകൾ ഉണ്ട്, തീരുമാനങ്ങൾ ഉണ്ട്. ഇതിന് കുടുംബത്തെയും ദമ്പതിമാരെയും പ്രാപ്തരാക്കണം. കൂടാതെ കുടുംബങ്ങളിൽതന്നെ ഒരുമിച്ച് പ്രാർത്ഥിക്കാനും, ഭക്ഷിക്കാനും, ആശയവിനിമയം നടത്തുവാനും കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം. മാതാപിതാക്കളെ കരുതുന്ന ഒരു തലമുറയെ സൃഷ്ടിക്കാൻ സഭയുടെ കുടുംബപ്രേഷിത പ്രവർത്തനത്തിന് സാധിക്കണം.

**ഭവനസന്ദർശനം ഇടയന്റെ ദൗത്യം**

സഭയുടെ ഈ പ്രേഷിതദൗത്യത്തിൽ ഓരോ ഇടവക വികാരിയുടെയും കടമയും ഉത്തരവാദിത്വവും ശ്രദ്ധേയമാണ്. നമ്മുടെ നാഥനായ ക്രിസ്തുവിന്റെ ഇടയശുശ്രൂഷ, തന്നെ ഭരമേല്പിച്ചിരിക്കുന്ന ഇടവകസമൂഹത്തിൽ ഫലപ്രദമായി നിർവ്വഹിക്കുവാൻ പരിശ്രമിക്കണം. കുടുംബസന്ദർശനമാണ് അതിൽ ഏറ്റവും ഫലവത്തായ മാർഗ്ഗം. മലങ്കര ഇടവകകൾ താരതമ്യേന ചെറുതായതുകൊണ്ട് ഈ ശുശ്രൂഷ കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കും. ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലികാഹ്വാനത്തിൽ പറഞ്ഞിരിക്കുന്ന 'വ്യക്തിപരമായ അനുധാവനം' സാധ്യമാക്കുന്നതിന് ഇത്തരം സന്ദർശനങ്ങൾ സഹായകരമാകുന്നു. അങ്ങനെ 'ആടുകളുടെ മണമുള്ള ഇടയനായി' ഓരോ ഇടവകവികാരിയും രൂപാന്തരപ്പെടും.

**ഉപസംഹാരം**

തിരുസഭയുടെ ചെറുപതിപ്പെന്നനിലയിൽ ആധുനിക കുടുംബങ്ങളഭിമുഖീകരിക്കുന്ന നാനാവിധ പ്രതിസന്ധികൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മറുപടി നല്കുക എന്നുള്ളത് സഭാശുശ്രൂഷകരെന്ന നിലയിൽ വികാരിമാരുടെ കടമയാണ്. ഈ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കുവാൻ, ഓരോ കുടുംബത്തെയും അറിയുകയും മനസ്സിലാക്കുകയും വേണം. കുടുംബപ്രേഷിത കാര്യാലയത്തിന്റെ ബഹുവിധമായ ശുശ്രൂഷകൾ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പുനർക്രമീകരിക്കുന്നത് ഉചിതമാണ്. ദൈവത്താൽ വിഭാവനം ചെയ്യപ്പെട്ട സ്ഥാപനമെന്ന നിലയിൽ കുടുംബത്തിന്റെ കിതപ്പും കുതിപ്പും ദൈവികപദ്ധതിയുടെ ഭാഗമായി മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും വേണം. കുടുംബങ്ങളുടെ ബലഹീനതകളിൽ അവരെ ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും, വിശുദ്ധിയുള്ള കുടുംബങ്ങളായി അവയെ പ്രതിഷ്ഠിക്കാനും സഭയ്ക്ക് കടമയുണ്ട്. സവിശേഷശ്രദ്ധ അർഹിക്കുന്ന മേഖലകളെ കണ്ടെത്തുവാനും പഠിക്കുവാനും, സഭാപ്രബോധനങ്ങൾ മലങ്കരസഭയുടെ പ്രത്യേക സാഹചര്യമനുസരിച്ച് വ്യാഖ്യാനിക്കാനും നമുക്ക് സാധിക്കണം. ●



# കൃപ നിറയുന്ന കുടുംബങ്ങൾ



**ഫാ. ഡോ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ**
**ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്,**
**തിരുവല്ല അതിഭദ്രാസനം**

**ക്രി**സ്തീയ കുടുംബം ദൈവകൃപയുടെ അനാദൃശ്യമായ ഉറവിടവും വിശുദ്ധ വിളിയുമാണ്. ഈ വിളിയുടെ നിറവിലാണ് ക്രിസ്തീയ കുടുംബങ്ങൾ രൂപം കൊള്ളുന്നത്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ലാത്തതിനാൽ അവന് തുണയായി ഒരു ഇണയെ നല്കി (ഉല്പ. 2:21-22). അങ്ങനെ സ്നേഹത്തിന്റെ ആദ്യഭവനം സൃഷ്ടിയിൽ ആരംഭിച്ചു. മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പിനായി പുത്രൻതമ്പുരാൻ ഭൂമിയിൽ പിറന്നതും ഒരു കുടുംബത്തിലാണ്. യേശുവിന്റെ ആദ്യത്തെ അത്ഭുതം (യോഹന്നാൻ 2:1-11) നടന്നതും ഒരു കുടുംബ പശ്ചാത്തലത്തിലാണ്. കുരിശിൽ യേശു പുതിയ കുടുംബത്തിന് രൂപം നല്കി (യോഹന്നാൻ 19:26-27). അങ്ങനെ സ്നേഹത്തിന്റെ ഭവനത്തെ നിർവചിച്ചു. സ്നേഹത്തിലാണ് കുടുംബം സൃഷ്ടിക്കപ്പെടുന്നത്. വന്നതും ഇപ്പോൾ നിലനില്ക്കുന്നതും, ഇനി വരാനിരിക്കുന്നതുമായ തലമുറകളെ ദൈവകൃപയിൽ നിറയ്ക്കാനും ദൈവസ്നേഹത്തിന്റെ നിറവിൽ സ്നേഹഭവനങ്ങൾ പടുത്തുയർത്താനും നമുക്ക് കഴിയണം.

**a. സ്നേഹഭവനത്തിന്റെ മാതൃകകൾ**

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈകദൈവം, മൂന്നാളുകൾ ഒരു യാഥാർത്ഥ്യം. പക്ഷെ സത്തയിൽ, ദൈവികതയിൽ ഒന്ന്. ഒരാളെപ്പറ്റി സംസാരിക്കുമ്പോൾ മൂന്ന് പേരും സന്നിഹിതരാകുന്നു. അതുപോലെതന്നെ കുടുംബത്തിൽ മാതാവും പിതാവും മക്കളും, മൂന്ന് ആളുകൾ ആയിരുന്നാലും സത്തയിൽ അഥവാ സ്നേഹത്തിൽ മൂവരും ഒന്നായിരിക്കുന്നു. തിരുക്കുടുംബത്തിൽ യൗസേപ്പ്, അപ്പന്മാർക്കുള്ള മാതൃകയും, കന്യകമറിയം, അമ്മമാർക്കുള്ള മാതൃകയും, യേശു, മക്കൾക്കുള്ള ഉത്തമമാതൃകയുമാണ്. യൗസേപ്പ് കന്യകയുടെ കാവൽക്കാരനായതുപോലെ, കുടുംബനാഥൻ കുടുംബത്തിന്റെ കാവൽക്കാരനും, കുടുംബനാഥ മറിയത്തെപ്പോലെ ഹൃദയത്തിൽ സംഗ്രഹിക്കുന്നവളും, മക്കൾ യേശുവിനെപ്പോലെ മനുഷ്യന്റെയും ദൈവത്തിന്റെ പ്രീതിയിലും വളർന്നുവരണം (ലൂക്കാ 2:52).

കത്തോലിക്കാവിശ്വാസത്തിലും പ്രബോധനത്തിലും സ്നേഹത്തിന്റെ കൂദാശയാണ് വി. കുർബാന. കാരണം യേശുവിന്റെ സ്വയസമർപ്പണത്തിന്റെ പ്രത്യക്ഷീകരണമാണ് ഓരോ വി. കുർബാനയും. ആയതിനാൽ വി. കുർബാനയിലെ സ്വയം സമർപ്പിക്കലിന്റെ സ്നേഹം നിരന്തരമായി ആവിഷ്കരിക്കപ്പെടുന്നത് കുടുംബജീവിതത്തിന്റെ ആത്മസമർപ്പണത്തിലാണ്. വിവാഹജീവിതത്തിൽ, കുടുംബം സ്നേഹത്തിന്റെ കൂദാശയാണ്.

**b. സ്നേഹഭവനത്തിന്റെ പ്രായോഗിക ജീവിതരീതി**

പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളെപോലെ അഥവാ തിരുക്കുടുംബത്തെപോലെ വി. കുർബാനയിലെ സ്നേഹസമർപ്പണത്തിൽ

കുടുംബങ്ങൾക്ക് എങ്ങനെ പ്രായോഗികമായി ജീവിക്കാൻ സാധിക്കുമെന്ന് ചിന്തിക്കാം. 'മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല, അവന് ചേർന്ന ഒരു തുണയെ ഞാൻ നല്കും' (ഉല്പത്തി. 2:18). ഭാര്യ ഭർത്താവിന് തുണയും, ഭർത്താവ് ഭാര്യക്ക് തുണയുമാണ്. എന്നാൽ കുടുംബജീവിതത്തിൽ സ്നേഹത്തിന്റെ ആഘോഷം നടക്കണമെങ്കിൽ ഇരുവരും പരസ്പരം സഹായിച്ച് ഇണകളായി, അഥവാ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കണം. വിവാഹമെന്ന കൂദാശയിൽ രണ്ടു വ്യക്തികൾ പരസ്പരം ചേർക്കപ്പെടുമ്പോൾ പിന്നീടൊരിക്കലും 'അവർ രണ്ടല്ല ഒരു ശരീരമായിരിക്കും' (മർക്കോസ് 10:8) എന്ന ദൈവവചനം അന്വർത്ഥമാകുന്നു. ലൈംഗികമായ പൂരകത്വം രണ്ടു വ്യക്തികളുടെ മുഴുവൻ ജീവിതപദ്ധതിയുടെ പങ്കുവയ്ക്കലാണ്. അവർ എന്തായിരിക്കുന്നുവോ, അവർക്കെന്തുണ്ടോ അവയുടെ എല്ലാം പങ്കുവയ്പ്പായി മാറുമ്പോഴാണ് ഇണയും തുണയുമായി മാറുവാനുള്ള വഴി പൂർണമാകുന്നത്. ജീവന്റെ ഉല്പാദനംവഴി വിവാഹമെന്ന സ്നേഹ കൂദാശയിൽ സ്നേഹം ആഘോഷിക്കപ്പെടുന്നു. എന്നാൽ ലൈംഗികത അവന്റെ സുഖത്തിനായി മാത്രം മാറുമ്പോൾ സ്നേഹത്തിന്റെ കുറവ് കുടുംബങ്ങളിൽ അനുഭവപ്പെടുന്നു. തിരുക്കുടുംബത്തെപ്പോലെ പരസ്പരം കരുതുവാനും വി. കുർബാനയിലെ സമർപ്പണംപോലെ സമർപ്പിക്കുവാനും കഴിയാതെ പോകുന്നു. അതിനാൽ, കുടുംബങ്ങളിൽ ത്രിത്വത്തിന്റെ സ്നേഹം ജ്വലിക്കണം.

ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ശിഷ്യന്മാർക്ക് മനസ്സിലാക്കുവാൻ എറ്റവും പ്രയാസം തോന്നിയ രണ്ട് കാര്യങ്ങളാണ്, വി. കുർബാനയെപ്പറ്റിയുള്ള പ്രബോധനവും (യോഹന്നാൻ 6). ദാമ്പത്യവിശ്വസ്തതയെപ്പറ്റിയുള്ള പ്രബോധനവും (മത്തായി 19:10). മനുഷ്യന് നിത്യജീവൻ പ്രദാനം ചെയ്യുന്ന ഭക്ഷണമാണ് ദിവ്യകാരുണ്യമെന്ന് വി. യോഹന്നാൻ പഠിപ്പിക്കുന്നു. യേശു പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല (യോഹന്നാൻ 6:53). ഇത് മനസ്സിലാക്കാൻ ശിഷ്യന്മാർ ഏറെ ബുദ്ധിമുട്ടി. ഈ സത്യം ഉൾക്കൊള്ളാൻ ദൈവകൃപയിൽ പരിശുദ്ധാത്മ നിറവുള്ളവരായി നാം മാറേണ്ടതുണ്ട്. ദാമ്പത്യവിശ്വസ്തതയെപ്പറ്റിയുള്ള പ്രബോധനത്തിൽ ശിഷ്യന്മാർക്കുപോലും ഗ്രഹിക്കാൻ കഴിയാതെ വന്നപ്പോൾ യേശു പറഞ്ഞു, കൃപ ലഭിച്ചവരല്ലാതെ മറ്റാർക്കും ഈ ഉപദേശം ബോദ്ധ്യമാവില്ല (മത്തായി 19:11) എന്ന്. തിരുക്കുടുംബം ഭൂമിയിൽ പുനരാവിഷ്ക്കരിക്കാൻ ദാമ്പത്യവിശ്വസ്തത പാലിക്കപ്പെടണം. ഇണയും തുണയുമായി പരസ്പര വിശ്വസ്തതയോടെ വർത്തിക്കുമ്പോഴാണ് ത്രിത്വരഹസ്യം ആഘോഷിക്കപ്പെടുന്നത്, കൃപയുടെ നീർച്ചാലുകൾ ഒഴുക്കപ്പെടുന്നത്. ഞാൻ, എന്റെ കുടുംബം എന്ന സ്വാർത്ഥ ചിന്തയിൽനിന്ന് മാറി, മറ്റുള്ളവരെക്കൂടി കരുതി ജീവിക്കുമ്പോഴാണ് സ്നേഹഭവനമായി കുടുംബം മാറുന്നത്. അയൽക്കാരെയും, ബന്ധുക്കളെയും, നാട്ടുകാരെയുമെല്ലാം സ്നേഹത്തോടെ കരുതി ജീവിക്കുകയും ആവശ്യനേരത്ത് സഹായിക്കുകയും ചെയ്യുമ്പോൾ കുടുംബം ഒരു സ്നേഹഭവനമായി മാറും.

**c. സ്നേഹഭവനം നേരിടുന്ന വെല്ലുവിളികൾ**

കണ്ടതും കേട്ടതും മുറിക്കുള്ളിലേക്ക് കൊണ്ടുവരുന്നതാണ് ദാമ്പത്യലൈംഗിക ജീവിതത്തിലെ വെല്ലുവിളി. ദൃശ്യമാധ്യമങ്ങളിൽനിന്ന് ലഭിക്കുന്നതും, സ്വന്ത താല്പര്യത്തിനനുസരിച്ചുള്ള ലൈംഗിക സമീപനങ്ങളും കുടുംബജീവിതത്തെ താറുമാറാക്കുന്നു. വിവാഹജീവിതത്തിലൂടെ കടന്നുവരുന്ന രണ്ട് വ്യക്തികൾ തുല്യരാണ് എന്ന ബോധ്യത്തിൽനിന്ന് മാറി, ഒരാൾ മറ്റൊരാളെ എല്ലാ തരത്തിലും ചൂഷണം ചെയ്യുന്ന പ്രവണത ഇന്ന് വർദ്ധിച്ചുവരുന്നു. മനുഷ്യന്റെ മാനവിക കാഴ്ചപ്പാടിൽനിന്നും അപരനെ തന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്ന വസ്തു എന്ന നിലയിൽ കുടുംബബന്ധം മാറുമ്പോൾ സ്നേഹത്തിന്റെ ആഘോഷം ഭവനങ്ങളിൽ നിലച്ചുപോകുന്നു.

നവമാധ്യമങ്ങളുടെ അതിപ്രസരംവഴി കുടുംബങ്ങളിൽ സംഭാഷണവും സംലഭ്യതയും കുറഞ്ഞുവരുകയും, ഓരോരുത്തരും അവരവരുടെ ലോകത്തേക്ക് ചുരുങ്ങുകയും ചെയ്യുന്നു. കുടുംബത്തിന്റെ സ്നേഹക്കൂട്ടായ്മക്ക് ഭംഗം വരുത്തുന്ന നവമാധ്യമങ്ങളുടെ ഉപയോഗം കുടുംബത്തിന് ഒരു വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്നു.

**III. കുടുംബം ജീവന്റെ ഉറവിടം**

കുടുംബം ഒരു സ്നേഹക്കൂട്ടായ്മയാണ്. അത് പരിശുദ്ധ ത്രിത്വത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അനാദിയിൽ പിതാവിന്റെ സ്നേഹത്തിൽ പുത്രൻ ജന്മം കൊള്ളുന്നു. പിതാവും പുത്രനും തമ്മിലുള്ള അനാദ്യന്തബന്ധത്തിന്റെ സ്നേഹശക്തിയായ പരിശുദ്ധാത്മാവ് ജീവനും ജീവദാതാവുമാണ്. അതുപോലെ ദമ്പതികളുടെ സ്നേഹത്തിൽ ഒരു ശിശു ജന്മം കൊള്ളുമ്പോൾ അവർ സൃഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ ജീവൻ പ്രതിബിംബിക്കുന്ന സജീവ ഛായകളായി മാറുന്നു. ഓരോ ശിശുവിന്റെയും ജനനം വ്യക്തമായ ദൈവിക ഇടപെടലിന്റെ പ്രത്യക്ഷഫലമാണ്, അഥവാ ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്. മക്കളില്ലാത്ത ദമ്പതികൾ ആത്മീയ മാതൃത്വവും പിതൃത്വവുംവഴി തങ്ങളുടെ അവസ്ഥയെ ഉദാത്തീകരിക്കണം.

ഭാര്യാഭർത്താക്കന്മാർക്ക് ഇടയിലുള്ള ലൈംഗികബന്ധം ജീവനിലേക്ക് തുറവിയുള്ളതാകണം. വിവാഹത്തിന്റെ ആത്യന്തിക ലക്ഷ്യം സ്നേഹവും

(Love) ജീവനുമാണ് (Life). അവർ പരസ്പരസ്നേഹത്തിൽ ഒരു ശരീരമായി തീരുമ്പോൾ അത് ജീവനെ നിഷേധിക്കുന്ന ബന്ധമായിരിക്കരുത്. ദമ്പതികൾ ശരീരത്തിൽ മാത്രമല്ല, മനസ്സിലും ആത്മാവിലും ഒന്നാകുന്നത് പരിശുദ്ധാത്മ നിറവിലൂടെയാണ്. ജീവനോട് തുറവിയുള്ള സ്നേഹം വിവാഹത്തിന്റെയും ലൈംഗികതയുടെയും അടിസ്ഥാനമാണ്. എന്നാൽ ദമ്പതികളുടെ സന്തോഷവും സംതൃപ്തിയും മുൻനിർത്തി സന്താനോല്പാദനം സാധ്യമല്ലാത്തപ്പോൾപോലും ലൈംഗികബന്ധം ധാർമ്മികമാണ്. ലൈംഗികബന്ധം ജീവനിലേക്ക് തുറവിയുള്ളതായിരിക്കണം എന്നിരിക്കെ കൃത്രിമമായ മാർഗ്ഗങ്ങളിലൂടെ സന്താനോല്പാദനത്തിനുള്ള സാധ്യതകൾ തടഞ്ഞുകൊണ്ടുള്ള ലൈംഗികബന്ധം പാപകരമാണ്. ജനസംഖ്യാപ്രശ്നവും സാമ്പത്തികക്ലേശവും സാമൂഹികവിഷയങ്ങളും ഉയർത്തിക്കാട്ടി ജനനനിയന്ത്രണമാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ദാമ്പത്യഐക്യം അതിന്റെ സ്വഭാവംകൊണ്ടുതന്നെ പ്രജനനനത്തിലേക്ക് നയിക്കുന്ന ഒന്നാണ്. ജനിക്കുന്ന ശിശു, ദമ്പതികളുടെ പരസ്പര സ്നേഹത്തോട് പുറമെനിന്ന് കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നല്ല, മറിച്ച് പരസ്പര സ്നേഹത്തിൽനിന്നുതന്നെ അതിന്റെ ഫലവും സാക്ഷാത്ക്കാരവുമായി ഉടലെടുക്കുന്നതാണ്.

സ്ഥിരമോ താല്ക്കാലികമോ ആയ ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിച്ച് ബോധപൂർവ്വമായ ജനനനിയന്ത്രണം നടത്തുന്നതിനെ സഭ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ കുടുംബത്തിന്റെ സാമൂഹികവും സാമ്പത്തികവും മാനസികവുമായ സാഹചര്യങ്ങളോ ദമ്പതികളുടെ ആരോഗ്യമോ പരിഗണിച്ച് കുട്ടികളുടെ എണ്ണത്തെയും ജനിക്കേണ്ട സമയത്തെയും സംബന്ധിച്ച് തീരുമാനം എടുക്കാൻ ദമ്പതികൾക്ക് അവകാശമുണ്ട്. ഇത് ദൈവസന്നിധിയിൽ ദമ്പതികൾ പ്രാർത്ഥനാപൂർവ്വം എടുക്കേണ്ട തീരുമാനമാണ്.

**a. ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവും**

മനുഷ്യാന്തസ്സിന് യോജിച്ച വിധത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിനും, അവർക്ക് വിദ്യാഭ്യാസവും ജീവിതമാർഗ്ഗവും നല്കുന്നതിനും, സ്വന്തമായി ജീവിതവഴിയിൽ ഇറങ്ങാൻ പ്രാപ്തരാക്കുന്നതിനും, മാതാപിതാക്കൾക്കുള്ള വിഭവങ്ങളും സാഹചര്യങ്ങളും പ്രധാനപ്പെട്ടവയാണ്. യാഥാർത്ഥ്യബോധത്തോടുകൂടി ചിന്തിച്ച് തങ്ങൾക്ക് പരമാവധി പരിപാലിക്കാൻ കഴിയുന്നത്ര കുട്ടികൾക്ക് ജന്മം നല്കാൻ മാതാപിതാക്കൾ ഏറ്റെടുക്കുന്ന തീരുമാനം ഏറ്റം ശ്രേഷ്ഠം. കൃത്രിമമാർഗ്ഗങ്ങൾ ഒന്നും അവലംബിക്കാതെ ദൈവം സ്ത്രീയിൽ ക്രമീകരിച്ചിരിക്കുന്ന സ്വാഭാവികമാർഗ്ഗങ്ങളെ മനസ്സിലാക്കി ജനനം നിയന്ത്രിക്കാവുന്നതാണ്. അമ്മയുടെ ഉദരത്തിൽ രൂപംകൊള്ളുന്ന ഓരോ ജീവനും ആരംഭനിമിഷംമുതൽ പരിശുദ്ധമാണ്, പരിപാലിക്കപ്പെടേണ്ടതാണ്.

ദമ്പതികൾ ദൈവത്തോടും തങ്ങളോടും കുടുംബത്തോടും സമൂഹത്തോടും തങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങൾ മാനിച്ചുകൊണ്ട് തങ്ങളുടെ ചുറ്റുപാടുകൾക്ക് അനുസൃതമായി പരമാവധി എത്ര കുഞ്ഞുങ്ങൾക്ക് ജന്മം നല്കി അവരെ മാന്യമായി വളർത്താൻ കഴിയുമോ അത്രയും കുട്ടികൾക്ക് ജന്മം നല്കി അവരെ കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുന്നവരായി വളർത്തുക എന്നതാണ് ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവും എന്നതുകൊണ്ട് അർഥമാക്കുന്നത്. സഭ നമ്മോട് ആവശ്യപ്പെടുന്നതും ഇതാണ്.

**b. അതിരുകളില്ലാത്ത കരുതൽ**

ജീവന്റെ സംസ്കാരത്തിൽ ഭാഗഭാക്കുകളാകുക എന്നാൽ സ്വന്തം കുടുംബത്തിൽ ഉള്ളവർക്ക് ജീവിക്കാൻ ഉതകുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക എന്ന സ്വാർത്ഥപരമായ സമീപനമല്ല, മറിച്ച് കൂടുതൽ വിശാലമായ ഒരു കാഴ്ചപ്പാടിലേക്ക് വളരുക എന്നതാണ്. വിശപ്പടക്കാനും വിദ്യാഭ്യാസം നേടാനും സാമ്പത്തിക പരിമിതിയുള്ള കുട്ടികളെ ഹൃദയം തുറന്ന് സ്നേഹിക്കാനും സഹായിക്കാനും പുതിയ തലമുറയെ പഠിപ്പിക്കുകയും, സാമ്പത്തികമായി സുരക്ഷിതമായ കുടുംബങ്ങൾ മേല്പറഞ്ഞവരെ സഹായിക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്യണം. കുടിയേറ്റ തൊഴിലാളികൾക്ക് എതിരേ കുറ്റാരോപണം നടത്തുകയും സാമ്പത്തികമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാൻ ശ്രമിക്കണം. ഭവനങ്ങളും ദൈവാലയങ്ങളും അവരെ സ്വാഗതം ചെയ്യണം.

മതഭ്രാന്തും രാഷ്ട്രീയവൈരവും പുതുതലമുറയിൽ രൂഢമൂലമാകുമ്പോൾ അതിന് ഇരയാകുന്നവരോട് ചേർന്ന് നില്ക്കാനും ക്രിസ്തീയ അന്തസ്സും സ്നേഹവും പകർന്നുനല്കുന്നതിനും പുതിയ തലമുറയെ പഠിപ്പിക്കുകയും ചെയ്യണം. പ്രതിസന്ധികളിൽ കൂട്ടുത്തരവാദിത്വം എടുക്കുന്നതിനോ, കൂടെ നില്ക്കുന്നതിനോ ആളില്ലാതെ വരുന്നതാണ് പലപ്പോഴും ഒരു വ്യക്തിയെ ആത്മഹത്യയിലേക്ക് നയിക്കുന്നത്. കുടുംബബന്ധങ്ങളിലും അയൽബന്ധങ്ങളിലും വരുന്ന വീഴ്ചയാകാം ഈ വിപത്തിന്റെ പ്രധാന കാരണം. അതുകൊണ്ട് നമ്മുടെ സഹോദരങ്ങളെ പരിഗണിക്കുക മാത്രമല്ല അവരുടെ കാര്യങ്ങളിൽ ജാഗ്രതയോടെയുള്ള കരുതലും ഇന്നിന്റെ ആവശ്യമാണ്.

**IV. കുടുംബം വിശ്വാസത്തിന്റെ വിളനിലം**

വിശ്വാസത്തിന്റെ വിളനിലമാണ് കുടുംബം. അതുകൊണ്ടുതന്നെ വിശ്വാസം പങ്കുവയ്ക്കാനുള്ള ഏറ്റവും നല്ല ഇടവും കുടുംബമാണ്. ദമ്പതികൾ പരസ്പരവും, മാതാപിതാക്കളും മക്കളും തമ്മിലും പങ്കുവയ്ക്കുന്നത് മാനുഷികമായ ജീവൻ മാത്രമല്ല, മറിച്ച് കൂദാശപരമായി സ്വീകരി

ക്രിസ്തീയഭവനങ്ങൾ പ്രാർത്ഥനയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടവയാണ്. യാമങ്ങൾക്കും കാലങ്ങൾക്കും അനുസരിച്ച് പ്രാർത്ഥനകളും വായനകളും ഭവനത്തിൽ നടത്തണം. ഭവനാന്തരീക്ഷം പ്രാർത്ഥനയ്ക്ക് ഉതകുന്നതാകാൻ ശ്രദ്ധിക്കണം. വീടുകൂദാശ നടത്തണം, കുരിശിന്റെയും വിശുദ്ധരുടെയും ചിത്രങ്ങളുടെ സാന്നിദ്ധ്യം, വിശുദ്ധ അമ്മയെ അനുസ്മരിപ്പിക്കുന്ന വസ്തുക്കൾ ഇവയെല്ലാം വിശ്വാസരൂപീകരണത്തിന് സഹായിക്കും.

ക്കുന്ന കൃപാവരംകൂടിയാണ്. മക്കൾക്ക് വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ചുകൊടുക്കുകയും കൗദാശികജീവിതത്തിന് ഒരുക്കുകയും ചെയ്യുന്നത് മാതാപിതാക്കളാണ്. തോബിത്തിന്റെ പുസ്തകത്തിൽ, നീതിമാനായ പിതാവിന് എങ്ങനെ അനുഗ്രഹീതനായ പുത്രൻ ജനിക്കുന്നുവെന്ന് കാണാം. ഏഴു മക്കളുടെ അമ്മ ധീരയായ രക്തസാക്ഷിണി (2 മക്ക. 7) ശരിയായ മാതൃത്വത്തിന്റെ ഉത്തമ മാതൃകയാണ്.

**a. വിശ്വാസത്തിന്റെ ഉള്ളടക്കം**

നമ്മുടെ വിശ്വാസത്തിന്റെ ഉറവിടം പ്രപഞ്ചസൃഷ്ടിയിൽ ആരംഭിച്ച് യേശുക്രിസ്തുവിലൂടെ പൂർത്തിയാക്കപ്പെട്ട പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തെയും, അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളെയും സംബന്ധിച്ച ദൈവികവെളിപാടാണ്. നാം വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്നത് 5 കാര്യങ്ങളാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിലും പ്രപഞ്ചസൃഷ്ടിയിലും ആരംഭിച്ച യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ പൂർത്തീകരിച്ച രക്ഷാകരപ്രവർത്തനങ്ങളിലും, അവിടുത്തെ രണ്ടാം വരവിലുള്ള വിശ്വാസം, തിരുസഭയിലുള്ള വിശ്വാസം, പാപമോചനത്തിന് മാമ്മോദീസാ ഒന്ന് മാത്രമേയുള്ളൂ എന്നും, മരിച്ചുപോയവരുടെ ഉയിർപ്പ്, വരാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനിലുമുള്ള വിശ്വാസം.

ദൈവത്തിൽനിന്ന് ലഭിക്കുന്ന ദാനമാണ് വിശ്വാസമെങ്കിലും അതിൽ ആഴപ്പെടാൻ ഓരോ വിശ്വാസിയും ശ്രമിക്കേണ്ടതുണ്ട്. അതിനായി യേശു എന്ന വ്യക്തിയെ അറിയുവാനും അവിടുന്ന് പഠിപ്പിച്ച ജീവിതരീതിയെ അനുകരിക്കാനും പരിശ്രമിക്കുക. യേശുവിലൂടെ വെളിപ്പെട്ട ത്രിയേക ദൈവവിശ്വാസവും മറ്റു ദൈവികരഹസ്യങ്ങളും അംഗീകരിച്ച് ഏറ്റുപറയുക. ദൈവത്തിൽ ശരണം വച്ച് അവിടുത്തെ പരിപാലനയിൽ ജീവിതം സമർപ്പിക്കുക. ദൈവത്തോട് വിശ്വാസത്തിലുള്ള വിധേയത്വംവഴി ആത്മബന്ധം പുലർത്തുക. വചനവായനയിലും ആത്മാവിനോടുള്ള തുറവിയിലും ജീവിതം നിരന്തരം നവീകരിക്കുക. വ്യക്തിപരമായി ദൈവത്തോട് കൂടുതൽ അടുക്കുക. വ്യവസ്ഥകൾ ഇല്ലാതെ പൂർണ്ണമായി നമ്മെത്തന്നെ സമർപ്പിക്കുക. അങ്ങനെയാകുമ്പോൾ ബുദ്ധിക്കും യുക്തിക്കും ഉപരിയായി ദൈവികലോകത്തിലേയ്ക്കും, ജീവിതശൈലിയിലേയ്ക്കും ഒരുവൻ പ്രവേശിക്കുന്നു (എഫേ. 3:16-19).

**b. വിശ്വാസത്തിന്റെ പരിപോഷണം**

വിശ്വാസത്തിന്റെ വഴിയിൽ ശരിയായി നടക്കാൻ വചനവായനയും, ജീവന്റെ അപ്പമായ പരിശുദ്ധ കുർബാനയും, സഭയുടെയും സഭാപിതാക്കന്മാരുടെയും പ്രബോധനങ്ങളുംകൊണ്ട്, നിരന്തരം സ്വയം പരിപോഷിപ്പിക്കാനുള്ള ഉത്സാഹവുമുണ്ടാകണം. ഇതിന് കുടുംബങ്ങൾക്ക് രണ്ടു പ്രധാന മാർഗ്ഗങ്ങളാണുള്ളത്. ഒന്നാമത്തേത് വിശുദ്ധ കൂദാശകളിലെ പങ്കാളിത്തമാണ്. മാമ്മോദീസമുഖേന സഭാശരീരത്തിൽ അംഗങ്ങളായിത്തീരുന്ന വിശ്വാസികൾ ദൈവമക്കളായി നവജന്മം പ്രാപിക്കുന്നു. മൂറോൻ അഭിഷേകത്താൽ സഭയുമായി ഗാഢബന്ധം സ്ഥാപിച്ച് പരിശുദ്ധാത്മാവിലുള്ള സുവിശേഷശക്തിയും, വാക്കാലും പ്രവർത്തിയാലും വിശ്വാസം പ്രചരിപ്പിക്കാനുള്ള ഉത്തരവാദിത്വവും സ്വന്തമാക്കുന്നു. വി. കുർബാനയിൽ ഭാഗഭാക്കുകളായിക്കൊണ്ട്, ബലിവസ്തുവായ ക്രിസ്തുവിനോട് തങ്ങളെത്തന്നെ ചേർക്കുന്നു. കുമ്പസാരത്തിൽ പാപപ്പൊറുതി നേടി സഭയും സമൂഹവുമായി രമ്യപ്പെടുന്നു. വിവാഹമെന്ന കൂദാശവഴി ദമ്പതികൾ ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തെ പ്രത്യക്ഷീകരിക്കുന്നു.

സഭയുടെ ആരാധനാനുഷ്ഠാനങ്ങളിലൂടെ യേശുവിന്റെ ജീവിതത്തെ അനുഗമിക്കുവാനും അനുകരിക്കുവാനും, അങ്ങനെ രക്ഷാകരമായ ദിവ്യരഹസ്യങ്ങൾ അടുത്തറിയുവാനും, അവ ജീവിതത്തിൽ പകർത്തുവാനും അവസരം ലഭിക്കുന്നു. ദൈവവചനമാണ് കുടുംബങ്ങളിൽ ദൈവസാന്നിധ്യത്തിന്റെ തീഷ്ണമായ അടയാളം. അതിനാൽ ദൈവവചനം ഉറക്കെ വായിക്കപ്പെടണം. ആത്മാവിന്റെ അനുഭവത്തിൽ അത് പങ്കുവയ്ക്കപ്പെടണം. ക്രിസ്തീയഭവനങ്ങൾ പ്രാർത്ഥനയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടവയാണ്. യാമങ്ങൾക്കും കാലങ്ങൾക്കും അനുസരിച്ച് പ്രാർത്ഥനകളും വായനകളും ഭവനത്തിൽ നടത്തണം. ഭവനാന്തരീക്ഷം പ്രാർത്ഥനയ്ക്ക് ഉതകുന്നതാകാൻ ശ്രദ്ധിക്കണം. വീടുകൂദാശ നടത്തണം, കുരിശിന്റെയും വിശുദ്ധരുടെയും ചിത്രങ്ങളുടെ സാന്നിദ്ധ്യം, വിശുദ്ധ അമ്മയെ അനുസ്മരിപ്പിക്കുന്ന വസ്തുക്കൾ ഇവയെല്ലാം വിശ്വാസരൂപീകരണത്തിന് സഹായിക്കും. കുടുംബാംഗങ്ങൾ ഒരുമിച്ച് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണം. മാതാപിതാക്കൾ അവരുടെ ദാമ്പത്യത്തിലെ പരസ്പര സമർപ്പണം അർത്ഥപൂർണ്ണമായി നിർവഹിക്കുമ്പോൾ, മക്കൾ തങ്ങളുടെ ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് നന്മകളിൽ ഉത്സുകരാകുമ്പോൾ, സഹോദരങ്ങൾ പരസ്പരം നിസ്വാർത്ഥമായി സ്നേഹിക്കുമ്പോൾ,

നന്മയുടെ നല്ല സാക്ഷ്യങ്ങൾ അയൽക്കാർക്കു നൽകുമ്പോഴൊക്കെ വചനം ശരീരം ധരിക്കുന്നു.

കർത്താവിന്റെ ദിനം പരിശുദ്ധമായി ആചരിക്കണം. ഞായറാഴ്ചകൾ ദൈവാരാധനയ്ക്കും ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കുമായി മാറ്റിവച്ചിരിക്കുന്ന വിശുദ്ധ ദിനമാണ്. കുടുംബം ഒന്നിച്ച് ആരാധനയിൽ പങ്കെടുക്കണം. ശനിയാഴ്ച വൈകുന്നേരംമുതൽ വേദഭാഗങ്ങൾ വായിക്കുന്നതിനും, കുമ്പസാരത്തിന് ഒരുങ്ങുന്നതിനും, വസ്ത്രങ്ങൾ ഒരുക്കി വയ്ക്കുവാനും തയ്യാറെടുക്കണം. ഒരേ അപ്പത്തിൽനിന്ന് ഭക്ഷിക്കുകയും ഒരേ കാസയിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്ന ഭവനങ്ങൾ എന്ന നിലയിൽ സഹോദരങ്ങളുമായുള്ള ബന്ധം പുലർത്തുന്നതിനും, ക്രൈസ്തവോചിതമായ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും, നിയോഗങ്ങൾ പങ്കുവച്ച് പ്രാർത്ഥിക്കുന്നതിനും ഉപവി പ്രവർത്തനങ്ങളിൽ ഒരുമിച്ചു പങ്കെടുക്കുന്നതിനും സഹനത്തിലോ വേദനയിലോ രോഗത്തിലോ കഴിയുന്നവരെ സന്ദർശിക്കുന്നതിനും, അവർക്കായി പ്രാർത്ഥിക്കുന്നതിനും ഈ ദിവസം പ്രയോജനപ്പെടുത്തണം.

**c. കുടുംബം ഗാർഹികസഭ**

കുടുംബം ഒരു ഗാർഹികസഭയെന്ന നിലയിൽ ഗാർഹിക ദേവാലയങ്ങൾ കൂടിയാണ്. സുവിശേഷത്തിന്റെ വെളിച്ചം പ്രകാശിക്കുന്ന പ്രാഥമിക ഇടങ്ങൾ എന്ന നിലയിൽ കുടുംബത്തിന് ചില പ്രതിബദ്ധതകളുണ്ട്.

മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തട്ടെ (മത്തായി 5:16). ലോകത്തിന്റെ മുമ്പിൽ ദൈവം പ്രകാശിക്കുന്ന ഇടമാണ് കുടുംബം. പരസ്പര സ്നേഹത്തിലും ഉപവിയിലും അടിയുറച്ച ജീവിതം രൂപപ്പെടുത്തുമ്പോൾ, മറ്റുള്ളവർ ആ കുടുംബത്തിൽ ദൈവത്തിന്റെ പ്രകാശവും മഹത്വവും ദർശിക്കുന്നു. അവർ പ്രാർത്ഥനകളും ഉപദേശങ്ങളും അന്വേഷിച്ച് അവിടെ എത്തുന്നു. അവരുടെ ഭാരങ്ങൾ ഇറക്കി വയ്ക്കാൻ ശ്രമിക്കുന്നു. സഭയെ ലോകവുമായി ബന്ധിപ്പിക്കുന്ന ഇടമാണ് കുടുംബം. മതസ്വാതന്ത്ര്യം, ലോകസമാധാനം, ജീവന്റെ സംസ്കാരം, പ്രകൃതിയുടെ പരിപാലനം, നവമാധ്യമങ്ങളുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗം എന്നിങ്ങനെ അനവധി വിഷയങ്ങളിൽ ലോകസംസ്കാരത്തിന് മാർഗദർശകമാണ് തിരുസഭയുടെ നിലപാടുകൾ. ഇതു മനസിലാക്കി ജീവിതസാഹചര്യങ്ങളിൽ പ്രകാശിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ്. സഭാജീവിതത്തെപ്പറ്റിയും വിശ്വാസത്തെപ്പറ്റിയും തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ സഭാമക്കളാണ് സഭയുടെ വക്താക്കളാകേണ്ടത്. സഭയെ ഉള്ളിൽനിന്ന് കാണുന്നതിന്റെ സന്തോഷവും പ്രത്യാശയും, മറ്റുള്ളവരിലേക്ക് പകരാൻ ക്രൈസ്തവ കുടുംബങ്ങൾക്ക് സാധിക്കണം.

സംവാദത്തിന്റെയും സ്വീകരണത്തിന്റെയും ഇടമാണ് കുടുംബം. പല മതങ്ങൾക്കിടയിൽ, ജാതിപരമായ ഭിന്നതകൾക്കിടയിൽ, രാഷ്ട്രീയചായ്വുകൾക്കിടയിൽ സമചിത്തതയോടെ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനും, മറ്റുള്ളവരെ സഭാകൂട്ടായ്മയിലേക്ക് അടുപ്പിക്കുന്നതിനുമുള്ള സഭയുടെ ജനലുകളും വാതിലുകളുമാണ് കുടുംബങ്ങൾ. ദൈവജനത്തിന്റെ ജീവിതപരിസരങ്ങളിൽനിന്ന് സ്വഭാവിക നന്മകൾ സ്വീകരിച്ച് സഭ സ്വയം ബലപ്പെടുന്നതും കുടുംബങ്ങളിലൂടെയാണ്.

സാമൂഹികനീതിയുടെ പ്രാഥമിക ഉറവിടമാണ് കുടുംബങ്ങൾ. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയുംകുറിച്ച് അടിമത്വം, ബാലവേല മുതലായ സാമൂഹ്യ അനീതികളെകുറിച്ച്, രോഗികൾക്കും വയോധികർക്കും ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച്, മതസ്വാതന്ത്ര്യത്തെക്കുറിച്ച്, പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും പരിഹാരങ്ങളെക്കുറിച്ച്, പ്രകൃതിചൂഷണത്തിനെതിരെ സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ച് ഒക്കെ സംസാരിക്കുന്നത് കുടുംബമെന്ന അടിസ്ഥാന ഘടനയെ മുൻനിർത്തിയാണ്. ദുർബലരോട് പക്ഷം ചേരുന്നതിനും പാർശ്വവത്ക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സഭ നടത്തുന്ന പ്രവർത്തനങ്ങളിൽ മുൻനിരയിൽനിന്നു പ്രവർത്തിക്കേണ്ടതും കുടുംബങ്ങളാണ്. സഭയും രാഷ്ട്രവുമായുള്ള അടിസ്ഥാന കണ്ണിയാണ് കുടുംബം. സാമൂഹിക മാറ്റത്തിനുള്ള വിഭവങ്ങളും സങ്കല്പങ്ങളും വിതരണം ചെയ്യുന്നതിൽ സഭയുടെ കരങ്ങളും നാവും കുടുംബങ്ങളാണ്, ജനനനിയന്ത്രണം, ആരാധനാ സ്വാതന്ത്ര്യം എന്നീ വിഷയങ്ങളിൽ സഭയ്ക്കൊപ്പം നിന്ന് ദൈവാരാധനയുടെ വെളിച്ചത്തിൽ, ദൈവസ്നേഹത്തിന്റെ അനുഭവത്തിൽ, നിലപാടുകളുടെ വ്യക്തതയിൽ, സമത്വത്തിനും നീതിക്കുംവേണ്ടിയുള്ള സമർപ്പണത്തിൽ ക്രൈസ്തവകുടുംബങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറുന്നു. സുവിശേഷപ്രഘോഷകരോട് ചേർന്നുള്ള അദ്ധ്വാനത്തിലും സുവിശേഷപ്രഘോഷണത്തിനായുള്ള വിഭവസമാഹരണത്തിലും സുവിശേഷവേലയ്ക്കായി ഇളം തലമുറയെ സമർപ്പിക്കുന്നതിലും കുടുംബങ്ങൾ മാതൃകാപരമായ ആത്മസമർപ്പണം നടത്തണം.

ദൈവത്തെ ശ്രവിക്കുന്ന ഇടങ്ങളാണ് കുടുംബങ്ങൾ. ദൈവവിളിയുടെ ഗർഭഗേഹങ്ങളും കുടുംബങ്ങൾതന്നെ. പുതിയ തലമുറയുടെ അന്തരംഗത്തിൽ ദൈവസ്വരം ശ്രവിക്കുന്നതിന് ഇടയാകുന്നത് ഭവനത്തിലെ വിശ്വാസാനുഭവത്തിലാണ്. മാതാപിതാക്കളും മുതിർന്നവരും ഇവരെ പ്രോത്സാഹിപ്പിക്കുകയും, ദൈവസ്വരത്തിന് ചെവി കൊടുക്കുന്നതിനും, ഔദാര്യപൂർവ്വം പ്രത്യുത്തരം നല്കുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

●





**വെരി. റവ. സി. ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.**
**മദർ ജനറൽ, ബഥനി ജനറലേറ്റ്, കോട്ടയം**

# സന്ന്യാസ ജീവിതം

മനുഷ്യന്റെ ആഴമേറിയ അദ്ധ്യാത്മിക വീക്ഷണത്തിലധിഷ്ഠിതമാണ് സന്ന്യാസം. ലോകവ്യാപാരങ്ങളിൽനിന്ന് പിൻവാങ്ങി ഐഹികസുഖങ്ങൾ പരിത്യജിച്ച് ഈശ്വരാനുഭവം സർവ്വപ്രധാനമായി കരുതി ഏകാന്തതയിലും തപസ്സിലും പ്രാർഥനയിലും ഈശ്വരസാക്ഷാത്കാരം കണ്ടെത്തിയിരുന്ന അനേകം പേർ എല്ലാ കാലഘട്ടങ്ങളിലും പല മതങ്ങളിലും ഉണ്ടായിരുന്നു. ഇങ്ങനെ ജീവിച്ചിരുന്നവർ പ്രധാനമായും സന്ന്യസ്തർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സന്ന്യാസജീവിതം അർത്ഥപൂർണവും ശ്രേഷ്ഠവും എക്കാലത്തും പ്രസക്തവുമായ ജീവിതശൈലിയാണ്.

ക്രൈസ്തവസന്ന്യാസം കർത്താവായ യേശുക്രിസ്തുവിന്റെ മാതൃകയിലും പ്രബോധനങ്ങളിലും ആഴത്തിൽ വേരുപാകിയിട്ടുള്ളതാണ്. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ക്രിസ്തുവിനു ജീവിതം സമർപ്പിക്കുക എന്നതാണ് സമർപ്പിതജീവിതത്തിന്റെ ലക്ഷ്യം (1 കോറി. 7:34). സമർപ്പിതർ തങ്ങളുടെ ഗുരുവും നാഥനുമായ ക്രിസ്തുവിനെ അനുകരിച്ച് സമ്പൂർണ്ണ ദൈവസ്നേഹത്തിന്റെ ജീവിതം നയിക്കുന്നു. ദൈവസ്നേഹത്താൽ നിറഞ്ഞ വ്യക്തി ആനന്ദത്തിന്റെ സാക്ഷിയായി മാറുന്നു. നമ്മുടെ ഹൃദയത്തിന്റെ വക്കോളം ആനന്ദം നിറയ്ക്കുവാൻ ദൈവസ്നേഹത്തിന് കഴിയുമെന്നും മറ്റൊരിടത്തും നാം ആനന്ദം തേടേണ്ടതില്ലെന്നും ഫ്രാൻസിസ് പാപ്പ ആനന്ദത്തിന്റെ സാക്ഷികൾ എന്ന അപ്പസ്തോലിക ലേഖനത്തിൽ ഓർമിപ്പിക്കുന്നു. ഈ വിളിക്ക് പ്രത്യുത്തരം നല്കാൻ എല്ലാ ജീവിതാന്തസ്സിലുള്ളവർക്കും കടമയുണ്ടെങ്കിലും സന്ന്യസ്തരെ കൂടുതൽ ആഴത്തിലുള്ള ഒരു സമർപ്പണത്തിനായി ദൈവം വിളിക്കുന്നു. അബ്രഹാമിന്റെ ജീവിതം ഇപ്രകാരം ആഴത്തിലുള്ള സമർപ്പണം ആവശ്യപ്പെടുന്ന ഒരു വിളിയാണ്. വാഗ്ദാനം നല്കികൊണ്ടാണ് ദൈവം അബ്രഹാമിനെ വിളിക്കുന്നത്. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തരമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമാകും (ഉല്പ. 12: 1-2). അബ്രഹാം വിളിയോട് പ്രത്യുത്തരിച്ചുകൊണ്ട്, വീടും നാടും വിട്ട് ദൈവത്തെ അനുഗമിക്കുന്നതുവഴി ദൈവവിളിയ്ക്ക് പ്രത്യുത്തരം നല്കുന്നു. അങ്ങനെ അബ്രഹാം വിശ്വാസത്തിന്റെ വലിയ സാക്ഷ്യമാകുന്നു.

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസവും പ്രത്യാശയും അർപ്പിച്ചുകൊണ്ടുള്ള സ്നേഹജീവിതമാണ് സന്ന്യാസം. എന്നെപ്രതിയും സുവിശേഷത്തെപ്രതിയും ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ മാതാവിനെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്നവരിലാർക്കും ഇവിടെവച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കില്ല. വരാനിരിക്കുന്ന കാലത്ത് നിത്യജീവനും. (മർക്കോ. 10: 29-30). ഇപ്രകാരം സുവിശേഷത്തിനുവേണ്ടി ജീവിതം മാറ്റിവച്ച് അനേകർക്ക് പ്രചോദനമായി തീർന്ന അനേകം വിശുദ്ധാത്മാക്കൾ സ്വർഗ്ഗത്തിന് ആനന്ദവും ഭൂമിക്ക് അനുഗ്രഹവും തിരുസഭയ്ക്ക് മഹ

ത്വവുമാണ്. സന്യാസജീവിതത്തിന്റെ വ്യതിരക്തത അടങ്ങിയിരിക്കുന്നത് 6 പ്രധാന ഘടകങ്ങളിലാണ്. വ്രതബദ്ധജീവിതം, പ്രാർഥനാജീവിതം, സമൂഹജീവിതം, സിദ്ധിപരമായ ജീവിതം, പ്രേഷിതപ്രവർത്തനം, പ്രവാചകദൗത്യം എന്നിവയിലൂടെ അവർ തങ്ങളുടെ ആന്തരികജീവിതത്തിന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തുന്നു.

**വ്രതബദ്ധജീവിതം**

സന്യസ്തർ അനുഷ്ഠിക്കുന്ന വ്രതത്രയങ്ങൾ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയാണ്. ഇവ സമർപ്പിതരുടെ പ്രതിഷ്ഠയെ പ്രകടമാക്കുകയും ആത്മീയ പുനർജ്ജന്മമാകുന്ന മാമോദീസായിൽ അധിഷ്ഠിതമായ സമർപ്പണത്തെ പരസ്യമായി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. വ്രതാനുഷ്ഠാനം വഴി സുവിശേഷോപദേശങ്ങളുടെ പാലനം ജീവിതധർമ്മമായി സ്വീകരിച്ച് ലോകത്തിൽ സുവിശേഷസാക്ഷികളായിത്തീരുവാനുള്ള കടമ സന്യസ്തർ വീരോചിതമായി ഏറ്റെടുക്കുകയാണ്. യേശുവിന്റെ ജീവിതത്തിൽ തെളിഞ്ഞുകാണുന്ന അനുസരണമാണ് സന്യാസഅനുസരണത്തിന്റെ മാതൃക. യേശുവിന്റെ അനുസരണം, തന്റെ സ്വർഗീയപിതാവിലുള്ള അതിരറ്റ വിശ്വാസത്തിന്റെ പ്രകാശനമായിരുന്നു. അനുസരണവ്രതംവഴി സന്യസ്തർ തങ്ങളെത്തന്നെ ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുന്നു.

ബ്രഹ്മചര്യവ്രതം ദൈവത്തിന്റെ മഹത്തായ ദാനമാണ്. അത് സ്വർഗ്ഗീയ നിക്ഷേപങ്ങളുടെ അടയാളവും ദൈവസേവനത്തിന് സന്തോഷപൂർവം തങ്ങളെത്തന്നെ സമർപ്പിക്കാൻ ശക്തി നല്കുന്നതുമാണ്. ഈ ആത്മദാനത്തിന് നമ്മെ പ്രേരിപ്പിക്കുന്നത് ദൈവത്തിന്റെ സ്നേഹാഹ്വാനമാണ്. ഇതുവഴി യേശു സ്നേഹിച്ചതുപോലെ എല്ലാവരെയും സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നു.

നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക (മത്താ.19:21). ഈ വചനം ദാരിദ്ര്യവ്രതത്തിന്റെ സമ്പന്നതയെ വ്യക്തമാക്കുന്നു. ദാരിദ്ര്യവ്രതം അധികാരികൾക്ക് വിധേയരായി ജീവിക്കുക മാത്രമല്ല മറിച്ച് അരൂപിയിലും യഥാർത്ഥത്തിലുമുള്ള ദാരിദ്ര്യംവഴി സന്യസ്തർ തങ്ങളുടെ നിക്ഷേപം സ്വർഗത്തിൽ സംഭരിക്കയാണ്.

പ്രാർത്ഥന സന്യാസജീവിതത്തിന്റെ അന്തസത്തയും ജീവിതത്തിന്റെ മർമ്മവുമാണ്. ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. ദൈവത്തോടൊപ്പമുള്ള വിശ്രമമാണ് ഒരു സന്യാസിക്ക് പ്രാർത്ഥന. ''നിങ്ങൾ ഒരു വിജനസ്ഥലത്തേക്കു വരുവിൻ; അല്പം വിശ്രമിക്കാം'' (മർക്കോ: 6 : 31). തിരക്കിനിടയിലും സ്വന്തം ശിഷ്യന്മാരെ വിളിച്ച് പ്രാർത്ഥിക്കാൻ പോകുന്ന യേശു ഊഷ്മള സ്നേഹത്തിന്റെ അന്തരീക്ഷത്തിലിരുന്ന് ഉള്ളുതുറന്ന് സ്നേഹസംഭാഷണം നടത്താനാണ് സന്യസ്തരെ വിളിക്കുക. ഒന്നു മാത്രമേ ആവശ്യമുള്ളു . ''മറിയം നല്ല ഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല'' (ലൂക്കാ.10:42). പ്രാർത്ഥനവഴി ദൈവത്തിന്റെ സാന്നിദ്ധ്യത്തെയും ശക്തിയെയുംകുറിച്ചുള്ള അവബോധവും അനുഭവവും സന്യസ്തരെ കൂടുതൽ ശക്തരും വലിയ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരുമാക്കും. പ്രാർത്ഥനയെന്ന ആയുധം കൈയ്യിലേന്തി സന്യസ്തർ പ്രതികൂലസാഹചര്യങ്ങളെ നേരിടണം. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യത്തിൽ. പ്രാർത്ഥനയിലൂടെയുള്ള സാക്ഷ്യമാണ് ഇന്ന് ലോകത്തിനാവശ്യം. ''ദൈവവുമായി സംസാരിച്ചതിനാൽ മോശയുടെ മുഖം തേജോമയമായി... അവനെ സമീപിക്കുവാൻ അവർ ഭയപ്പെട്ടു.'' (പുറ. 34 : 29 ,30). പ്രാർത്ഥനയെപ്പറ്റി വി. അമ്മത്രേസ്യാ ഇപ്രകാരം പറയുന്നു ദൈവത്തെക്കുറിച്ചു ചിന്തിക്കുന്നതല്ല ദൈവത്തെ സ്നേഹിക്കുന്നതാണ് പ്രാർത്ഥന. ദൈവസ്നേഹം നിറഞ്ഞ സന്യസ്തരുടെ സാന്നിധ്യമാണ് സഭയുടെ മുതൽക്കൂട്ട്.

''ദൈവം സ്നേഹമാകുന്നു '' (1 യോഹ. 4: 8). സ്നേഹസ്വരൂപിയായ ദൈവത്തിന്റെ സ്വഭാവത്തെ പ്രതിബിംബിച്ചുകൊണ്ട് ജീവിക്കുവാൻ സന്യസ്തർ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇതിലപ്പുറമായി വേറൊരു മാർഗമില്ല (മാർ ഈവാനിയോസ്). ആദിമസഭയിലെ ക്രിസ്ത്യാനികളെ കണ്ടിട്ട് വിജാതിയർ പറഞ്ഞിരുന്നത് ഈ ക്രിസ്ത്യാനികൾ, തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നതു കാണുക എന്നായിരുന്നു. അത്ഭുതകരമായ അവരുടെ സ്നേഹജീവിതം അനേകായിരങ്ങളെ യേശുക്രിസ്തുവിലേക്ക് ആകർഷിച്ചു. സമൂഹമായി ജീവിക്കുന്ന സന്യസ്തർ വി. ത്രിത്വത്തിന്റെ സ്നേഹജീവിതം തങ്ങളിൽ പ്രതിബിംബിപ്പിക്കുകയാണ്. ഇപ്രകാരമുള്ള സാക്ഷ്യത്വപരമായ ഒരു ജീവിതമാണ് സന്യസ്തരിൽനിന്ന് സഭ ആവശ്യപ്പെടുന്നത്. ''എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെയടുത്തേക്ക് വരാൻ സാധിക്കുകയില്ല'' (യോഹ : 6 :44). വരം ലഭിച്ചവനല്ലാതെ, നിയോഗം കിട്ടിയവനല്ലാതെ മറ്റാർക്കും ഈ ജീവിതശൈലി ആസ്വദിക്കാൻ സാധിക്കില്ല. ഇപ്രകാരം സന്ന്യാസജീവിതത്തിലേക്ക് വിളി ലഭിച്ച് മാതൃകയായിത്തീർന്ന അനേക വിശുദ്ധാത്മാക്കൾ സഭയ്ക്ക് ശക്തിയും അലങ്കാരവുമായിത്തീർന്നിട്ടുണ്ട്. ദൈവസ്നേഹത്തിന്റെ ഒളി മങ്ങാത്ത ചെറുപുഷ്പമായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. കർത്താവിനോടുള്ള സ്നേഹത്തെപ്രതി ജീവിതത്തിലെ സഹനങ്ങൾ ഏറ്റെടുത്ത് അനേക ആത്മാക്കളെ യേശുവിനായി നേടിയ സ്നേഹഗായികയാണ് ഭരണങ്ങാനത്തെ വി. അൽഫോൻസാമ്മ. ദൈവത്തേയും സഹോദരങ്ങളേയും പ്രത്യേകമായി



സ്നേഹിക്കുവാൻ വിളി ലഭിച്ച വിശുദ്ധയായ മാർഗറ്റ് അലക്കോക്കിനോട് കർത്താവ് പറഞ്ഞു നീ നിന്റെ ജീവിതംകൊണ്ട് അനേകരെ സ്നേഹിക്കണം എന്നേയും സ്നേഹിക്കണം.

കർത്താവിന്റെ നാമത്തിൽ ഒന്നിപ്പിച്ച ഒരു കുടുംബത്തിലെ അംഗങ്ങളെന്നനിലയിൽ, ഓരോ സന്യാസസമൂഹവും യേശുവിന്റെ സാന്നിദ്ധ്യവും (മത്താ.18:20), പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹവും (റോമ 5:5) സമൂഹത്തിൽ അനുഭവിച്ചറിയുന്നു. ഒരു ഹൃദയവും ഒരാത്മാവും (അപ്പ: 4.32), ആയിത്തീരുന്ന സമർപ്പിതർ അതുവഴി എല്ലാ വസ്തുക്കളും പൊതുവായി പങ്കുവയ്ക്കുവാനുള്ള ആന്തരീകമായ ഒരു വിളി അനുഭവിച്ചറിയുന്നു (VC 42.). പരിശുദ്ധ കുർബാനയാണ് ഓരോ സന്യാസ സമൂഹത്തിന്റെയും കേന്ദ്രം. (VC 95). സമൂഹത്തിന്റെ ഹൃദയവും ജീവസ്രോതസ്സുമായ (ET. 48) പരിശുദ്ധ കുർബാനയിലുള്ള സന്യസ്തരുടെ ഭാഗഭാഗിത്വവും ആത്മസമർപ്പണവും ക്രിസ്തുവിനെ പ്രഘോഷിക്കുവാനും ദൈവജനത്തെ ശുശ്രൂഷിക്കുവാനും അവരെ ശക്തരാക്കുന്നു.

**സിദ്ധിപരമായ ജീവിതം**

ഒരു പ്രത്യേക കാലയളവിൽ പ്രത്യേക വ്യക്തിക്ക് ദൈവത്തിൽനിന്ന് ലഭിക്കുന്ന അനന്യ സാധാരണവും സ്വതന്ത്രവുമായ ദാനമാണ് സിദ്ധി. സേവനത്തിലുടെ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിനുവേണ്ടി നൽകപ്പെടുന്ന കൃപയാണിത്. സിദ്ധിപരമായ ജീവിതം സഭയുടെ വളർച്ചയ്ക്കുവേണ്ടി, സഭയിലൂടെ യേശുക്രിസ്തുവിന്റെ പ്രവർത്തനം നിർബാധം തുടരുന്നതിന് തന്റെ തിരഞ്ഞടുക്കപ്പെട്ടവർക്ക് കൊടുക്കുന്ന സൗജന്യദാനമാണ്. വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നു, വ്യക്തികൾക്ക് ലഭിക്കുന്ന സവിശേഷങ്ങളായ വരദാനങ്ങൾ പൊതുനന്മക്കുവേണ്ടിയാണ് (1 കൊറ: 12. 7). സന്യസ്തരുടെ ആദ്ധ്യാത്മികജീവിതം തിരുസഭ മുഴുവന്റെയും ആദ്ധ്യാത്മിക ഉന്നമനത്തിനായി പ്രതിഷ്ഠിക്കപ്പെടേണ്ടതാണ് (LG.. 44). കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞുകൊണ്ട് ഓരോ സമർപ്പിതവ്യക്തിയും സന്യാസസമൂഹംമുഴുവനും സുവിശേഷപരമായി നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ നവീകരണം എക്കാലത്തും ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടും, സ്ഥാപകരുടെ പ്രത്യേക ചൈതന്യവും ലക്ഷ്യവും, അവരുടെ നല്ല പാരമ്പര്യങ്ങളും വിശ്വസ്തതാപൂർവ്വം അനുസരിച്ചും പരിരക്ഷിച്ചുംകൊണ്ടായിരിക്കണം. അതാണ് ഓരോ സമൂഹത്തിന്റെയും പിതൃസ്വത്ത്. (PC 2)

**പ്രേഷിതപ്രവർത്തനം**

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16:15) എന്ന വചനമാണ് സുവിശേഷ പ്രഘോഷണത്തിന്റെ കാതൽ. നമ്മുടെ രക്ഷകനും വിമോചകനുമായ ക്രിസ്തുവിന്റെ രക്ഷാകരകർമത്തിൽ വിവിധങ്ങളായ പ്രേഷിതപ്രവർത്തനങ്ങളിലൂടെ സഭ പങ്കുചേരുന്നു. സന്യസ്തർ, സർവ്വാത്മനാ സഭയുടെ ഈ ദൗത്യത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുന്നു. നന്മചെയ്തു


കൊണ്ടും എല്ലാവരേയും സുഖപ്പെടുത്തി കൊണ്ടും ചുറ്റി സഞ്ചരിച്ച ക്രിസ്തുവിന്റെ കരുണ യുടെ ശുശ്രൂഷ ഇതുവഴി അവർ നിർവഹിക്കുന്നു. എളിയവരോടുള്ള മുൻഗണനാപരമായ സ്നേഹം പ്രതിബിംബിക്കുന്ന വിവിധങ്ങളായ ശുശ്രൂഷകളി ലൂടെ ദൈവസ്നേഹം എല്ലാ മനുഷ്യരിലും ജനപ ദങ്ങളിലും പകർന്നുകൊടുക്കുന്നതിനു സന്യസ്തർ എന്നും ബദ്ധശ്രദ്ധരാണ്. സുവിശേഷ പ്രഘോഷണം, കുടുംബനവീകരണം, രോഗീശുശ്രൂഷ, വിദ്യാഭ്യാസം, സാംസ്കാരികമേഖലയുടെ നവീക രണം, സമ്പർക്കമാദ്ധ്യമങ്ങൾ തുടങ്ങി അനേകം ശുശ്രൂഷകളിലൂടെ ഇതു നിർവഹിക്കുന്നു.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പി ക്കുന്നു; സന്യാസജീവിതത്തിന്റെ സവിശേഷ അടയാളം പ്രവാചകത്വമാണ്. യേശു ഈ ഭൂമി യിൽ എങ്ങനെ ജീവിച്ചു എന്നതിന് സാക്ഷിക ളായ പ്രവാചകരാകുക. ലോകത്തെ വിളിച്ചുണർ ത്താൻ ഞാൻ നിങ്ങളെ ഉറ്റുനോക്കുന്നു (ആനന്ദ ത്തിന്റെ സാക്ഷികൾ). ദൈവത്തോടു ചേർന്നുനി ന്നുകൊണ്ട് അടിമത്തത്തിന്റെ നാട്ടിൽനിന്ന് ഇസ്രായേൽജനത്തെ മോചിപ്പിച്ച മോശ, ദൈവ ത്തിലേക്ക് വീണ്ടും ജനത്തെ തിരികെ കൊണ്ടു വന്ന ഏലിയാ, ജനത്തിന്റെ തെറ്റ് ചൂണ്ടിക്കാണിച്ച് പശ്ചാത്താപത്തിന് ആഹ്വാനം ചെയ്ത ഹുൽദാ പ്രവാചിക (2രാജ. 22:14), ഇസ്രായേൽജനത്തെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാൻ ശക്തമായ നേതൃത്വം നല്കിയ ദബോറ (ന്യായ.4:4) തുടങ്ങി യവർ പഴയനിയമത്തിലെ ശക്തമായ പ്രവാചക ദൗത്യത്തിന് ധീരസാക്ഷികളാണ്. സന്യസ്തർ ഈ കാലഘട്ടത്തിൽ തങ്ങളുടെ പ്രവാചകദൗത്യം തിരിച്ചറിയണം. ദൈവരാജ്യത്തിന്റെ മൂല്യ ങ്ങൾക്കുവേണ്ടി സഭയിലും സമൂഹത്തിലും നില കൊള്ളണം. കുടുംബങ്ങളിലെ വിശ്വാസപരിശീ ലനം, സഭാത്മക ജീവിതത്തിന്റെ കെട്ടുറപ്പ്, സമൂ ഹത്തിന്റെ സുസ്ഥിതി ഇവ നിലനിർത്താൻ പ്രചോദനം നല്കണം. ആധുനികലോകത്തിന്റെ വഞ്ചനനിറഞ്ഞ കെണികളിൽ വീണ് വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ തീഷ്ണതയോടെ പ്രവർത്തിക്കാനുള്ള വലിയ ഉത്തരവാദിത്വം സന്യസ്തർക്കുണ്ട്.


**മലങ്കരസഭയും ബഥനിയും**

മലങ്കരസഭയിലെ പ്രഥമ സന്യാസസമൂഹമായ ബഥനിയുടെ ആരംഭം ഒരു ദൈവനിയോഗമായി ട്ടാണ് നാം കരുതേണ്ടത്. ആദ്ധ്യാത്മിക ചൈത ന്യം നഷ്ടപ്പെട്ട്, അധികാര വടംവലിയും കക്ഷി വഴക്കുമായി കഴിഞ്ഞിരുന്ന മലങ്കരസഭയെ നവീക രിക്കാനുള്ള പരിശ്രമത്തിലായിരുന്നു സഭാസ്നേ ഹിയായ ഫാദർ പി. റ്റി ഗീവറുഗീസ്. അദ്ദേഹം, സെറാമ്പൂരിൽ കോളേജ് പ്രൊഫസറായിരുന്ന അവസരത്തിൽ സമർത്ഥരായ ഏതാനും വൈദിക വിദ്യാർഥികളേയും പെൺകുട്ടികളേയും ഉപ രിപഠനാർത്ഥം കൽക്കട്ടയിൽ കൊണ്ടുപോയി. വിദ്യാസമ്പന്നരായ വ്യക്തികളെകൊണ്ട്മാത്രം സഭാനവീകരണം സാധിക്കില്ലെന്ന് മനസ്സിലാ ക്കിയ അദ്ദേഹം, ഒരു മിഷനറിസമൂഹത്തെക്കുറിച്ച് ചിന്തിക്കുകയും, എന്നാൽ അതുകൊണ്ടും തന്റെ ആഗ്രഹപൂർത്തീകരണം സാധിക്കയില്ലെന്നും മന സ്സിലാക്കിയ ആ ക്രാന്തദർശി, പിന്നീട് സന്യാസ ജീവിതത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. സഭയ്ക്കും സഭാമക്കൾക്കുംവേണ്ടി ആത്മാർ പ്പണം ചെയ്യാൻ തയ്യാറാകുന്ന സ്ത്രീപുരുഷന്മാ രുടെ സന്യാസസമൂഹങ്ങൾ മലങ്കരയ്ക്ക് ഉണ്ടാ കണം എന്ന് അദ്ദേഹം മനസ്സിലാക്കി. 1919-ൽ ഫാദർ പി.റ്റി. ഗീവറുഗീസും ഒപ്പമുണ്ടായിരുന്ന ശെമ്മാശ്ശന്മാരും കാഷായവസ്ത്രധാരികളായി പ്രാർഥന, മൗനം, തപസ് എന്നിവയിലൂടെ ദൈവസമ്പാദനം ലക്ഷ്യംവച്ച് കേരളത്തിന്റെ വട ക്കുകിഴക്കൻ മലപ്രദേശമായ മുണ്ടൻമലയിൽ ഒരു പർണാശ്രമം കെട്ടി ബഥനി എന്ന പേരിൽ ഭാരത തനിമയിൽ ആശ്രമവാസം ആരംഭിച്ചു.

തന്റെ സ്വപ്നസാക്ഷാത്ക്കാരത്തിന് സ്ത്രീ സന്യാസവും ആവശ്യമാണെന്ന് മാർ ഈവാനി യോസ്പിതാവ് കണ്ടു. സ്ത്രീകളെ സമുദ്ധരി ക്കാൻ സ്ത്രീകൾതന്നെ വേണമെന്ന് മനസ്സിലാ ക്കിയ അദ്ദേഹം, മലങ്കരസഭയിൽ സ്ത്രീ സന്യാസം നിഷിദ്ധമായിരുന്ന കാലഘട്ടത്തിൽ, ധീരമായി സ്ത്രീകൾക്കുള്ള സന്യാസം ആരംഭി ക്കാൻ തീരുമാനിച്ചു. കൽക്കട്ടയിൽ ഉപരിപഠനം നടത്തിയിരുന്ന പെൺകുട്ടികളിൽ സന്യാസ ത്തോട് ആഭിമുഖ്യമുള്ള മൂന്നു പേർ 1925 സെപ്റ്റം ബർ 8 ന് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പിൽ സന്യാസപ്രതിഷ്ഠ നടത്തി തങ്ങളെ ത്തന്നെ ദൈവത്തിനുസമർപ്പിച്ചു. അങ്ങനെ അന്നു വരെ മലങ്കരയ്ക്ക് അന്യമായിരുന്ന സ്ത്രീ സന്യാസം ബഥനി സന്യാസിനിസമൂഹം എന്ന നാമത്തിൽ യാഥാർഥ്യവല്ക്കരിക്കപ്പെട്ടു. മിശിഹാ നുകരണമെന്ന ഏകലക്ഷ്യത്തോടെ സ്ഥാപിച്ച ബഥനിയുടെ ആദർശം ധ്യാനപരമായ ജീവിത ത്തിലും, പ്രവർത്തികളാൽ വിശിഷ്ഠമായ പരസ്യ ജീവിതത്തിലും, യേശുവിനെ ഏറ്റം അടുത്തനുക രിക്കുക എന്നുള്ളതാണ്. ക്രൈസ്തവ സഹോദര ങ്ങളുടെ ഐക്യം, വിശ്വാസപരിശീലനം, സ്ത്രീജനോദ്ധാരണപ്രവർത്തനങ്ങൾ, വിദ്യാ ഭ്യാസം, ആതുരസേവനം, വചനപ്രഘോഷണം അനാഥരുടേയും അശരണരുടേയും സംരക്ഷണം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ കർമ്മരംഗങ്ങളിലൂടെ മലങ്കരസഭയ്ക്കു പ്രത്യേകമായും ആഗോളസഭയ്ക്ക് പൊതുവായും ശുശ്രൂഷ ചെയ്യുക എന്നതാണ് ബഥനിയുടെ ദൗത്യവും വിളിയും. ക്രിസ്തുസാക്ഷ്യം ലോക ത്തിനു നല്കുന്നതിനും, അവിടുന്ന് നിർവഹിച്ച രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുന്നതിനും, ആദിമ ക്രൈസ്തവസമൂഹത്തിന് നല്കപ്പെട്ട അതേ ദൗത്യംതന്നെയാണ് ബഥനിക്കുമുള്ളത്. ●



# സന്യാസികൾ ദൈവം കേട്ടവരും ദൈവത്തെ കേട്ടവരും



ഫാ. ജയിംസ് മാത്യു ഒ.ഐ.സി.

"അസത്യത്തിൽനിന്ന് സത്യത്തിലേക്കും, ഇരുളിൽനിന്ന് വെളിച്ചത്തിലേക്കും, മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്കും എന്നെ നയിക്കണമെ". ഇതൊരു പ്രാർത്ഥന മാത്രമല്ല, എക്കാലത്തെയും മനുഷ്യന്റെ അന്വേഷണത്തിന്റെ ആകെ തുകയായിരുന്നു. സത്യവും, വെളിച്ചവും അനശ്വരവുമായ ആ സത്യത്തിലേക്ക് അലിഞ്ഞു ചേരാൻ വെമ്പൽ കൊണ്ട മനുഷ്യർ മരുഭൂമിയിലെ താപസ പിതാക്കന്മാരാൽ ആരംഭിച്ചതും, പല സാഹചര്യങ്ങളിൽ പല രീതികളിൽ വളർന്നു വരുന്നതുമായ നൂറ്റാണ്ടുകൾ പഴക്കമുള്ള സന്യാസജീവിതം സ്വീകരിച്ച് ഉള്ളും ഉള്ളതും ദൈവത്തിന് സമർപ്പിച്ച് സന്യാസികൾ ജീവിക്കുന്നു.

ദൈവസ്നേഹത്തിൽ ചാലിച്ചെടുത്ത മനസ്സും, ഈ ദൈവസ്നേഹത്തെ അപരന് പകരുന്നതുമായ ജീവിതം, ദൈവം കേട്ടവർക്കും ദൈവത്തെ കേട്ടവർക്കും മാത്രമായി കരുതി വച്ചിരിക്കുന്ന ഒരു ജീവിതാവസ്ഥയാണ്. വി. ബൈബിൾ പഠിക്കുമ്പോൾ മനസ്സിലാകും ദൈവം വിളിച്ച ആദ്യ മനുഷ്യൻ ആദം ആയിരുന്നു എന്ന്. ദൈവവിളി നിരസിച്ച മനുഷ്യനും ആദംതന്നെ (ഉൽപത്തി 3: 8–10). ആദാമിന് ധാരാളം പിൻതലമുറക്കാർ ഉണ്ടായി എന്നതും വാസ്തവം. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞുകൊണ്ട് ദൈവത്തെ കേട്ടവളുടെ ചരിത്രവും വി. ഗ്രന്ഥം സാക്ഷിക്കുന്നു (ലൂക്കാ 1:38). പരിശുദ്ധ അമ്മയുടെ പിൻതലമുറക്കാരും ചരിത്രത്തിൽ ഉണ്ട്. ക്രിസ്തുവിന്റെ പരിപൂർണ്ണതയിലേക്ക് നടന്നടുക്കാൻ മനുഷ്യൻ സ്വീകരിക്കുന്ന മൂന്ന് ജീവിതാന്തസ്സുകളാണല്ലോ സന്യാസം, പൗരോഹിത്യം, കുടുംബജീവിതം. ഈ കൂട്ടത്തിൽ സത്യവും വെളിച്ചവും അനശ്വരവു

മായ ദൈവത്തിൽ വിലയം പ്രാപിക്കാൻ യഥാർത്ഥ പ്രാർത്ഥനാചൈതന്യവും സമർപ്പണ മനോഭാവവും ഉള്ളവർക്ക് തിരഞ്ഞെടുക്കാവുന്ന വഴിയാണ് സന്യാസം. പുത്തൻ തലമുറയുടെ 'ലോക'ത്തോടുള്ള സ്നേഹം ഈ കാലഘട്ടം സന്യാസജീവിതത്തിൽ ഉയർത്തുന്ന വെല്ലുവിളി ആണെന്ന് സമ്മതിക്കുന്നു, എന്നിരുന്നാലും ഒരു കാര്യം വ്യക്തമാണ്, ദൈവവചനം ജീവിക്കാൻ മാത്രം അവസരം ഒരുക്കുന്ന സന്യാസഭവനങ്ങളിൽ തമ്പുരാൻ തന്റെ അഭിഷിക്തരെ ഇന്നും അയക്കുന്നുണ്ട്.

**സന്യാസം സഹോദരങ്ങളിലേക്ക്**

സഭ പഠിപ്പിക്കുന്നു, ''സ്നേഹത്തിൽ പങ്ക് വയ്ക്കപ്പെടുന്ന സഹോദരപരമായ ജീവിതം സഭാപരമായ കൂട്ടായ്മയുടെ വാചാലമായ ഒരു അടയാളമാണെന്ന്''. ഒരു സന്യാസി തനിക്ക് ഉള്ളതെല്ലാം തന്റെ സമൂഹത്തിൽ ആയിരുന്നുകൊണ്ട് സഹോദരനുമായി പങ്ക് വയ്ക്കുന്നു. സമയവും കഴിവും സ്നേഹവും കരുതലും എല്ലാം പകർന്ന് നൽകുമ്പോൾ, പരിശുദ്ധ ത്രിത്വത്തിന്റെ ഭൂമിയിലെ കൂട്ടായ്മയായി ഓരോ സന്യാസസമൂഹവും ഉയർത്തപ്പെടുന്നു. ഒരു സന്യാസി വിശുദ്ധി പ്രാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം തന്റെ സഹോദരന്റെ വിശുദ്ധിക്കായി പ്രാർത്ഥിക്കണം. ഒരു സമൂഹത്തിൽ ആർക്കും വേണ്ടാത്തവരായി ആരും ഉണ്ടായിക്കൂടാ. സമൂഹത്തിന്റെ പൊതുവായ കാര്യത്തിലേക്ക് തന്റേതായ വിളികൂടി ചേർത്തുവയ്ക്കുമ്പോൾ ദൈവരാജ്യപ്രഘോഷണം സ്വർഗ്ഗം ആഗ്രഹിക്കുന്ന രീതിയിൽ പൂർത്തിയാവുന്നു. ഇവിടെ ഞാൻ എന്ന വ്യക്തിയോ, എന്റേതായ ഇഷ്ടങ്ങളോ ഇല്ല. ഈ കരുതലും കൂട്ടായ്മയും എത്രവണ്ണം പ്രകടമാകുന്നുവോ അത്രയുംതന്നെ ദൈവിക ആനന്ദം നിറയുന്നു. ഇപ്രകാരമുള്ള ദൈവികാനന്ദത്തിൽ നിറഞ്ഞ് നിൽക്കുന്ന ഒരു സന്യാസിക്ക്, ലോകവും അതിന്റെ ആനന്ദവും ഉച്ചിഷ്ടം മാത്രമാകുന്നു.

**സന്യാസം സഭയിൽ**

സഭയുടെ അരൂപിയുടെ ഭാഗമായ സന്യസ്തർ, എക്കാലവും സഭയിലെ മറ്റ് അംഗങ്ങളിൽനിന്ന് വ്യത്യസ്ഥരാണ്. വിശ്വാസികളുടെ ഹൃദയത്തിൽ ക്രിസ്തുവിനെ ജനിപ്പിക്കാനും വളർത്താനും നിയോഗിക്കപ്പെട്ടവരാണ് സന്യാസികൾ. അതുകൊണ്ടാണല്ലൊ സന്യാസത്തെ 'സഭയുടെ ചങ്ക്' എന്ന് പിതാക്കന്മാർ വിശേഷിപ്പിച്ചത്. കത്തിക്കൊണ്ടിരിക്കുന്ന അടുപ്പിലേക്ക് ഈച്ചയും പാറ്റയും ഒന്നും അടുക്കുകയില്ല, അതുപോലെ നിരന്തരമായ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും തീ കത്തുന്ന ഒരു സന്യാസിയുടെയും ജീവിതത്തിലേക്ക് പിശാചും തിരിഞ്ഞ് നോക്കില്ല. ഇപ്രകാരമുള്ള ഒരു സന്യാസിക്ക് മാത്രമെ വിഭജിക്കപ്പെടാത്ത, കളങ്കമേൽക്കാത്ത ചങ്കായി സഭയിൽ തന്റെ സാന്നിദ്ധ്യം അറിയിക്കാൻ സാധിക്കൂ. സമർപ്പിതരായ വൈദികർ അംഗങ്ങളാകുന്നത് ഏതെങ്കിലും സമർപ്പിത സമൂഹങ്ങളിലാണ്. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങളുടെ പാലനംവഴി, സുവിശേഷ ഉപദേശങ്ങളുടെ പാലനം നിർവഹിക്കുന്ന സമർപ്പിതർ അവരുടെ സന്യാസസമൂഹത്തോട് ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു. അജപാലന ശുശ്രൂഷയിൽ മെത്രാന്മാരെ അനുസരിക്കാൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു.

**സന്യാസം ലോകത്തിൽ**

''നിങ്ങൾ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാണ്''- ഒരു സന്യാസിയെ വിശേഷിപ്പിക്കാൻ മനോഹരമായ ഉതകുന്ന വിശേഷണം. മറ്റുള്ളവർക്ക് തന്റെ പ്രകാശം പകർന്ന് കൊടുക്കാൻ വിളിക്കപ്പെട്ട സന്യാസ സഹോദരങ്ങളുടെ പരമപ്രധാനമായ കർത്തവ്യം യേശുവിനെ പ്രഘോഷിക്കുക എന്നതാകുന്നു. നിങ്ങൾ ഭൂമിയുടെ അതിർത്തികൾവരെ പോയി സുവിശേഷം പ്രസംഗിക്കാനാണ് യേശു അരുളിച്ചെയ്തത്. ലോകത്തിൽ ആയിരുന്നുകൊണ്ട്, അതിന്റെ അതിർത്തികൾവരെ ഈ പ്രഘോഷണം സ്വന്തം ജീവിതത്തിലൂടെ നിർവ്വഹിക്കുമ്പോൾ ലോകത്തിന് അനുരൂപരാകുവാൻ പാടില്ല. അതിനായി ഒരു സന്യാസി തന്റെ കർമ്മജീവിതത്തിൽ ധ്യാനനിരതനായിരിക്കണം. ലോകത്തിന്റെ കഴിഞ്ഞ നൂറ്റാണ്ടുകളുടെ ചരിത്രം പരിശോധിച്ചാൽ സാമൂഹ്യ പ്രബോധനങ്ങളിലും ധാർമ്മിക കാഴ്ചപ്പാടുകളിലും സഭാത്മക ജീവിതത്തിലും ഉണ്ടായ മാറ്റങ്ങളും, വികലമായ കാഴ്ചപ്പാടുകളും എത്ര മാത്രം മനുഷ്യനെ സ്വാധീനിച്ചുവെന്ന് മനസ്സിലാക്കാൻ കഴിയും. സന്യാസത്തിലേക്ക് കടന്നുവന്നവരും, വരാൻ ആഗ്രഹിക്കുന്നവരും ഈ ലോകമധ്യേ ജീവിക്കുന്നവരാണ്. ദൈവപിതാവിനാൽ ആകർഷിച്ചവരല്ലാതെ ആർക്കും ഈ മഹത്വത്തിലേക്ക് കടന്ന് വരാൻ സാധിക്കുകയില്ല. എന്നാൽ ലോകവും അതിന്റെ മോഹവും ഒരുവന്റെ ആഗ്രഹങ്ങളാകുമ്പോൾ സന്യാസത്തിന് അർത്ഥമില്ലാതാകുന്നു.

മഹത്തായ സന്യാസജീവിതത്തിന്റെ അർത്ഥവും മാഹാത്മ്യവും എത്ര എഴുതിയാലും പറഞ്ഞാലും തീരാത്തവയാകുന്നു. ഒരു സന്യാസി, ഒരു വ്യക്തി എന്ന നിലയിൽ ലോകത്തിൽ ജീവിച്ചുകൊണ്ട്, സഭാത്മക കൂട്ടായ്മയിൽ ഉൾച്ചേർന്ന്, തന്റെയും തന്റെ സന്യാസസമൂഹത്തിന്റെയും വിശുദ്ധിക്കായി യത്നിക്കുന്നു. അതുവഴി ലോകത്തിന് യേശുവിനെ പകർന്ന് കൊടുക്കുവാൻ സാധിക്കുന്നു. അതുതന്നെയാണ് ഒരു സന്യാസിയുടെ ജീവിതലക്ഷ്യവും ഉത്തരവാദിത്വവും.





റവ. സി. ആഗ്നറ്റ് എസ്.ഐ.സി
ബഥനി കോൺവെന്റ്, പത്തനംതിട്ട

# അവൻ വിളിക്കുന്നു
## തനിക്കിഷ്ടമുള്ളവരെ...

**നി**ങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. (യോഹ15:16)

ദൈവവിളി ഇന്ന് വളരെയധികം വെല്ലു വിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ. ഈ ലോകത്തിനത് ഭോഷത്വമാണ്. സന്യാസജീവിത ത്തിന്റെ മഹനീയതയും ശ്രേഷ്ഠതയും ഇന്ന് ചോദ്യം ചെയ്യപ്പെടുമ്പോൾ ആ വിളിയുടെ ശ്രേഷ്ഠത എന്റെ ദൈവവിളിയുടെ പശ്ചാത്തല ത്തിൽ തുറന്നെഴുതട്ടെ.

ഞാനൊരു ഹിന്ദുമതവിശ്വാസിയായിരുന്നു ഇരുപതുവയസ്സുവരെ...കറ തീർന്ന ഈശ്വരവിശ്വാ സിയായിരുന്നു പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലംവരെ. എന്റെ നാട്ടിലുള്ള രണ്ട് അമ്പല ങ്ങളിൽ മുടങ്ങാതെ മാലകെട്ടി ഞാൻ നേർച്ചവയ് ക്കാറുണ്ടായിരുന്നു. ശബരിമല മണ്ഡലകാലത്ത് വ്രതം നോറ്റ് മണ്ടയ്ക്കാടും കന്യാകുമാരിയിലു മൊക്കെ പോയിരുന്നു. എന്റെ സമപ്രായക്കാരോ ടൊപ്പം കളിക്കുന്നതിനേക്കാൾ ഏറെ ഇഷ്ടം അമ്പലമുണ്ടാക്കി പൂജ നടത്തുന്നതായിരുന്നു. അമ്മ അതിനെന്നെ ഒത്തിരി ശകാരിച്ചിട്ടുണ്ട്. ക്ഷേത്രമുണ്ടാക്കി പൂജ നടത്തുന്നത് ശരിയല്ലെന്നു പറഞ്ഞതൊന്നും ഞാൻ ഉൾക്കൊണ്ടില്ല. കൗമാര ത്തിൽനിന്നു യൗവനത്തിലേക്കുള്ള യാത്രയിലെ വിടെയോ ദൈവമില്ലായെന്ന ചിന്തവരെ എന്നെ പിടികൂടി. ക്രമേണ ഞാൻ അമ്പലത്തിൽ പോകാൻ മടിച്ചതോടൊപ്പം ഒരെഴുത്തുകാരിയാ കാനുള്ള ആഗ്രഹം എന്റെ ഉള്ളിലുദിച്ചു. വിപ്ലവാ ദർശങ്ങൾ നിറഞ്ഞ കഥകളും കവിതകളുമൊക്കെ ഞാൻ എഴുതിത്തുടങ്ങി. കഥ എഴുതുന്നത് ആദ്യം വായിച്ചു കേൾപ്പിക്കുന്നത് എന്റെ അനന്തിരവ നെയാണ്. അവനൊരു കഥാപ്രേമിയാണ്. എന്നെ ക്കൊണ്ട് നോവലുകൾ എഴുതിപ്പിക്കും.. ഒരിക്കൽ അവനെന്നോടൊരു ചോദ്യം ചോദിച്ചു.. ദൈവം ഉണ്ടോ? ഏതാണ് യഥാർത്ഥ ദൈവം..... അതൊരു അന്വേഷണത്തിന്റെ തുടക്കമായിരുന്നു. ഇടയ്ക്കെ പ്പോഴോ ബൈബിളും ഖുറാനുമൊക്കെ ഞാൻ വായിച്ചു... ഗാന്ധിജിയും, ചട്ടമ്പിസ്വാമിയും മുഹമ്മദ് നബിയും യേശുക്രിസ്തുവും ശ്രീനാരാ യണ ഗുരുവുമൊക്കെ എന്റെ ആദർശപുരുഷ ന്മാരായി. ഇവരിൽ ഏറ്റവും കൂടുതൽ എന്നെ ആകർഷിച്ച വ്യക്തിത്വം യേശുക്രിസ്തുവി ന്റേതാണ്. അത് ഞാനെന്റെ അനന്തിരവനോട് തുറന്നു പറഞ്ഞു. നിസ്വാർത്ഥനായി നമുക്കു വേണ്ടി മരിച്ചവൻ യേശുക്രിസ്തു മാത്രമാണ്. പക്ഷെ യേശു ദൈവമാണോയെന്നൊന്നും എനിക്കറിയില്ലെന്നു പറഞ്ഞൊഴിഞ്ഞു.

ഞാൻ ബി.എയ്ക്ക് ഒന്നാം വർഷം പഠിച്ചുകൊ ണ്ടിരിക്കുമ്പോൾ വീട്ടിൽ കുട്ടികൾക്ക് ട്യൂഷനെ ടുത്തിരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുന്ന ഒരു ക്രിസ്ത്യാനി പെൺകുട്ടിയുടെ ടെസ്റ്റ് ബുക്ക് ഞാൻ വായിക്കാനായി വാങ്ങിച്ചു. പഠിപ്പിക്കും മുമ്പ് വായിച്ചു നോട്ടു കുറിക്കുക എനിക്കു പതിവുള്ളതാണ്. അന്നു രാത്രി ഞാനാ പുസ് തകം മറിച്ചു പോകുമ്പോൾ ഒരു ചെറിയ പേപ്പർ എന്റെ കണ്ണുകളിലുടക്കി. ആകാംഷയോടെ ഞാനെതെടുത്തു വായിച്ചു. കന്യാസ്ത്രീയാകാൻ, മദർ പ്രൊവിൻഷ്യൽ, ബഥനിമഠം, നാലാഞ്ചിറ എന്നെഴുതിയ പേപ്പർ. ആദ്യം എനിക്കൊന്നും മനസ്സിലായില്ല. ഒന്നുകൂടി വായിച്ചു. ഒരു കാര്യം എനിക്കുറപ്പായി ഈ കുട്ടി മഠത്തിൽ ചേരാൻ ആഗ്രഹിക്കുന്നുണ്ടാകും. നല്ലൊരു കുട്ടിയാണ വൾ. എന്തു വിലകൊടുത്തും അവളെ ഇതിൽ നിന്നു പിൻതിരിപ്പിക്കണം. അതുകൊണ്ടുതന്നെ ഞാനെന്റെ ഡയറിയുടെ പേജിൽ ഓർമ്മിക്കാൻ

വേണ്ടി ആ അഡ്രസ്സ് കുറിച്ചിട്ടു.

പിറ്റേ ദിവസം അവൾ വന്നു. ഞാൻ വളരെ നാടകീയമായിത്തന്നെ വിഷയം അവതരിപ്പിച്ചു... തന്റെ പുസ്തകത്തിൽ ഒരഡ്രസ്സ് ഇരിപ്പുണ്ടല്ലോ.. എന്തിനാണത്. ഞാൻ ചോദിച്ചു.

എന്ത് അഡ്രസ്സ്? അവൾ അമ്പരന്ന് എന്നെ നോക്കി.

പുസ്തകം മറിച്ചു നോക്കു,

അവൾ പേപ്പർ തപ്പുന്നതിനിടയിൽ ഞാൻ ഡയറിയിൽ നോക്കി ആ അഡ്രസ്സ് ഉറക്കെ വായിച്ചു.

ഓ അതാണോ? അതു ഞാൻ വെറുതെ സൂക്ഷിച്ചു വച്ചതാ. അവൾ പേപ്പറെടുത്ത് വലിച്ചുകീറി ജാലകത്തിലൂടെ പുറത്തേക്കെറിഞ്ഞു. എനിക്ക് വലിയ ആശ്വാസമായി.

വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ഞെട്ടരുത്. ദൈവം ആ അഡ്രസ്സ് എനിക്കു തരാൻവേണ്ടി മാത്രം കരുതി വെച്ചിരുന്നതാണെന്ന് കാലം തെളിയിച്ചു. മാസങ്ങൾ കഴിഞ്ഞു. എഴുത്തിന്റെ ലോകത്ത് ചേക്കേറാനുള്ള തയ്യാറെടുപ്പിലാണ് ഞാൻ. ഒരെഴുത്തുകാരിയാകുന്നതിനെക്കുറിച്ചു ഞാൻ സ്വപ്നം കണ്ടു. അതിനാൽ എന്റെ ഡയറിയിൽ അനേകം പ്രസാധകരുടെ അഡ്രസ്സുകൾ നിറഞ്ഞു. എഴുതി കഴിയുന്ന കഥകൾക്ക് അഡ്രസ്സുകൾ തപ്പി പേജു മറിക്കുമ്പോൾ അറിയാതെ കണ്ണിലുടക്കുന്ന ആ അഡ്രസ്സ് ! കന്യാസ്ത്രീയാകാൻ നിനക്കെന്തുകൊണ്ടൊരു സിസ്റ്ററായിക്കൂടാ... ഉള്ളിലിരുന്ന് ആരോ എന്നോടു മന്ത്രിക്കുന്നതുപോലെ. ലോകത്തെ മാറ്റി മറിക്കാൻ നിനക്ക് ഉചിതമായ വഴി അതാണ്. തോന്നലുകളാലും ഭ്രാന്തായുമൊക്കെ ആദ്യം എനിക്കു തോന്നിയെങ്കിലും ഉൾപ്രേരണ വളരെ ശക്തമായി. കത്തെഴുതാതെ എനിക്കു നിവൃത്തിയില്ലാതെയായി. അങ്ങനെയാണ് ഞാൻ മഠത്തിലേക്ക് കത്തെഴുതിയത്. ഞാനൊരു ഹിന്ദുവാണ് ബി.എ യ്ക്ക് പഠിക്കുന്നു. നന്മ ചെയ്യാൻ എനിക്കു വലിയ ആഗ്രഹമാണ്. അതിനുവേണ്ടി എനിക്കൊരു സിസ്റ്ററാകണം. എന്തു ചെയ്യണമെന്നെനിക്കു പറഞ്ഞു തരണം... പിന്നേയും എന്തൊക്കയോ കുത്തിക്കുറിച്ച് കത്ത് ഉപസംഹരിച്ചു.

മറുപടിക്കായുള്ള കാത്തിരിപ്പ്. മറുപടി വന്നാൽ എന്തു ചെയ്യണമെന്ന് ഒരു നിശ്ചയവുമില്ല. വീട്ടിൽ എങ്ങനെ പറയും. ചേച്ചി വിവാഹിതയാണ്. ഇളയവർ മൂന്ന് ആങ്ങളമാർ. ഞാനാണ് ഏറ്റവും ഇളയവൾ. അമ്മ വേദനിക്കുന്നത് എനിക്ക് സഹിക്കാനാവില്ല. അങ്ങനൊരാത്മബന്ധം ഞങ്ങൾക്കിടയിലുണ്ട്. ദിവസങ്ങൾ കഴിഞ്ഞു. മറുപടി വന്നില്ല. എനിക്കാശ്വാസമായി. എല്ലാം എന്റെ തോന്നലുകൾ മാത്രമായിരിക്കാം. ഇങ്ങനെയൊരു അഡ്രസ്സ്തന്നെ നിലവിൽ ഉണ്ടാവില്ല. അങ്ങനെ ചിന്തിച്ച് ഞാനെന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധാലുവായി. ഏകദേശം ആറുമാസം കഴിഞ്ഞു. ജേഷ്ഠന്റെ നിർദ്ദേശ പ്രകാരം ഞാനെന്റെ ആദ്യത്തെ പി.എസ്.സി. പരീക്ഷയ്ക്കായി തയ്യാറെടുക്കുകയാണ്. പി.എസ്.സി. ഒന്നുപോലും വിടാതെ എഴുതുന്ന മൂത്ത ആങ്ങളയ്ക്ക് ധാരാളം ടെസ്റ്റ്ബുക്കുകളുണ്ട്. അതിൽനിന്നും പലതും തപ്പിപ്പെറുക്കി ഞാനും വായിച്ചു തുടങ്ങി. അതിനിടയിൽ മാസങ്ങൾക്കുമുമ്പ് എനിക്കു വന്ന ഒരു കത്ത് എന്റെ ദൃഷ്ടിയിൽ പെട്ടു. വടിവൊത്ത അക്ഷരങ്ങൾ... ദൈവത്തിന്റെ കൈയ്യൊപ്പുണ്ടായിരുന്നോ ആ കത്തിൽ ! കത്തു വായിക്കുന്നതിനിടയിൽ കണ്ണുനീർ അണപൊട്ടിയൊഴുകി.... ജീവിതത്തിന്റെ കൈവഴി ആരോ വെട്ടിയൊരുക്കുന്നു. എല്ലാം ഉപേക്ഷിച്ചിറങ്ങാൻ ഒരുൾപ്രേരണ.. കത്ത് എടുത്തിടത്തു തന്നെ ഞാൻ തിരിച്ചുവച്ചു. ഇല്ലെങ്കിൽ എന്റെ ഉദ്ദേശ്യം നടക്കില്ല.. എനിക്കു വന്ന മറുപടിക്കത്ത് ജേഷ്ഠന്റെ കൈയിലാണ് കിട്ടിയത്. അദ്ദേഹമത് വായിച്ചിട്ട് ഭദ്രമായി എന്നെ കാണിക്കാതെ ഒളിപ്പിച്ചുവച്ചിരിക്കുകയായിരുന്നു. അതു കീറിക്കളയാൻ ദൈവം ജേഷ്ഠനെ അനുവദിച്ചില്ലെന്നതാണ് ദൈവ നിയോഗം.

പിന്നീടെല്ലാം ഞാൻ വളരെ കരുതലോടെയാണ് ചെയ്തത്. എനിക്ക് കത്തു നേരിട്ട് കിട്ടിയിരുന്നില്ലെന്നും മഠത്തിൽ ചേരാൻ ഞാൻ വരുമെന്നും പറഞ്ഞ് മറുപടി എഴുതി. കഥാകൃത്തുക്കളുടെ ക്യാമ്പിൽ പങ്കെടുക്കാനെന്നു പറഞ്ഞ് മഠത്തിൽ പോയി സിസ്റ്റേഴ്സിനെ കണ്ടു മടങ്ങി. പിന്നെയെല്ലാം ദൈവനിശ്ചയംപോലെ നടന്നു. എതിർപ്പുകളെ തൃണവൽക്കരിച്ചുകൊണ്ട് വീടുവിട്ടിറങ്ങുമ്പോൾ ഊറിക്കൂടിയ കണ്ണുനീർ ആരും കാണാതെ തുടച്ചു. പിന്നിൽ തേങ്ങലുകളുയരുമ്പോഴും ഞാനറിയാത്ത വഴികളിലൂടെ ദൈവം എന്നെ കൈപിടിച്ചു നടത്തി. ആ വഴിയിലൂടെ ഇന്നും എന്നെ ഏറെ സന്തോഷത്തോടെ ദൈവം നടത്തുന്നു. സന്യാസത്തെക്കുറിച്ച് അനാവശ്യകോലാഹലങ്ങൾ പുറത്തു നടക്കുമ്പോഴും, ഈ ജീവിതം ഏറെ സന്തോഷത്തോടെ ഞാനും എന്റെ സഹോദരങ്ങളും നയിക്കുന്നു. പുറത്തു നടക്കുന്ന ചർച്ചകളല്ല, വിശ്വസ്തതയോടെയും, പരിപൂർണ്ണസമർപ്പണത്തോടും അകത്ത് നടക്കുന്ന ജീവിതമാണ് പ്രസക്തം. അകത്തെ ജീവിതം അറിയാത്തവർക്ക് പുറത്തിരുന്ന് എന്തും പറയാം. പക്ഷേ പതിനായിരക്കണക്കിന്, എന്നെപ്പോലെ ഈ ജീവിതം തിരഞ്ഞെടുത്തവർക്ക് പറയാനുള്ളത് മറ്റൊന്നാണ്. ഞാൻ തെരഞ്ഞെടുത്ത ഈ ജീവിതത്തെയോർത്ത് അഭിമാനിക്കുന്നു. കാരണം ഈ ജീവിതം ദൈവം തന്നതാണ്. ദൈവത്തിനുവേണ്ടി ജീവിക്കാൻ, ദൈവത്തിനുവേണ്ടി പ്രവർത്തിക്കാൻ. ....ത്യാഗത്തിന്റെ വഴികളിലൂടെ കാൽവരി ചുവട്ടിലേക്കുള്ള സ്വയപരിത്യാഗത്തിന്റെ യാത്രയാണിത്. കരളുറപ്പുള്ളവർക്കായി കനിവിന്റെ നാഥൻ രചിച്ച വീരോചിത ജീവിതം.

●

# അനുഭവിച്ചറിയേണ്ട സന്യാസജീവിതത്തിന്റെ മഹത്വവും ശ്രേഷ്ഠതയും



**സി. ജോസ്‌ലിൻ എസ്.ഐ.സി.**

"ഗർഭത്തിൽത്തന്നെ എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് എന്നെ നാമകരണം ചെയ്തു" (ഏശയ്യാ 49:1).

ദൈവവിളി ഒരു വലിയ രഹസ്യവും ദാനവുമാണ്. ഭക്തിയിലും വിശ്വാസത്തിലും ജീവിക്കുന്ന അമേരിക്കയിലെ ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ അമ്മ പ. അമ്മയോട് നിരന്തരം പ്രാർത്ഥിച്ചിരുന്നു – തനിക്ക് നല്ല ആരോഗ്യമുള്ള ഒരു കുട്ടിയെ ലഭിക്കണമെന്ന്. പ. അമ്മയുടെ സാന്നിദ്ധ്യം, ജീവിതത്തിൽ നിരന്തരമായി എനിക്ക് അനുഭവപ്പെട്ടിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ എന്റെ മാതൃസഹോദരൻ, ഫാ. വർഗീസ് ഇടത്തിൽ, ജീവിതത്തിൽ എന്നെ ഏറെ സ്വാധീനിച്ച വ്യക്തിയാണ്. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, അദ്ദേഹം എന്നോടു പറയുമായിരുന്നു. നീ നല്ലൊരു കുട്ടിയാണ്. കത്തോലിക്കാസഭയിൽ ഒരു സിസ്റ്ററാകണം. അത്തരത്തിൽ, അക്കാലത്ത് എനിക്ക് ചിന്തിക്കുവാൻ സാധിച്ചിരുന്നില്ലെങ്കിലും, അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ നിരന്തരം പിൻതുടർന്നുകൊണ്ടിരുന്നു. എപ്പോഴെല്ലാം സന്യാസവേഷത്തിൽ ഒരു സിസ്റ്ററിനെ കണ്ടിരുന്നുവോ, അപ്പോഴെല്ലാം എനിക്ക് വളരെ സന്തോഷമായിരുന്നു. എന്നിരുന്നാലും സ്കൂൾ പഠനവേളയിൽ, വിശ്വാസത്തെക്കുറിച്ച് എനിക്ക് ചില സംശയങ്ങൾ മനസിൽ വന്നിരുന്നു.



എന്റെ ടീനേജ് കാലഘട്ടത്തിൽ, ഞാൻ ഒരിക്കൽ ധ്യാനം കൂടുവാൻ ഇടയായി. ധ്യാനത്തിനിടയിൽ ദൈവത്തോട് തന്നെത്തന്നെ എനിക്ക് വെളിപ്പെടുത്തുവാനും, അതുവഴിയായി സത്യം എന്താണെന്ന് വെളിപ്പെടുവാൻ ഇടയാക്കണമെന്നും ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. ധ്യാനത്തിനു നേതൃത്വം നല്കിയ ധ്യാനഗുരു അവിടെ ഇപ്രകാരം പ്രഖ്യാപിച്ചു – ഏതാണ്ട് 20 പേർക്ക്, അവരുടെ ശരീരത്തിൽ കറണ്ടടിക്കുന്നതുപോലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അനുഭവപ്പെടുന്നുവെന്ന്. ആ സമയത്ത് ഇതേ അനുഭവം എന്റെ ശരീരത്തിലുമുണ്ടായി. ഇത്തരത്തിൽ അനുഭവമുണ്ടായ ആളുകൾ എഴുന്നേറ്റു നില്ക്കുവാൻ ധ്യാനഗുരു ആവശ്യപ്പെട്ടു. ഞാൻ നോക്കിയപ്പോൾ 19 പേർ എഴുന്നേറ്റു നില്ക്കുന്നു. ഞാനും എഴുന്നേറ്റു. എന്റെ ജീവിതത്തിൽ, എന്നെ മാറ്റിമറിച്ച, മാനസാന്തരപ്പെടുത്തിയ ശക്തമായ ഒരു അനുഭവമായിരുന്നു അത്. യേശുവിന് എന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുവാൻ തീരുമാനമെടുത്ത നിമിഷം. ക്രമേണ ഞാൻ എന്റെ യേശുവുമായി സ്നേഹത്തിലായി. വി. ഗ്രന്ഥത്തിലൂടെയും, കൂദാശകളിലൂടെയും, ഭക്ത്യാഭ്യാസത്തിലൂടെയും, വി. കുർബ്ബാനയിലൂടെയും ഞാൻ യേശുവുമായി കൂടുതൽ അടുത്തു. സ്കോളർഷിപ്പ് നേടി കോളേജിൽ പഠിക്കുവാൻ ഞാൻ പോയി. അവിടെ ക്യാമ്പസ് മിനിസ്ട്രിയിൽ വളരെ സജീവമായി ഇടപ്പെട്ടു.

‘‘ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമ്മുക്കറിയാമല്ലോ’’ (റോമ 8:28).

കോളേജ് പഠനത്തിന്റെ അവസാന കാലഘട്ടത്തിൽ, സന്യാസജീവിതത്തിലേക്ക് ഞാൻ ഏറെ ആകർഷിക്കപ്പെട്ടു. നിരവധി വൈദികരും, സിസ്റ്റേഴ്സും, എന്റെ പല കൂട്ടുകാരും എന്നെ സന്യാസ ജീവിതത്തിലേക്കുള്ള കാൽവയ്പ്പിൽ സഹായിച്ചു. മെഡിക്കൽ വിദ്യാഭ്യാസത്തിനും ഓർഗാനിക് കെമിസ്ട്രിയിൽ പി.എച്ച്.ഡിക്കും, ഫുൾ സ്കോളർഷിപ്പ് എനിക്ക് ലഭിച്ചിരുന്നു. എന്നാൽ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രവും, പ്രബോധനങ്ങളും വായിച്ചപ്പോൾ, ഒരു സന്യസ്തജീവിതത്തിലൂടെ മലങ്കര കത്തോലിക്കാസഭയിൽ ശുശ്രൂഷ ചെയ്യുവാൻ വലിയ ഒരു ഉൾപ്രേരണയുണ്ടായി. ദൈവത്തിന്റെയും, സ്വർഗ്ഗത്തിന്റെയും നിയോഗത്തെയും വിളിയെയും തടയുവാൻ എനിക്കു സാധിച്ചില്ല. എന്റെ ജീവിതം ലോകത്തിന് അനുഗ്രഹമാകുവാൻ ഞാൻ ആഗ്രഹിച്ചു, തീരുമാനിച്ചു.

ഒരു ദിവസം ഞാൻ ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ദർശനമെന്നോണം എന്റെ മനസ്സിന്റെ ദൃഷ്ടിയിൽ വിശാലവും ദീർഘവുമായ ഒരു റോഡ് കണ്ടു. തുടർന്ന്, മലമുകളിലേക്ക് പോകുന്ന ഒരു ചെറിയ പാതയും കണ്ടു. വിവാഹത്തെക്കുറിച്ചും, സന്യാസജീവിതത്തെക്കുറിച്ചും ഞാൻ ചിന്തിച്ചു. വിശാലമായ പാതയിലൂടെ നടക്കുമ്പോഴുള്ള സന്തോഷവും, സുഹൃത്തുക്കളുമായുള്ള സൗഹൃദവും വളരെ എളുപ്പമുള്ളതായി തോന്നിച്ചപ്പോഴും, എന്റെ നോട്ടം ചെറിയ പാതയിലേക്കായിരുന്നു. ആ പാത കഠിനവും, ഏകാന്തവും ആയിരുന്നുവെങ്കിലും, അത് എന്റെ പേര് ചൊല്ലി വിളിക്കുന്നതായി എനിക്കു തോന്നി. അതിലേക്ക് ഞാൻ വളരെ ആകൃഷ്ടയായി. സ്നേഹത്തിന്റെ ക്ഷണം സ്വീകരിച്ച് യേശുവിനെ പിൻചെല്ലുവാൻ ഞാൻ തീരുമാനിച്ചു. യേശുവിനോടുള്ള സ്നേഹം മറ്റുള്ളവരുമായി പങ്കുവച്ചും, ആത്മാക്കളെ യേശുവിനായി നേടിയും ജീവിക്കുവാൻ അത് എന്നെ നിർബന്ധിച്ചു. എന്നെ മാത്രമല്ല, 2013 ൽ പൗരോഹിത്യം സ്വീകരിച്ച എന്റെ സഹോദരൻ ഫാ. മൈക്കിൾ ഇടത്തിലിനെയും ദൈവം പൗരോഹിത്യശുശ്രൂഷക്കായി വിളിച്ചു എന്നതിൽ ദൈവത്തോട് എനിക്ക് ഏറെ നന്ദിയുണ്ട്.

ദൈവദാസനായ മാർ ഈവാനിയോസ് പിതാവുതന്നെ സ്ഥാപിച്ച ബഥനി സിസ്റ്റേഴ്സിന്റെ, മിശിഹാനുകരണ സന്യാസസഭയിൽ ചേരുവാൻ ഞാൻ തയ്യാറായി. അതിന് ഒരു കാരണം, മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങളിൽ ഞാൻ ഏറെ ആകൃഷ്ടയായി എന്നതുകൊണ്ടുകൂടിയാണ്. ബഥനിയിൽ ചേരുന്നതിന് മുമ്പ്, പിതാവിന്റെ കബറിടത്തിൽ പോയി അനേക മണിക്കൂറുകൾ പ്രാർത്ഥിച്ചാണ് ഇക്കാര്യത്തിൽ എന്നെ കൂടുതൽ ഒരുക്കിയത്. എന്റെ ഇന്റേണൽ മെഡിസിൻ റെസിഡൻസി പൂർത്തിയാക്കിയതിനുശേഷം ബഥനി സന്യാസിനി സമൂഹത്തിൽ ചേരുകയും, 2016 ൽ ഒരു സിസ്റ്ററായി തീരുകയും ചെയ്തു. അനുസരണത്തിലൂടെയും, ബ്രഹ്മചര്യത്തിലൂടെയും, ദാരിദ്ര്യത്തിലൂടെയും മാർ ഈവാനിയോസ് പിതാവ് യേശുവിന്റെ സ്നേഹത്തോട് പ്രത്യുത്തരിച്ചതുപോലെ, ഞാനും ഈ വ്രതങ്ങൾ സ്വീകരിച്ച് യേശുവിന്റെ സ്നേഹത്തിൽ ജീവിക്കുകയും, ആ സ്നേഹം അനേകർക്ക് പങ്കുവച്ചു നല്കുകയും ചെയ്യുന്നു. സന്യാസവും, സമർപ്പിതജീവിതവും ഏറ്റവും വികലവും മോശവുമായി ചിത്രീകരിക്കുന്ന ഈ കാലഘട്ടത്തിൽ, ഈ ജീവിതത്തിന്റെ മഹത്വവും, ശ്രേഷ്ഠതയും അനുഭവിച്ചറിയുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇന്ന്, ഒരു ബഥനി സന്യാസിനിയായി ഏറ്റം സന്തോഷത്തോടെയും, സമാധാനത്തോടെയും അഭിമാനത്തോടെയും ഞാൻ ജീവിക്കുന്നു.

●



# സന്യാസം
## പുഴുവിൽനിന്ന് പൂമ്പാറ്റയിലേക്കുള്ള വളർച്ച



**സി. റാണി മരിയ ഒ.എസ്.എസ്.**
**ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്**

സന്യാസത്തിന് ഓരോ ഭാഷയിലും നിർവചനങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏറ്റവും നല്ല നിർവചനം നല്കിയത് യേശുക്രിസ്തുവാണ്. സ്നേഹത്തിൽ ചാലിച്ച് തന്റെ രക്തത്തുള്ളികൾകൊണ്ടാണ് അവൻ സന്യാസത്തെ നിർവചിച്ചത്. സന്യാസജീവിതം പരിപൂർണ്ണതയിലേക്കുള്ള വിളിയാണെന്ന് വായിച്ചും കേട്ടും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ദ്രോഹിക്കുന്നവനുവേണ്ടികൂടി ആത്മത്യാഗം ചെയ്യാൻമാത്രം ഒരാൾ വളർന്നു കഴിയുമ്പോഴാണ്, ആ വ്യക്തി പരിപൂർണ്ണനായ സന്യാസിയായി മാറുന്നത്. സന്യാസം വച്ചുനീട്ടുന്നത് കുരിശുകളാണെന്ന ധാരണ കരുതി വച്ചിരുന്നു ഞാനും. സത്യമാണ്, സഹനമില്ലാതെ സന്യാസമില്ല. സഹനത്തെ സഖിയായി കണ്ട ഗുരുവിന്റെ ശിഷ്യഗണം ഈ സഖിത്വമില്ലാതെ ജീവിക്കുന്നതാണ് ഏറ്റം അപഹാസ്യം?.

സന്യാസഭവനത്തിന്റെ മതിൽക്കെട്ടുകൾ കോൺസൻട്രേഷൻ ക്യാമ്പുകളാണ് എന്ന മട്ടിലുള്ള പ്രസ്താവനകൾ കാണുമ്പോൾ അതൊക്കെ എത്ര ബാലിശമാണ് എന്ന് തോന്നാറുണ്ട്. സൗഹൃദത്തിന്റെയും കരുതലിന്റെയും മാതൃത്വത്തിന്റെയും പരിലാളനകൾ കാർക്കശ്യത്തോടെയും അല്ലാതെയും തന്റെ മക്കൾക്ക് നല്കുന്നുണ്ട് ഈ സന്യാസഭവനങ്ങൾ. എന്നിട്ടും വിധിവിചാരണങ്ങൾക്ക് വിധേയമാകുമ്പോൾ അവലംബിക്കപ്പെടുന്ന ഞങ്ങളുടെ മൗനം, പീലാത്തോസിന്റെ മുമ്പിൽ ക്രിസ്തു പാലിച്ച ആത്മീയ മൗനമാണ്.

ഒരു സന്യാസിയുടെ സ്വപ്നങ്ങൾ ദൈവജനത്തിന്റെ ഉത്ക്കർഷത്തിനും ദൈവതിരുനാമത്തിന്റെ ഉപരിമഹത്വത്തിനുംവേണ്ടിയുള്ളതായിരിക്കണം. സ്വന്തം സ്വപ്നങ്ങൾ ദൈവഹിതത്തിന് സമർപ്പിച്ച് ആമ്മേൻ പറയുവാൻ, ആത്മീയബലമുള്ളവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. പല സുഹൃത്തുക്കളും ചോദിച്ചിട്ടുണ്ട്, സിസ്റ്റർ നിങ്ങൾ എന്തിനാണ് നിങ്ങളുടെ സ്വാതന്ത്ര്യത്തെ അടിയറവു വയ്ക്കുന്നതെന്ന്. അധികാരികളോടുള്ള വിധേയത്വവും സന്യാസനിഷ്ഠയും ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒരു സത്യം തുറന്നു പറയട്ടെ, അധികാരിയുടെ തീരുമാനം ദൈവഹിതമായി കണ്ട് തല കുനിച്ചപ്പോൾ കണ്ണ് നിറഞ്ഞെങ്കിലും, നെഞ്ച് നീറിയെങ്കിലും, അനുസരണം അനുഗ്രഹമാണെന്ന് ജീവിതമെന്നെ പഠിപ്പിച്ചിട്ടുണ്ട്. ആഗ്രഹിച്ചതിലും പതിന്മടങ്ങ് നിറച്ച് ഇന്ന്, മടിയിൽ ഇട്ടുതന്നിട്ടുണ്ട് നല്ല ദൈവം. സ്നേഹത്തോടെയുള്ള അനുസരണമാണ് സന്യാസത്തിന്റെ മുഖമുദ്ര. താൻ പിതാവിനെ അനുസരിക്കുന്നുവെന്ന് ക്രിസ്തു പ്രഖ്യാപിച്ചില്ല. അവിടുത്തെ ജീവിതംതന്നെ പിതാവുമായി സമരസപ്പെട്ടതായിരുന്നു. അനുസരണവ്രതം അത്ര complicated ഒന്നും അല്ല. കർത്താവിന്റെ കൈയ്യിൽ പിടിച്ച് നടന്നാൽ മതി. അനുസരണമെന്ന വ്രതത്തിന് അതിനേക്കാൾ വലിയ നിർവചനമില്ല. Yesterday I was clever, So I wanted to change the world. Today I am wise, So I am changing myself (Rumi)

ജ്ഞാനിയായ മനുഷ്യനു മാത്രമെ Metamorphosis എന്ന പ്രക്രിയയിലൂടെ കടന്നുപോകാൻ സാധിക്കുകയുള്ളൂ. അതായത് പുഴുവിൽനിന്ന് പൂമ്പാറ്റയിലേക്കുള്ള പ്രയാണം. അനേ

ക വർഷങ്ങളുടെ ധ്യാനത്തിനും ഒരുക്കത്തിനും പ്രാർത്ഥനയ്ക്കുമൊടുവിലുള്ള ഈ രൂപമാറ്റം തന്നെയാണ് സന്യാസവും. പുഴുവായിരിക്കെ പൂമ്പാറ്റയെന്ന വ്യാജേന പറക്കാൻ തുനിയുന്നതും, പൂമ്പാറ്റയായിരിക്കെ ഇഴയുന്നതും പരിഹാസ്യമാണല്ലൊ. സന്യാസവ്രതം, ഒരാളെ സന്യാസിയാക്കി തീർക്കുന്നില്ല. Moulting അല്ലെങ്കിൽ Ecdysis എന്നൊക്കെ പറയുന്ന ഒരു പ്രതിഭാസമുണ്ട്. പാമ്പ് പടം പൊഴിക്കുന്നുവെന്ന് ലഘുവായി പറഞ്ഞു തീർക്കുന്നതിനേക്കാൾ സങ്കീർണമായ ഒരു പ്രക്രിയയാണത്. സ്വയം സംരക്ഷിച്ചുകൊണ്ട് പുറംതൊലി ഉപേക്ഷിച്ച് പുതിയവ രൂപപ്പെടുന്ന സമയം. കാലാകാലങ്ങളിൽ വേദന നിറഞ്ഞ ഈ പ്രക്രിയയിലൂടെ കടന്നുപോകുന്നവനാണ് സന്യാസി. ചുരുക്കിപ്പറഞ്ഞാൽ അഗ്നിയിൽ ശുദ്ധി ചെയ്ത തങ്കംപോലെ വെണ്മയുള്ളവനാകേണ്ടവനാണ് സന്യാസി. മുകളിൽ പറഞ്ഞതിനെയെല്ലാം ആത്മീയമായി നാം വിളിക്കുന്ന പേരാണ് സഹനം, കുരിശ് എന്നൊക്കെ. അതൊരിക്കലും ചങ്ങലകളല്ല, യഥാർത്ഥ സന്യാസത്തിലേക്കുള്ള വളർച്ചയുടെ പടവുകളാണ് എന്നു തിരിച്ചറിയാനും പ്രഘോഷിക്കുവാനും ജ്ഞാനമുള്ള സന്യാസിക്കുമാത്രമെ സാധിക്കുകയുള്ളു.

സന്യാസം ഇന്ന് മാധ്യമപോസ്റ്റുമോർട്ടത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സന്യാസത്തിന്റെ വേലിക്കെട്ടുകൾക്ക് അപ്പുറത്തുനിന്ന് വ്യക്തമല്ലാത്ത ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതുന്നവരോടും, സന്യാസത്തിന്റെ അന്തസത്ത വർഷങ്ങളോളം ജീവിച്ചിട്ടും മനസ്സിലാക്കാത്തവരോടും, തെറ്റിദ്ധാരണകളുടെ പുകമറ തീർക്കുന്നവരോടും ഒന്നുമാത്രം പറയുന്നു. സന്യാസമാകുന്ന നദിയിൽ നീയാകുന്ന കല്ലിനെ ഒന്ന് ഒഴുക്കുവാനായി വിട്ടുകൊടുക്കുക. ആ ഭംഗിയിൽ നീങ്ങി, അലങ്കാരയോഗ്യമായ ശിലയായി മാറുക. സ്വന്തം ജീവിതം സുഗമമാക്കാനുള്ള സംവിധാനമാണ് സന്യാസമെന്ന് തെറ്റിദ്ധരിക്കപ്പെടാതിരിക്കട്ടെ. കുരിശെടുക്കാനുള്ള വിളിയാണെന്ന് മറക്കാതെയുമിരിക്കട്ടെ. സന്യാസി ആണെന്നതിന്റെപേരിൽ ആരുടെയും തല കുനിയാതുമിരിക്കട്ടെ.

ഇന്നത്തെ ലോകം വ്യത്യസ്തതകൾക്ക് (varieties) പിന്നാലെയാണ്. യഥാർത്ഥ വെറൈറ്റി നമുക്ക് കാണിച്ചുതന്നത് ക്രിസ്തുവല്ലേ?. സ്വാർത്ഥത കൊടികുത്തി വാഴുമ്പോൾ ജീവിതം അപരനായി ഹോമിക്കുന്നത്, ആഡംബരങ്ങളുടെ ലോകത്ത് ലളിതജീവിതം നയിക്കുന്നത്, ദൈവമില്ലെന്ന് പറയുന്നവരുടെ എണ്ണം അധികരിക്കുമ്പോൾ ക്രിസ്തുവിന്റെ കരം പിടിക്കുന്നത്...... ഇതെല്ലാമാണ് അവിടുന്ന് കാണിച്ചുതന്ന വ്യത്യസ്തതകൾ. സന്യാസം മുള്ളുകൾ നിറഞ്ഞ ജീവിതം തന്നെയാണ്. എന്നാൽ അവിടെ സ്നേഹമില്ലായെന്ന് തെറ്റിദ്ധരിക്കരുത്. ക്രിസ്തുവിനായി കുരിശെടുക്കേണ്ട ജീവിതമാണ് എന്നാൽ കുരിശ് താങ്ങാനായി ശിമയോനും, മുഖം തുടച്ചുതരാൻ വെറോനിക്കാമാരും ഇല്ലായെന്ന് കരുതരുത്.

പുറംലോകം കരുതുന്നതുപോലെയല്ല സന്യാസം എന്നു പറഞ്ഞുവയ്ക്കുമ്പോഴും, സന്യാസത്തിന് ഏറ്റ പുഴുക്കുത്തുകൾ ആത്മശോധനക്ക് വിധേയമാക്കേണ്ടതുണ്ട് എന്നതും സമ്മതിക്കുന്നു. സന്യാസഭവനങ്ങളിലേക്ക് കുഞ്ഞനുജന്മാരെയും അനുജത്തിമാരെയും സ്നേഹത്തോടെ ക്ഷണിക്കുമ്പോൾ ദേശാടനം എന്ന സിനിമയിൽ ദാസേട്ടൻ ശ്രുതിമധുരമായി പാടിവച്ചിരിക്കുന്ന വരികൾ മാത്രമെ പറഞ്ഞു തരാനുള്ളൂ.

*നിന്റെ പദചലനങ്ങൾ പ്രദക്ഷിണമാകട്ടെ*
*ദേഹം ശ്രീകോവിലാകട്ടെ*
*ദുഃഖങ്ങൾ പൂജാപുഷ്പങ്ങളാകട്ടെ*
*വചനം മന്ത്രങ്ങളാകട്ടെ*
*നിദ്ര ആത്മജ്ഞാനമാകട്ടെ*
*അന്നം നൈവേദ്യമാകട്ടെ*
*നിത്യകർമ്മങ്ങൾ സാധനയാകട്ടെ*
*ജന്മം സമ്പൂർണമാകട്ടെ!*

●

## മാക്ഫാസ്റ്റ് കോളേജിന് അഭിമാനമുഹൂർത്തം

1. എം.ജി. യൂണിവേഴ്സിറ്റിയുടെ എം.ബി.എ. പരീക്ഷയിൽ ആദ്യത്തെ 3 റാങ്കുകളും മാക്ഫാസ്റ്റിന്. ഒന്നാം റാങ്ക് അഫ്രാ ആസാദും, രണ്ടാം റാങ്ക് റിഡ്സൺ പി. ഡേവിസും കരസ്ഥമാക്കി. മൂന്നാം റാങ്ക്, കോട്ടൂർ ഇടവകാംഗങ്ങളും ഇരട്ടസഹോദരികളുമായ ജോസ്മി ജോസ്, ജോസ്നി ജോസ് എന്നിവർ കരസ്ഥമാക്കി. ആദ്യ 10 റാങ്കുകളിൽ 4, 5 റാങ്കുകളൊഴികെ 8 റാങ്കുകളും ഇത്തവണ മാക്ഫാസ്റ്റിനാണ് ലഭിച്ചത്.

2. മാക്ഫാസ്റ്റ് കോളജിലെ അസി. പ്രൊഫസർ ആയ ബിജു ധർമ്മപാലൻ ഈ വർഷത്തെ പി. റ്റി. ഭാസ്കരപണിക്കർ ഫെലോഷിപ്പിന് അർഹനായി. ഒരു ലക്ഷം രൂപയാണ് ഫെലോഷിപ്പ് തുക.

3. മാക്ഫാസ്റ്റ് കോളേജിലെ അസി. പ്രൊഫസർ റ്റെറി ജേക്കബ് മാത്യു, കംപ്യൂട്ടർ സയൻസിൽ പി.എച്ച്.ഡി. നേടി.

**ഏവർക്കും അഭിനന്ദനങ്ങൾ!**




**ജോസ്മി ജോസ് പുളിയങ്കീഴ്**



**ജോസ്നി ജോസ് പുളിയങ്കീഴ്**

**എം.ബി.എ. പരീക്ഷയിൽ മൂന്നാം റാങ്കുനേടിയ കോട്ടൂർ ഇടവകാംഗങ്ങളായ ഇരട്ടസഹോദരങ്ങൾ**





റവ. ഫാ. മാത്യു പഞ്ഞിക്കാട്ടിൽ

# അച്ചാ, ദൈവം തന്റെ ശുശ്രൂഷയ്ക്ക് ഒരുവനെ വിളിക്കുന്നുവെന്ന് അറിയുന്നതെങ്ങനെയാണ്?

**ഇ**ടവകപ്പള്ളിയിലെ വികാരിയച്ചൻ ഒരു ഇടദിവസം രാവിലെ പള്ളിയിലെ ശുശ്രൂഷകളെല്ലാം കഴിഞ്ഞ് കാപ്പി കുടിച്ച് പള്ളിമേടയിൽ പത്രങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ഇടവകാംഗവും, എം.സി.വൈ.എം. സജീവപ്രവർത്തകനുമായ യോഹൻ കയറിവരുന്നു.

**വികാരിയച്ചൻ :** യോഹൻ, സ്വാഗതം, അഭിനന്ദനങ്ങൾ. പ്രീഡിഗ്രി പരീക്ഷക്ക് ഡിസ്റ്റിംഗ്ഷൻ ലഭിച്ചതിൽ വളരെ സന്തോഷം. ഞാൻ ഇപ്പോൾത്തന്നെ യോഹന്റെ വീട്ടിലേക്ക് വരാനിരിക്കയായിരുന്നു. എന്റെ സന്തോഷം മാതാപിതാക്കളെയും, സഹോദരങ്ങളെയും അറിയിക്കുമല്ലോ.

**യോഹൻ :** അച്ചാ, വളരെ നന്ദി. ദൈവത്തിന്റെ അനുഗ്രഹംകൊണ്ട് ഇത്രയുമൊക്കെ ലഭിച്ചു. അച്ചനും എനിക്കുവേണ്ടി, ദൈവത്തിന് നന്ദി അർപ്പിക്കണം.

**അച്ചൻ :** തീർച്ചയായും എന്റെ കടമ കൂടിയാണല്ലോ അത്.

**യോഹൻ :** അച്ചോ, ഒരു പ്രത്യേക കാര്യം ആലോചിക്കാനും, വളരെയേറെ സംശയങ്ങൾ പരിഹരിക്കാനും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്.

**അച്ചൻ :** വളരെ നല്ലത്. യോഹൻ ഇവിടെ ഇരിക്കൂ.

**യോഹൻ:** എനിക്ക് തിരിച്ചറിവുവന്ന കാലംമുതൽ കർത്താവിനുവേണ്ടി ജോലി ചെയ്യണമെന്നും, നല്ല ഒരു മിഷനറി ആകണമെന്നും, കർത്താവിന്റെ രക്ഷ എല്ലാവർക്കും പകർന്നു കൊടുക്കണമെന്നും, അതിനു വേണ്ടി മരിക്കേണ്ടി വന്നാലും സന്തോഷത്തോടുകൂടി മരിക്കണമെന്നുമാണ് എന്റെ ഉള്ളിന്റെ ഉള്ളിലെ ആഗ്രഹം ലോകത്തിന്റെ സുഖസൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച്, വി. ഫ്രാൻസിസ് അസ്സീസ്സിയെപ്പോലെ കർത്താവിനുവേണ്ടി ജീവിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്റെ ഈ ആഗ്രഹം ഇതുവരെയും, ആരെയും അറിയിച്ചിട്ടില്ല. ഇപ്പോൾ അച്ചനോട് ഈ കാര്യം അറിയിക്കുകയാണ്.

**അച്ചൻ :** നന്നായിരിക്കുന്നു. സംസാരിച്ചോളൂ.

**യോഹൻ :** ദൈവത്തിന്റെ ജോലിക്ക് ദൈവം വിളിക്കണമെന്നെനിക്കറിയാം. ''നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ. 15:16) എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തത്. കർത്താവ് എന്നെ തെരഞ്ഞെടുക്കുന്നുവെന്നതിന് എനിക്ക് തെളിവെന്താണ് ലഭിക്കുക?

**അച്ചൻ :** ദൈവം ചിലരെയൊക്കെ നേരിട്ടു വിളിച്ച

തായി നാം വി. ഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. മോശയും, ശമുവേലും മറ്റു പ്രവാചകന്മാരും പഴയനിയമത്തിലെ ഉദാഹരണങ്ങളാണ്. നമ്മുടെ കർത്താവ്, ശിഷ്യന്മാരെ വിളിച്ചത് പുതിയനിയമത്തിലെ ഉദാഹരണങ്ങളാണ്. എന്നാൽ കൂടുതൽ ശുശ്രൂഷകരെയും, മിഷനറിമാരെയും ദൈവം നേരിട്ടു വിളിച്ചതായി കാണുന്നില്ല. അവർ സാഹചര്യങ്ങളും, മറ്റു മനുഷ്യരും, വിവിധ സംഭവങ്ങളുമൊക്കെ, അവരുടെ വിളിയുടെ കാരണങ്ങളായി മനസ്സിലാക്കി. വി. ഫ്രാൻസിസ് സേവ്യറുടെ വിളിക്ക് കാരണമായി ഭവിച്ചത് വി. ഇഗ്നേഷ്യസ് ലയോളയുമായുള്ള സ്നേഹബന്ധമാണ്. വി. അബ്രോസ് മിലാൻ പ്രവിശ്യയുടെ ഗവർണ്ണറായിരുന്നു. കത്തോലിക്കരും ആര്യൻ ഗ്രൂപ്പും തമ്മിൽ മെത്രാൻ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിലെ വഴക്കു തീർക്കുവാൻവേണ്ടി ചെന്നപ്പോൾ കുട്ടികൾ വിളിച്ചു പറഞ്ഞു അബ്രോസ് മെത്രാനാകണമെന്ന്. അതോടുകൂടി എല്ലാവരും വിളിച്ചു പറഞ്ഞു: അബ്രോസ് മെത്രാനാകണമെന്ന്. ദൈവത്തിന്റെ വിളിയായി അദ്ദേഹം അതു സ്വീകരിച്ചു. തന്റെ സമ്പത്തെല്ലാം ദരിദ്രർക്ക് നൽകിയിട്ട്, വിശുദ്ധനും, പണ്ഡിതനുമായ സിംപ്ലിച്ചിയാത്തുസ് എന്ന പുരോഹിതന്റെ അടുക്കൽ വൈദിക പരിശീലനം നേടി. വൈദികനും മെത്രാനുമായി. വി. അബ്രോസിന്റെ ഭരണത്തോടുകൂടി ഇറ്റലിയിൽ ആര്യൻ ശീശ്മ ഇല്ലാതായി.

**യോഹൻ :** ഇതെല്ലാം എനിക്കു മനസ്സിലായി. എന്നാൽ എനിക്ക് ദൈവവിളിയുണ്ടോയെന്ന് എങ്ങനെ മനസ്സിലാക്കാം.

**അച്ചൻ :** അക്കാര്യം പറയാൻവേണ്ടിയാണ് മേല്പറഞ്ഞ കാര്യം പറഞ്ഞത്. യോഹന് വൈദികനാകണമെന്ന് നല്ല ആഗ്രഹമുണ്ടല്ലോ? എന്നാൽ വെറും ആഗ്രഹം ഉണ്ടായാൽ പോരാ, ആഗ്രഹം അനുസരിച്ച് ജീവിക്കാൻ സഹകരിക്കയും ചെയ്യണം.

**യോഹൻ :** ഞാൻ എന്റെ കഴിവും, സാഹചര്യവുമനുസരിച്ച് ശ്രമിക്കുന്നുണ്ട്. പള്ളിയിലെ എല്ലാക്കാര്യങ്ങളിലും, എം.സി.വൈ.എം. ന്റെ കാര്യങ്ങളിലും നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന കാര്യം അച്ചന് അറിയാമല്ലോ.

**അച്ചൻ :** അക്കാര്യം എനിക്ക് അറിയാം. അതിൽ ഞാൻ സന്തോഷിക്കുന്നു.

**യോഹൻ :** മാത്രമല്ല വിശ്വാസപരമായ കാര്യങ്ങൾ എന്റെ സാഹചര്യമനുസരിച്ച് ആഴമായി മനസിലാക്കാൻ ഞാൻ ശ്രമിക്കുന്നു. വിശ്വാസപരമായ പുസ്തകങ്ങളും വിശുദ്ധരുടെയും മിഷനറിമാരുടെയും ചരിത്രങ്ങളും മനസ്സിരുത്തി വായിച്ച് അവരെപ്പോലെ ആകുവാൻ ഞാൻ ശ്രമിക്കുന്നു. ദുഷ്ട കൂട്ടുകെട്ടുകളിൽ പെടാതിരിക്കാൻ ശ്രമിക്കുന്നു. പാപത്തിലേക്കു നയിക്കുന്ന വീഡിയോ, മൊബൈൽ, കംപ്യൂട്ടർ തുടങ്ങിയ സാഹചര്യങ്ങളിൽ പെടാതിരിക്കുവാൻ ശ്രമിക്കുന്നു. എല്ലാ ദിവസവും വി. ബൈബിളിലെ ഏതാനും അദ്ധ്യായങ്ങളെങ്കിലും വായിക്കുവാൻ ശ്രമിക്കുന്നു. വി. കുമ്പസാരം, വി. കുർബാന, വി. കുർബാനസ്വീകരണം തുടങ്ങിയവയിലൂടെ കൂദാശാജീവിതം നയിക്കുന്നു.

**അച്ചൻ :** ഇതെല്ലാം വളരെ നല്ല കാര്യം. എന്നാൽ നാം ഒരു കാര്യം മനസ്സിലാക്കണം. ദൈവത്തിന് ഓരോരുത്തരെയുംകുറിച്ച് പ്ലാനും പദ്ധതിയും ഉണ്ട്. അതിന് സഹകരിക്കുകയാണ് നമ്മുടെ ചുമതല. യോഹൻ ഇപ്പോൾ ചെയ്യുന്ന കാര്യങ്ങളെല്ലാം ദൈവത്തിന്റെ പ്ലാനിനോടും പദ്ധതിയോടും സഹകരിക്കുന്നതിന് സഹായിക്കും. സംശയമില്ല. എന്നാൽ ഒരു കാര്യം മനസ്സിലാക്കുക. നമ്മുടെ ആഗ്രഹമനുസരിച്ച് ദൈവം എപ്പോഴും പ്രവർത്തിക്കണമെന്നില്ല. ഉദാഹരണം വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളാണ്. വി. കൊച്ചുത്രേസ്യായുടെ പിതാവ് വിശുദ്ധനായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം വൈദികനാകുന്നതിനുവേണ്ടി സെമിനാരിയിൽ ചേർന്നു. എന്നാൽ അദ്ദേഹത്തിന് ദൈവവിളിയില്ലെന്നു പറഞ്ഞ് തിരിച്ചുവിട്ടു. അദ്ദേഹം അതു ദൈവഹിതമായി സ്വീകരിച്ച് തിരിച്ചുപോന്നു. അതുപോലെ വിശുദ്ധയുടെ അമ്മയും വിശുദ്ധയായ ഒരു യുവതിയായിരുന്നു. അവർ മഠത്തിൽ ചേർന്നു സന്യാസിനിയാകുവാൻ ആഗ്രഹിച്ചു. അവർക്കും ദൈവവിളിയില്ലെന്നു പറഞ്ഞു അധികാരികൾ തിരിച്ചുവിട്ടു. അവരും അതു ദൈവഹിതമായി അംഗീകരിച്ചു. ദൈവപരിപാലനയിൽ അവർ തമ്മിൽ പിന്നീട് വിവാഹിതരായി. തന്മൂലം വലിയ വിശുദ്ധരെ സഭയ്ക്കു ലഭിച്ചു. ഈ മാതാപിതാക്കന്മാരെ വിശുദ്ധരായി സഭ പ്രഖ്യാപിക്കുകയും ചെയ്തു.

**യോഹൻ :** അതുകൊണ്ട് എനിക്ക് ആഗ്രഹമുണ്ടെങ്കിലും, ദൈവവിളിയില്ലെന്നാണോ അച്ചൻ പറയുന്നത്.

**അച്ചൻ :** അല്ല. ജീവിതത്തിന്റെ ഒരുവശം ചൂണ്ടിക്കാണിച്ചുവെന്നുമാത്രം. കൂടുതൽ കാര്യം ഞാൻ പറയാൻ പോകുകയാണ്.

**യോഹൻ :** അതുകേൾക്കാൻ താല്പര്യപ്പെട്ടു ഇരിക്കയാണ്.

**അച്ചൻ :** വൈദികനോ, സന്യാസിയോ, സന്യാസിനിയോ ആകുന്നതിന്, നല്ല ആഗ്രഹവും, സഹകരണവും വേണം. അത്യാവശ്യമാണ്. എന്നാൽ ദൈവം നമ്മെ വിളിക്കണം. ആ വിളിക്ക് സഹകരണവും നല്കണം. ദൈവത്തിന്റെ വിളി conditional – ആപേക്ഷികമാണ്. നമ്മുടെ സഹകരണത്തെ ആശ്രയിച്ചാണ് ഫലമുണ്ടാകുന്നത്.

**യോഹൻ :** അച്ചൻ അതൊന്നു വിശദീകരിക്കാമോ?

**അച്ചൻ :** ദൈവം ഒരാളെ വിളിക്കുമ്പോൾ അയാൾക്ക് പ്രിയപ്പെട്ടതായ പലതും ഉപേക്ഷിക്കാൻ ആവശ്യപ്പെടും. വിളിക്കപ്പെടുന്ന ആൾ അതിന് തയ്യാറാവണം. ഉദാ. അബ്രഹാമിന്റെ വിളി. ''നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവ

നത്തെയും വിട്ട് ഞാൻ കാണിച്ച് തരുന്ന നാട്ടിലേക്കു പോകുക'' (ഉല്പത്തി 12:1). അതോടുകൂടി വാഗ്ദാനവും ഉണ്ട്. ''ഞാൻ നിന്നെ വലിയൊരു ജനതയാക്കും...നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതരാകും'' (ഉല്പത്തി 12:2-3). അബ്രഹാം ദൈവത്തിന്റെ വിളി സ്വീകരിച്ചു. ''കർത്താവ് കല്പിച്ചതനുസരിച്ച് അബ്രഹാം പുറപ്പെട്ടു'' (ഉല്പത്തി 12:4). ഈ സന്നദ്ധതയാണ് ദൈവം വിളിക്കുന്നവരിൽനിന്ന് പ്രതീക്ഷിക്കുന്നത്.

''വലിയ ജനക്കൂട്ടങ്ങൾ അവന്റെ അടുത്ത് വന്നു. അവൻ തിരിഞ്ഞ് അവരോട് പറഞ്ഞു. സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്ത് വരുന്ന ആർക്കും എന്റെ ശിഷ്യരായിരിക്കുവാൻ സാധിക്കുകയില്ല. സ്വന്തം കുരിശ് വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായി തീരുവാൻ കഴിയുകയില്ല (ലൂക്കാ 14:25-28). ഈ കാര്യം വ്യക്തമാക്കാനായിട്ടാണ് ഗോപുരം പണിയുന്നവന്റെയും, യുദ്ധത്തിന് പുറപ്പെടുന്ന രാജാവിന്റെയും ഉപമകൾ (ലൂക്കാ 14:28-32) നമ്മുടെ കർത്താവ് അരുളി ചെയ്തത്.

**യോഹൻ :** അച്ചോ എന്നെ ദൈവം വിളിക്കുകയാണെങ്കിൽ എന്തും ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറാണ്.

**അച്ചൻ :** വളരെ നല്ലത്. എന്നാൽ ഇന്ന് ദൈവം ഒരാളെ വിളിക്കുമ്പോൾ ഉപേക്ഷിക്കേണ്ടത് ഇന്നത്തെ ലോകത്തിന് ഏറ്റവും പ്രിയപ്പെട്ടവയാണ്. അവയെപ്പറ്റി നല്ല ബോദ്ധ്യം ഉണ്ടാകുന്നതിനു വേണ്ടി ചില കാര്യങ്ങൾ പറയാം. പുതിയനിയമത്തിൽ നാം ദൈവവിളി സ്വീകരിക്കുന്നത് നമ്മുടെ കർത്താവിനെ ഏറ്റം അടുത്ത് അനുഗമിക്കാൻ വേണ്ടിയാണ്. ഒരു കാര്യം ഓർക്കണം ദൈവവിളി എന്നു പറയുമ്പോൾ സന്യാസിയോ വൈദികനോ ആകാനുള്ള വിളി മാത്രമല്ല, ഒരു ക്രിസ്ത്യാനിയായി ജീവിക്കാനുള്ള വിളിയും ദൈവവിളിതന്നെയാണ്. ഒരു ക്രിസ്ത്യാനിയുടെ വിളിയിലും ഉപേക്ഷിക്കൽ ഉണ്ട്. എന്നാൽ വ്യത്യാസം ഗ്രേഡിലാണ്. ക്രിസ്ത്യാനി ലോകത്തിൽ ജീവിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ അരൂപി തന്റെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നു. എന്നാൽ വൈദികനും സന്യാസിയും ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ യേശുക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുഗമിക്കാനും അനുകരിക്കാനും ശ്രദ്ധിക്കുന്നു. ഇതു കൂടുതൽ ത്യാഗം ആവശ്യപ്പെടുന്നു. ദൈവവിളി സ്വീകരിക്കുന്ന ആൾ ജീവിതകാലം മുഴുവൻ തന്റെ നഷ്ടത്തെപ്പറ്റി, ലൗകികസന്തോഷങ്ങളുടെ നഷ്ടം ചിന്തിച്ച് ദുഃഖിതനായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഈ നഷ്ടം ഒരു ഭാഗ്യമായി കരുതി സന്തോഷിക്കുവാൻ ഇടയാകണം.

**യോഹൻ :** അച്ചാ, ഇതിനെല്ലാം ഞാൻ സന്നദ്ധനാണ്. എന്നാൽ എനിക്ക് ദൈവവിളി ഉണ്ടോ എന്ന് ഞാൻ അറിയുന്നത് എങ്ങനെ?

**അച്ചൻ :** ഈ ആഗ്രഹവും സന്നദ്ധതയും ഉണ്ടല്ലോ. ഇതെല്ലാം ദൈവം തന്നതാണ്. വൈദികജീവിതത്തെക്കുറിച്ചും പല സന്യാസസഭാജീവിതത്തെക്കുറിച്ചും അന്വേഷിച്ച് ഇഷ്ടമുള്ളിടത്തേക്ക് വികാരിയുടെ ശുപാർശയുമായി അപേക്ഷ അയക്കുക. അവർ ആ അപേക്ഷ സ്വീകരിച്ച് വേണ്ട അന്വേഷണങ്ങൾക്കുശേഷം പരിശീലനത്തിനായി തിരഞ്ഞെടുക്കും. പരിശീലന കാലത്ത് തന്റെ വിളി ഇതല്ലെന്ന് തോന്നുകയോ, ലൗകികജീവിതമാണ് തന്റെ വിളിയെന്നു തോന്നുകയോ ചെയ്താൽ, പ്രാർത്ഥനാപൂർവ്വം ആദ്ധ്യാത്മിക പിതാവിനോട് ആലോചിച്ച് ഒരു നിശ്ചയം എടുക്കാം. വൈദികജീവിതമോ സന്യാസജീവിതമോ ആണ് ദൈവഹിതമെന്ന് ബോധ്യപ്പെട്ടാൽ തുടർന്ന് പരിശീലനത്തിന് സഹകരിക്കുക. തന്റെ വിളി ഇതല്ലെന്ന് ബോധ്യപ്പെട്ടാൽ അധികാരികളെ വിവരം അറിയിച്ച് തിരിച്ച് പോരുക. യോഹൻ പരിശീലനത്തിൽ തുടരുകയും സഹകരിക്കുകയും ചെയ്താൽ ദൈവവിളി ഉണ്ടെന്ന് അധികാരികളും മനസ്സിലാക്കും. ദൈവികപട്ടാഭിഷേകത്തിന് ഒരുങ്ങി നില്ക്കുമ്പോൾ, മെത്രാൻ തിരുസഭയിൽ വൈദികനാകാൻ ദൈവം നിന്നെ വിളിക്കുന്നു എന്ന് പറഞ്ഞ് കൈയ്യിൽ പിടിച്ച് മുന്നോട്ട് നീക്കി നിർത്തുന്നു. ഇതാണ് വിളിയുടെ അവസാനഭാഗം. അപ്പോൾ ആഗ്രഹമുണ്ട്, യോഹൻ സഹകരിക്കുന്നു. പരിശീലനത്തിന് അപേക്ഷിക്കുന്നു. വിളിയിലും പരിശീലനത്തിലും സഹകരിക്കുന്നു. അധികാരികൾ ദൈവവിളി ഉണ്ടെന്ന് പരിഗണിച്ച് വൈദികപട്ടാഭിഷേകത്തിനോ വ്രതവാഗ്ദാനത്തിനോ തിരഞ്ഞെടുക്കുന്നു. അവസാനം മെത്രാനോ സന്യാസസുപ്പിരീയറോ അനുവദിച്ച് വൈദികപട്ടം നല്കുക, വ്രതവാഗ്ദാനം സ്വീകരിക്കുക. ഇവയൊക്കെയാണ് ഒരാൾക്ക് ദൈവവിളി യുണ്ടെന്നതിന് തെളിവ്. ആത്മാർത്ഥമായി ഇതിനെല്ലാം സഹകരിച്ച് മുന്നോട്ട് പോയയാൾ തന്റെ വിളിയെപ്പറ്റി സംശയിക്കുകയോ പിൻതിരിയുകയോ ചെയ്യാൻ പാടില്ല. അത് അവിശ്വസ്തതയാണ്.

**യോഹൻ :** അച്ചോ, വളരെ നന്ദി. ഇത്രയും പറഞ്ഞതിൽനിന്ന് എനിക്ക് പല കാര്യങ്ങളിലും വെളിച്ചം ലഭിച്ചു. എനിക്ക് ദൈവവിളി ഉണ്ടെന്നാണ് എന്റെ ബോധ്യം. അതിനോട് സഹകരിക്കാമെന്നും പ്രതീക്ഷിക്കുന്നു. ഇനി എവിടെയെങ്കിലും അഡ്മിഷൻ ലഭിക്കുവാൻ അച്ചൻ എന്നെ സഹായിക്കണം. രൂപതാവൈദിക ജീവിതത്തെക്കുറിച്ചും, പല സന്യാസസഭകളെക്കുറിച്ചും അച്ചൻ വേണ്ട അറിവ് നല്കണം.

**അച്ചൻ :** വളരെ സന്തോഷം. എല്ലാ കാര്യത്തിലും ഞാൻ സഹായിക്കാം.

**യോഹൻ :** സന്യസ്തർക്ക് വ്രതമെടുക്കണമെന്നും, വൈദികർക്ക് വ്രതമില്ലെന്നും ഒക്കെ ടിവി ചർച്ചയിൽ കേട്ടല്ലോ. എന്താണ് വാസ്തവം?

**അച്ചൻ :** എല്ലാ ക്രിസ്ത്യാനികളും അവരവരുടെ സാഹചര്യമനുവദിക്കുന്നതുപോലെ യേശുവിനെ അനുഗമിക്കുവാനും, യേശുവിന്റെ മാതൃക അനുസരിച്ച് ജീവിക്കുവാനും, മാമോദീസായിൽതന്നെ വ്രതം എടുക്കുന്നുണ്ട്. ജന്മപാപത്തിന്റെ ഫലമായി മനുഷ്യസ്വഭാവം വികലമായി, തിന്മയിലേക്ക് ചരിഞ്ഞുപോയി. മാമോദീസായിലൂടെയും മറ്റു കൂദാശകളിലൂടെയും ലഭിക്കുന്ന ദൈവിക കൃപകൊണ്ട് ഈ വികലതയെയും ദുഷ്പ്രവണതകളെയും ജയിച്ച്, പുണ്യത്തിൽ വളരുവാൻ മനുഷ്യർക്ക് സാധിക്കും. വികലമായ മനുഷ്യസ്വഭാവത്തിന് ഏറ്റം പ്രയാസമായ മൂന്ന് പുണ്യങ്ങളാണ് അനുസരണവും, ദാരിദ്ര്യവും, ബ്രഹ്മചര്യവും.

**യോഹൻ :** ഈ മൂന്ന് പുണ്യങ്ങളുടെയും അർത്ഥം വിശദീകരിക്കാമോ?

**അച്ചൻ :** തീർച്ചയായും - ദൈവത്തെക്കാൾ കൂടുതലും, ദൈവത്തിന് പകരമായും സമ്പത്തിനെ സ്നേഹിക്കുന്ന പ്രവണതയാണ് ദ്രവ്യാഗ്രഹം. സമ്പത്ത് ദൈവത്തിന്റെ ദാനമാണെന്നും, ഈലോകജീവിതത്തിന് ഒരു മാർഗം മാത്രമാണെന്നും ഗ്രഹിച്ച്, ദൈവഹിതപ്രകാരംമാത്രം അതു നേടുകയും ഉപയോഗിക്കുകയും ചെയ്യുക ആയിരിക്കണം ക്രിസ്ത്യാനിയുടെ ജീവിതരീതി. ഇതിൽ കൂടുതൽ തനിക്ക് സ്വന്തമായി സമ്പത്ത് വേണ്ടെന്നും, താൻ നേടുന്നത് സന്യാസസമൂഹത്തിന്റേതാണെന്നും, തന്റെ ആവശ്യങ്ങൾ സുപ്പീരിയറോട് ചോദിച്ച് ലഭിക്കുന്നതുമാത്രം മതിയെന്നും നിശ്ചയിച്ച്, ആഡംബരത്തിനും സുഖസൗകര്യങ്ങൾക്കും വേണ്ടിയല്ല സമ്പത്തെന്നും ജീവിതത്തിന് അത്യാവശ്യമായതുകൊണ്ട് തൃപ്തിപ്പെടാമെന്നും സമ്മതിച്ച് വാഗ്ദാനം ചെയ്യുന്നതാണ് സന്യാസദാരിദ്ര്യം. ''കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല'' (ലൂക്കാ 10:58) എന്നു പറഞ്ഞ യേശുതമ്പുരാനോട് കൂടുതൽ അനുരൂപരാകാനാണ് സന്യസ്തർ ദാരിദ്ര്യവ്രതം നിർബന്ധംമൂലമല്ലാതെ സ്വമനസ്സാൽ എടുക്കുന്നത്.

**യോഹൻ :** ഇടവക വൈദികരെ സംബന്ധിച്ച് ദാരിദ്ര്യവ്രതം എപ്രകാരമാണ്?

**അച്ചൻ :** എല്ലാ ക്രിസ്ത്യാനികൾക്കും സമ്പത്തിനെക്കുറിച്ച് വേണ്ട മനോഭാവം തന്നെയാണ് രൂപതാവൈദികർക്കും വേണ്ടത്. എന്നാൽ അവർ സാധാരണ ക്രിസ്ത്യാനികളെക്കാൾ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കേണ്ടവരാകയാൽ ആഡംബരവും സുഖസൗകര്യങ്ങളും ഒരിക്കലും അന്വേഷിക്കരുത്. ദൈനംദിനജീവിതത്തിലെ ആവശ്യങ്ങൾക്കും, തന്റെ ചുമതല നിർവഹിക്കാൻ ആവശ്യമായവക്കും വേണ്ടവകൊണ്ട് രൂപതാവൈദികൻ തൃപ്തിപ്പെടുത്തണം. കൂടുതൽ ലഭിക്കുന്നെങ്കിൽ അത് പാവങ്ങൾക്കുള്ളതാണ്.

**യോഹൻ :** വളരെ നന്ദി. ഇനി ബ്രഹ്മചര്യവ്രതത്തെപ്പറ്റി അല്പം പറയാമോ?

**അച്ചൻ :** പറയാം. ആദ്യപാപംമൂലം മനുഷ്യവർഗം മുഴുവൻ തനിക്കുതന്നെ എതിരായി തിരിഞ്ഞു. ദൈവം നല്കിയ നല്ല പ്രവണതകൾപോലും വഴിതെറ്റി, തെറ്റായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. അങ്ങനെ വഴിതെറ്റി തിന്മയ്ക്ക് പ്രേരിപ്പിക്കുന്ന ഒരു പ്രധാന പ്രവണതയാണ് ലൈംഗികത. ദൈവം തന്ന പ്രവണതകൾ ദൈവപദ്ധതി അനുസരിച്ച് മാത്രം ഉപയോഗിക്കുവാൻവേണ്ടിയാണ്. യേശുക്രിസ്തു മനുഷ്യത്വത്തിൽ പാപം ഒഴികെ മറ്റെല്ലാറ്റിനും നമ്മോട് തുല്യനായി. അവിടുന്ന് പിതാവിന്റെ ഹിതം ചെയ്യുന്നു. നമ്മെ രക്ഷിക്കുവാനായി മനുഷ്യാവതാരം ചെയ്തു. ലൈംഗികതയെ അടിച്ചമർത്തിയല്ല, യേശുവിനെപ്പോലെ പൂർണമായി സ്വയം, പിതാവിന് നല്കുവാൻവേണ്ടി ലൈംഗികസന്തോഷവും, വിവാഹജീവിതത്തിലെ അനുവദനീയമായ സന്തോഷവും സ്വമനസ്സാ വേണ്ടെന്നു നിശ്ചയിച്ച് സന്യാസി ബ്രഹ്മചര്യവ്രതം സ്വീകരിക്കുന്നു. ബ്രഹ്മചര്യവ്രതം സ്വീകരിച്ച ആൾ ''കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തല്പരനാകുന്നു'' (1 കൊറിന്തോസ് 7:32).

**യോഹൻ :** ആദിമസഭയിൽ പുരോഹിതരും മെത്രാന്മാർപോലും വിവാഹിതരായിരുന്നല്ലോ. അകത്തോലിക്കാസഭകളിലെല്ലാം പുരോഹിതർ വിവാഹിതരാണല്ലൊ.

**അച്ചൻ :** ആദിമസഭയിൽ അങ്ങനെ ആയിരുന്നു. ശരിയാണ്. അതുകൊണ്ട് വൈദികരും മെത്രാന്മാരും അവിവാഹിതരായിരിക്കണമെന്നത് ഒരു ദൈവനിയമമല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കുമെന്ന് യോഹന്നാൻ 16:13 ൽ കർത്താവ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. കർത്താവിന്റെ രക്ഷ പകർന്നു കൊടുക്കാനായി മുഴുവൻ സമയവും, സർവ്വകഴിവും കർത്താവിനുവേണ്ടി നല്കുന്നവരെ കർത്താവ് സഭയിൽ ഉയർത്തി. സഭയിൽ അങ്ങനെ ഒരു നിയമം ഉണ്ടാകുവാൻ പരിശുദ്ധാത്മാവ് കാരണമാക്കി.

**യോഹൻ :** അനുസരണത്തെപ്പറ്റിക്കൂടി അല്പം വിശദീകരിക്കാമോ?

**അച്ചൻ :** ആദിപാപം അനുസരണക്കേട് ആയിരുന്നല്ലോ. എല്ലാ പാപവും അനുസരണക്കേടാണ്. അനുസരണംകൊണ്ടാണ് പാപത്തിന് പ്രതികാരം ചെയ്യേണ്ടത്. യേശു ലോകത്തിലേക്ക് വന്നത് പിതാവിനെ അനുസരിച്ച് മനുഷ്യർക്ക് പാപപരിഹാരം ചെയ്യാനാണ്. യേശുവിനെ അനുകരിച്ച് അനുസരണവാഗ്ദാനംവഴി സന്യസ്തൻ തന്റെ അധികാരികളെ എല്ലാ കാര്യങ്ങളിലും അനുസരി

ക്കുന്നു. സ്വമനസ്സാലെ എല്ലാവരും അനുസരിക്കേണ്ട ദൈവകല്പനകളും തിരുസഭയുടെ കല്പനകളും കൂടെയാണിത്.

**യോഹന്‍ :** ഇടവക വൈദികരെ സംബന്ധിച്ച് അനുസരണം എങ്ങനെയാണ്?

**അച്ചന്‍ :** ഓരോ ഇടവക വൈദികനും തന്റെ മെത്രാനെ അനുസരിക്കാന്‍ കടപ്പെട്ടിരിക്കുന്നു.

**യോഹന്‍ :** ചിലരൊക്കെ വ്രതങ്ങള്‍ക്കെതിരായി പ്രവര്‍ത്തിച്ച് ഉതപ്പ് കൊടുക്കുന്നതായി കേള്‍ക്കാറുണ്ടല്ലോ.

**അച്ചന്‍ :** പിതാവില്‍നിന്ന് വരം ലഭിച്ചല്ലാതെ എന്റെ അടുക്കലേക്ക് വരാന്‍ ആര്‍ക്കും കഴിയുകയില്ല (യോഹന്നാന്‍ 6:65) എന്നാണ് നമ്മുടെ കര്‍ത്താവ് പറഞ്ഞിരിക്കുന്നത്. കര്‍ത്താവ് വിളിക്കണം, വിളി സ്വീകരിക്കണം, വിളിയോട് സ്ഥിരമായി സഹകരിക്കണം. എളിമയും ദൈവവിശ്വാസവും ദൈവശരണവും പ്രാര്‍ത്ഥനയും ത്യാഗസന്നദ്ധതയും ജീവിതവിശുദ്ധിയുമൊക്കെ ഉണ്ടെങ്കിലെ ദൈവവിളിയിലും വ്രതവാഗ്ദാനങ്ങളിലും ഉറച്ച് നില്ക്കുവാന്‍ സാധിക്കൂ. ചിലര്‍ തെറ്റില്‍ വീണെന്നു കരുതി മഹാഭൂരിപക്ഷം വിശ്വസ്തരല്ലേ? തെറ്റില്‍ വീണവര്‍ അനുതപിച്ച് വിളിയിലേക്കും വിശ്വസ്തതയിലേക്കും വരുന്നുണ്ടല്ലോ. ദൈവം നല്കിയ സ്വാതന്ത്ര്യം എല്ലാവര്‍ക്കും ഉണ്ട്. വാഗ്ദാനം ഉപേക്ഷിക്കുവാനും, പാപം ചെയ്യുവാനുംവരെ സ്വാതന്ത്ര്യം ഉണ്ടല്ലോ. അവര്‍ക്ക് ദൈവം ശിക്ഷ നല്കും. നിത്യജീവന്‍ നഷ്ടപ്പെടും. ഉതപ്പ് ഒഴിവാക്കാനായി ഒന്നുകില്‍ അനുതപിച്ച് തിരിച്ച് വരിക. അല്ലെങ്കില്‍ ലോകത്തിലേക്ക് തിരിച്ച് പോകുക എന്ന് സഭയും ആവശ്യപ്പെടും. ഇന്ന് ആര്‍ക്കും ആരെപ്പറ്റിയും എന്തും പറയാമെന്ന അവസ്ഥ വന്നിരിക്കുന്നു. അതുകൊണ്ട് വ്യക്തമായ തെളിവില്ലാതെ സഭയ്ക്ക് പ്രവര്‍ത്തിക്കാന്‍ സാധിക്കുകയില്ലല്ലോ.

**യോഹന്‍ :** നമ്മുടെ സിസ്റ്റേഴ്സിനെ സംരക്ഷിക്കണമെന്ന് പറഞ്ഞ് ഒരു കൂട്ടര്‍ ഇറങ്ങിയിട്ടുണ്ടല്ലോ. അതിനെപ്പറ്റി അച്ചന്‍ എന്തുപറയുന്നു?.

**അച്ചന്‍ :** സഭയെ സ്നേഹിക്കുന്നവനെ സഭ സംരക്ഷിക്കുന്നില്ലേ? സഭ ചെയ്യുന്ന സംരക്ഷണം പോലെ വേറെ ആരെങ്കിലും ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കണം. എന്നാല്‍ സ്വമേധയാ യെടുത്ത വ്രതങ്ങളും മറ്റും ലംഘിച്ചിട്ട് സന്യാസ നിയമങ്ങള്‍ക്കെതിരായി പ്രവര്‍ത്തിക്കുന്നവര്‍ക്ക് ഇഷ്ടംപോലെ പ്രവര്‍ത്തിക്കാന്‍ സഭയും സന്യാസസഭയും അനുവദിക്കണമോ?. സഭയെ ദുഷ്കീര്‍ത്തിപ്പെടുത്തി നശിപ്പിക്കാന്‍ ശ്രമിക്കുന്നവരോട് കൂട്ട് കൂടുന്നവരെ സന്യസ്തരായി തുടരാന്‍ അനുവദിക്കണമോ?.

**യോഹന്‍ :** അച്ചോ, വളരെ നന്ദി. ഇത്രയും സമയം എനിക്കുവേണ്ടി ചെലവഴിച്ച് ഇത്രയും കാര്യങ്ങള്‍ വ്യക്തമാക്കി തന്നുവല്ലോ. ദൈവം എന്നെ വിളിക്കുന്നുവെന്നും, അതുകൊണ്ട് വിശ്വസ്തമായി ദൈവസേവനം ചെയ്യണമെന്നും ഞാന്‍ ആഗ്രഹിക്കുന്നു. ബഹു. അച്ചന്‍ എനിക്കുവേണ്ടി പ്രാര്‍ത്ഥിക്കണം. ലക്ഷ്യത്തിലെത്താന്‍ സഹായിക്കുകയും വേണം. അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ.

●

## ആദരാഞ്ജലികള്‍




തിരുവല്ല ബഥനി പ്രോവിന്‍സിലെ ബഹു. സി. ഇഗ്നേഷ്യസ് (87) 2019 മാര്‍ച്ച് 22 ന് നിര്യാതയായി. ചെങ്ങരൂര്‍ സെന്റ് ജോര്‍ജ് ഇടവകാംഗമായ സിസ്റ്റര്‍ ഇഗ്നേഷ്യസ്, ബഹു. ജോണ്‍ ഇരുമേടയച്ചന്റെ സഹോദരിയാണ്. ബഥനി സന്യാസ സമൂഹത്തിന്റെ പ്രൊക്കുറേറ്റര്‍ ജനറലായിരുന്ന സിസ്റ്റര്‍, വിവിധ സ്കൂളുകളില്‍ ഹെഡ്മിസ്ട്രസും ആയിരുന്നു.



പത്തനംതിട്ട ഭദ്രാസനത്തിലെ സാമുവേല്‍ തൈക്കൂട്ടത്തില്‍ റമ്പാന്‍ (87), 2019 മാര്‍ച്ച് 22-ാം തീയതി ദിവംഗതനായി. 1957 ഏപ്രില്‍ 2-ാം തീയതി പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം ദീര്‍ഘനാള്‍ തിരുവനന്തപുരം മലങ്കര മേജര്‍ സെമിനാരിയിലും, സെന്റ് അലോഷ്യസ് മൈനര്‍ സെമിനാരിയിലും ആരാധനക്രമഅദ്ധ്യാപകനായിരുന്നു. മാര്‍ച്ച് 25-ാം തീയതി പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലില്‍ കബറടക്കം നടത്തി.

മെയ് 30

## നാമഹേതുക തിരുനാള്‍



മോസ്റ്റ് റവ. ഡോ. തോമസ് മാര്‍ യൗസേബിയൂസ്

## പ്രധാനപ്പെട്ട ദിവസങ്ങള്‍ 2019 മെയ്

മെയ് 05 – മലങ്കര സുറിയാനി കത്തോലിക്കാ അല്മായ ദിനം
മെയ് 26 – ദൈവവിളി ദിനം
മെയ് 30 – സ്വര്‍ഗാരോഹണം) (നമ്മുടെ കര്‍ത്താവിന്റെ സ്വര്‍ഗാരോഹണം)

## സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഹോളിസ്പിരിറ്റ് സമൂഹത്തിന് (Opus Spiritus Sancti) പ്രാർത്ഥനാപൂർവ്വമായ ആശംസകൾ.





### Programme

Thursday 2, May 2019, 11am : **Celebration of the Holy Eucharist & Dedication of Sisters**
(Presided by Most Rev. Dr. Paul Antony Mullassery, Quilon Diocese)

Saturday 4, May 2019, 8.30 am : **Golden Jubilee concluding function:**
Concelebration of the Holy Eucharist, Presided by His Beatitude Cardinal Baselios Cleemis Catholicos



ഓശാനപ്പെരുന്നാളിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്ക്,
തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ
അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നേതൃത്വം നല്കുന്നു.



ചേറ്റുകുഴി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നടന്ന കാൽകഴുകൽ ശുശ്രൂഷയ്ക്ക്
അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നേതൃത്വം നല്കുന്നു.




ട്രിവാൻഡ്രം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഏർപ്പെടുത്തിയ ചേമ്പർ എക്സലൻസ് അവാർഡ് – 2019, മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായ്ക്ക് ഗവർണർ ജസ്റ്റിസ് പി. സദാശിവം സമ്മാനിക്കുന്നു.




89–ാമത് പുനരൈക്യവാർഷികം–ബഥനി ശതാബ്ദി ആഘോഷം എന്നിവയെപ്പറ്റി ആലോചിക്കുവാൻ കോട്ടയത്തു കൂടിയ പ്രതിനിധി സമ്മേളനത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പ്രസംഗിക്കുന്നു.



അതിരൂപത എം.സി.എ. കർമ്മപദ്ധതിയുടെ ഉദ്ഘാടനം ആർച്ചുബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നിർവ്വഹിക്കുന്നു.

# REMEMBRANCE MAY



Fr Kuriakose Thalichira
Date of Demise: May 14 1982



Fr John Kunnath
Date of Demise: May 19 1989




Fr P. M. Abraham Puthenpeedikayil
Date of Demise: May 23 2004



Fr Abraham Kalakkudi
Date of Demise: May 24 2012




Fr Jacob Vazhuthalakatt
Date of Demise: May 25 1990



Fr Zacharias Kumblakkunnel
Date of Demise: May 27 1992

ഉപകാരസ്മരണ



ജിജോ മുരിയംകേരിൽ
താമസിച്ചതിന് ക്ഷമാപണം

ഉപകാരസ്മരണ



അന്നമ്മ വർഗീസ്, കുന്നന്താനം
(രോഗശാന്തി കിട്ടിയതിന്)

## വിവാഹ ഒരുക്ക സെമിനാർ 2019

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469-2603968, 94974 62813**

| | | | | |
|---|---|---|---|---|
| മെയ് | - | 7, 8, 9 | - | 21, 22, 23 |
| ജൂൺ | - | 4, 5, 6 | - | 25, 26, 27 |
| ജൂലൈ | - | 9, 10, 11 | - | 23, 24, 25 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## Matrimonial

**M 281**

മലങ്കര കത്തോലിക്ക യുവാവ്, 28/172 cm, B.Tech (CSE) CTS Company ജോലി ചെയ്യുന്നു. തിരുവല്ല അതിരൂപത. Contact : 9789403126, 8078096332

**M 282**

Malankara Catholic parents (Parish: MSCC Maalam, Kottayam) seeking suitable alliance for their twin-sons 31/180 (for both height is same). Both the boys are working in Saudi Arabia (as Staff Nurses, GNM) since four years. Parents of Malankara girls (Catholic, Orthodox and Jacobite) preferably working abroad as nurses, may contact 9495010710. E-mail: jambattu79@gmail.com

**M 283**

മലങ്കര കത്തോലിക്ക തിരുവല്ല അതിരൂപതാ യുവാവ് ജെറീഷ് സി.എൽ. (36/175cm) PDC,ഇപ്പോൾ Alukkas Photo Press ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9747763416, 9744365208

**M 284**

തിരുവല്ല അതിരൂപതാംഗമായ യുവതി (29/5.7") BA വെളുത്തനിറം. വിദ്യാസമ്പന്നരായ മലങ്കര കത്തോലിക്കാ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
Contact : 7558970240, 9961899634



39 years of educational excellence
St. Mary's Central School
(Affiliated to CBSE, New Delhi, Affiliation No. 930125)
Owned and Managed by the Catholic Archdiocese of Thiruvalla
Pazhavangadi P.O., Ranny, Pathanamthitta Dist., Kerala, PIN - 689 673, Ph :04735-226120 (O), 223630, 213375
email : stmcs2015@gmail.com website; www.stmarysranny.com
St. Mary's Central School Ranny
Patron : His Grace Dr. Thomas Mar Koorilos
(Metropolitan Archbishop of Tiruvalla)
Manager & Principal : Fr. Joseph Narimattom M.A, B.Ed
Director : Mr. Koshy P. Chacko M.Sc., M.Ed.
BISHOP MAR YOOHANON BLOCK
OUR SALIENT FEATURES
Eminent and experienced faculty
Interactive digital classrooms
Integral development through value based formation
Hostel Facility for boys and girls
Counselling to students by experts
Well equipped and spacious labs
Communicative English training by ILM Bangalore
Grand Parent's Day Celebration every year
Convocation Ceremony of UKG Students
Robotics Education by MyRobo Robotics Academy


MARIA BHAVAN ENGLISH MEDIUM SCHOOL
KUMARAKOM
2019-2020 academic year
Admission Started
Sh42, Athikkalam
Kumarakom, Kerala 686563
0481 - 2525599

Date of Publication : 1.05.2019
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
May 2019




Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Isaac Parappallil